# FOCUS

## HALF YEARLY DIGEST FOR THE LAW MAKER

Vol. L I JULY-DECEMBER 2021 No. 1



**SECRETARIAT OF THE KERALA LEGISLATURE**

## Focus – July 2021 to December 2021

I.

**നയജാലകം**


| | | |
|---|---|---|
| തമ്പി ആന്റണി | ഒത്തുപിടിച്ചാൽ ഏതു ഡാമും പോരും<br>കലാകൗമുദി, 12–19 ഡിസംബർ 2021 | .. 1-6 |
| ഡോ. കെ. ഗോപകുമാർ | ശത്രുരാജ്യമല്ല സഹകരണസംഘങ്ങൾ<br>മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഒക്ടോബർ 31 - നവംബർ 6, 2021 | .. 7-19 |
| ഡോ. ജയകൃഷ്ണൻ ടി. | ഇൻഷുറൻസ് ആരോഗ്യത്തെ വിഴുങ്ങുമോ<br>മാതൃഭൂമി ആഴ്ചപ്പതിപ്പ്, നവംബർ 28–ഡിസംബർ 4, 2021 | .. 20-26 |
| T. K. Rajalakshmi | Against the grain<br>Frontline, 3 December 2021 | .. 27-34 |
| Richa Singh | Toxic ignorance<br>Down to Earth, 16-31 October 2021 | .. 35-37 |
| Bhupender Yadav | India's Successes at COP 26<br>Down to Earth, 1-15 December 2021 | .. 38-41 |
| Shagun Kapil | Yes, Says Prime Minister<br>Down to Earth, 1-15 December 2021 | .. 42-44 |
| Trishaljit Sethi &<br>Dr. Praveen Kumari Singh | Capacity Building of PSUs<br>Yojana December 2021 | .. 45-50 |
| Yugal Jhoshi | Har Ghar Jal<br>Yojana December 2021 | .. 51-57 |
| ഡോ. കെ ഗോപകുമാർ | സംസ്ഥാന പൊതുമേഖലയിലെ വൈദ്യുത ഘനവ്യവസായ സാധ്യതകൾ<br>വിജ്ഞാനകൈരളി, ഒക്ടോബർ 2021 | .. 58-68 |
| അഡ്വ. സി. എസ്. രൂപാ | കുട്ടികളിൽ വളരുന്ന കുറ്റവാസന : നിയമപഠനം പാഠ്യപദ്ധതിയിൽ<br>വിജ്ഞാനകൈരളി, ജൂലൈ 2021 | .. 69-80 |

| | | |
|---|---|---|
| സി. എം. മുരളീധരൻ | മാതൃഭാഷ: വിഗ്രഹവൽക്കരണമല്ല വേണ്ടത്<br>വിജ്ഞാനകൈരളി, ഒക്ടോബർ 2021 | .. 81-87 |
| ടി. കെ. പ്രഭാകരകുമാർ | പഠനമുറിയിൽ പതിയിരിക്കുന്ന കൊലയാളിഗെയിം<br>കലാകൗമുദി, 12-19 ഡിസംബർ 2021 | .. 88-91 |
| Jugal Mohapatra & Siraj Hussain | A Million Shades of Grey<br>Down to Earth, 16-30 November 2021 | .. 92-97 |
| Meena T. Pillai | Out-Of-School Generation<br>Frontline, 8 October 2021 | .. 98-104 |
| ഡോ. ടി. എം. തോമസ് ഐസക് | ജി.എസ്.ടി.ക്ക് ഒരു പൊളിച്ചെഴുത്ത്<br>മാതൃഭൂമി, 12 ജൂലൈ 2021 | .. 105-108 |
| കെ. സഹദേവൻ | പരിസ്ഥിതി പുനരുജ്ജീവനം വെറും വാക്കാകരുത്<br>മാതൃഭൂമി, 12 നവംബർ 2021 | 109-111 |
| ഡോ. സി. ജയരാമൻ | ഊർജപ്രതിസന്ധിയുടെ കാണാപ്പുറങ്ങൾ<br>മാതൃഭൂമി, 19 ഒക്ടോബർ 2021 | .. 112-116 |
| ഡോ. സി. ജയരാമൻ | ഊർജം ഒരു പൊതുസ്വത്താണ്<br>മാതൃഭൂമി, 20 ഒക്ടോബർ 2021 | .. 117-119 |
| ഡോ. സി. ജയരാമൻ | ഊർജോപഭോഗം മാറണം കാഴ്ചപ്പാടുകൾ<br>മാതൃഭൂമി, 21 ഒക്ടോബർ 2021 | .. 120-122 |
| എ. കെ. രമേശ് | സമ്പത്ത് വിഴുങ്ങാൻ സ്വകാര്യസ്രാവുകൾ<br>മാതൃഭൂമി, 13 ആഗസ്റ്റ് 2021 | .. 123-127 |
| Shraddha Chaudhary | Criminalising welfare issues<br>The Hindu, 3 August 2021 | .. 128-130 |

| | | |
|---|---|---|
| Kishore Darak & Tasneem Raja | Make the mental well-being of teachers a priority<br>The Hindu, 11 December 2021 | .. 131-134 |
| Santhosh Mehrotra & Jajati Keshari Parida | Poverty in India is on the rise again<br>The Hindu, 4 August 2021 | .. 135-139 |
| Gopalan Balagopal & K. Narayanan Unni | A call for improving civil registration systems<br>The Hindu, 11 August 2021 | .. 140-143 |
| R. K. Vij | Towards a more humane police force<br>The Hindu, 30 August 2021 | .. 144-147 |
| Kaleeswaram Raj | A new jurisprudence for political prisoners<br>The Hindu, 8 November 2021 | .. 148-151 |
| പി. ഹരികുമാർ | വരുന്നു, ഇന്ത്യയുടെ ഡിജിറ്റൽ കറൻസി<br>കലാ കൗമുദി ആഗസ്റ്റ് 1-08 | .. 152-158 |


**II. പാർലമെന്ററി അവലോകനം (പാർലമെന്ററി നടപടികളുടെ വിശകലനങ്ങളും സാധ്യതകളും ഉൾക്കൊള്ളുന്ന ലേഖനങ്ങൾ)**


| | | |
|---|---|---|
| ഡോ. പി. എൻ. വിജയകുമാർ | വിവരാവകാശനിയമം മാറ്റം വരേണ്ടത് അനിവാര്യം മാതൃഭൂമി, 12 നവംബർ 2021 | .. 159-160 |
| അഡ്വ. ജ്യോതിഷ് എ. പി. | പേറ്റന്റ് നിയമത്തിൽ മാറ്റങ്ങൾ വരുമ്പോൾ<br>മാതൃഭൂമി, 26 ഒക്ടോബർ 2021 | .. 161-163 |


**ചർച്ചയില്ലാതെ നിയമങ്ങൾ പാസാകുമ്പോൾ**


| | | |
|---|---|---|
| എൻ. കെ. പ്രേമചന്ദ്രൻ, എം. പി. | • ജനാധിപത്യത്തിന്റെ മരണമണി<br>മാതൃഭൂമി, 1 സെപ്റ്റംബർ 2021 | .. 164-167 |
| എൻ. കെ. പ്രേമചന്ദ്രൻ, എം. പി. | • പ്രഹസനമാകുന്ന നിയമനിർമാണം<br>മാതൃഭൂമി, 2 സെപ്റ്റംബർ 2021 | .. 168-171 |
| Shashi Tharoor | Going back to the foundation of the Republic<br>The Hindu, 15 December 2021 | .. 172-176 |

| | | |
|---|---|---|
| Sriram Panchu | Mediation Bill: Not getting the Act together<br>The Hindu, 8 December 2021 | .. 177-180 |
| K. R. Shyam Sundar | The Shaky foundation of the labour law reforms<br>The Hindu, 10 August 2021 | .. 181-184 |
| P. D. T. Achary | 'Go back to committees' is the farm laws lesson<br>The Hindu, 22 November 2021 | .. 185-188 |
| Manish Kumar | Foodstuffs Market Regulation The Essential Commodities (Amendment) Act, 2020 and After<br>Economic & Political Weekly, December 4, 2021 | .. 189-201 |


**III. സവിശേഷവിവരങ്ങൾ**


| | | |
|---|---|---|
| Rajat Asthana | National Mission to achieve universal foundational literacy and numeracy by 2026-27 launched<br>PRS Legislative Research, July 2021 | .. 202 |
| Rajat Asthana | The Constitution (127th Amendment) Bill, 2021 passed in Parliament<br>PRS Legislative Research, August 2021 | .. 203 |
| | Plastic Waste Management (Amendment) Rules, 2021 notified<br>PRS Legislative Research, August 2021 | .. 204 |
| Shruti Gupta | Draft Schemes on investigation and settlement of hit and run cases released<br>PRS Legislative Research, August 2021 | .. 205-206 |
| Saket Surya | Cabinet approves various measures for the telecom sector<br>PRS Legislative Research, September 2021 | .. 207 |

| | | |
|---|---|---|
| Aditya Kumar | Ayushman Bharat Health Infrastructure Mission launched .. PRS Legislative Research, October 2021 | 208 |
| | The medical termination of Pregnancy (Amendment) rules 2021 notified .. PRS Legislative Research, October 2021 | 209 |
| Shashank Srivastava | Parliament passes Bill to repeal farm laws .. PRS Legislative Research, November 2021 | 210 |
| Payoja Ahluwalia | Nutri-smart village programme launched .. PRS Legislative Research, November 2021 | 211 |
| Shashank Srivastava | Cabinet approves resumption of MPLAD scheme .. PRS Legislative Research, November 2021 | 212 |
| Omir | Reports in reforms in content and design of School Text Books .. PRS Legislative Research, November 2021 | 213 |
| **IV. പുസ്തക പരിചയം** | | |
| Pankaj Kumar | Caste Panchayats : Useful insights and Inadequate Explanations .. (Review on the book `Caste Panchayat and caste politics in India by Anagha Ingole) Economic & Political Weekly, December 25, 2021 | 214-219 |
| **V. പാർലമെന്ററി നടപടികൾ** | Resume of the Business transacted by the Rajya Sabha during 254th session of .. | 220-284 |

*നയജാലകം*

# ഒത്തുപിടിച്ചാൽ ഏതു ഡാമും പോരും

തമ്പി ആന്റണി

മുല്ലപ്പെരിയാറിന്റെ അപകടാവസ്ഥ, ഇപ്പോൾ ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുന്ന വിഷയമാണല്ലോ. കാലാവധി കഴിഞ്ഞു ദശാബ്ദങ്ങൾ പിന്നിട്ടിട്ടും നിലനിർത്തിക്കൊണ്ടുപോരുന്ന ആ ഡാം തീർച്ചയായും ജനങ്ങളെ ഭീതിയിലാഴ്ത്തുന്നുണ്ട്. കോടതി വ്യവഹാരങ്ങളിലും വാദപ്രതിവാദങ്ങളിലും ഏർപ്പെട്ട് തമിഴ്നാട്ടിലെയും കേരളത്തിലെയും അധികാരികൾ എല്ലാ മഴക്കാലങ്ങളിലും ഈ ഡാമിനെ സജീവമാക്കുന്നുണ്ടെങ്കിലും യുക്തമായൊരു പരിഹാരത്തിലെത്തുന്നില്ല എന്നതു സങ്കടകരമാണ്. ഡാം തകർന്നാൽ നാൽപ്പതു ലക്ഷം മലയാളികളുടെ ജീവൻ അപകടത്തിലാണെന്നതു യാഥാർത്ഥ്യമാണ്. വെറും നാലര മണിക്കൂർകൊണ്ട് കേരളത്തെ രണ്ടു കഷ്ണങ്ങളാക്കാൻ ആ തകർച്ചയ്ക്കു കഴിയുമെന്ന് പഠനങ്ങൾ തെളിയിക്കുന്നു.

ഒരണക്കെട്ടിന്റെ തകർച്ച പ്രമേയമാക്കി, സോഹൻ റോയ് സംവിധാനം ചെയ്ത 'ഡാം 999' എന്ന സിനിമയിലെ ഡാം എഞ്ചിനീയറുടെ വേഷത്തിൽ അഭിനയിക്കുമ്പോഴാണ് മുല്ലപ്പെരിയാറിനെപ്പറ്റി കൂടുതൽ പഠിച്ചത്.

മുല്ലപ്പെരിയാർ പൊട്ടിയാൽ ചെറുതോണിയുൾപ്പെടെ സമീപമേഖലയിലുള്ള ചെറുഡാമുകളെല്ലാം തകരും. ആ വെള്ളവും മണ്ണുമെല്ലാം ഒഴുകിയെത്തുന്നത് ഇടുക്കിയിലേക്കാണ്. അങ്ങനെ ഒഴുകിയെത്താനുള്ള സമയം വെറും നാൽപ്പത്തഞ്ചു മിനിട്ടാണ്.

ഇടുക്കി ഡാമിന്റെ ജലസംഭരണശേഷി 71 ടി. എം. സി. യാണ്. നിലവിൽ 51 ടി എം സി യുണ്ട്. മുല്ലപ്പെരിയാറിന്റെ ശേഷി 13 ടി.എം.സി. അതുകൊണ്ട് മുല്ലപ്പെരിയാറിലെ മുഴുവൻ വെള്ളവും വന്നാലും ഇടുക്കിയിൽ സംഭരിക്കാവുന്ന വിധത്തിലാണ് അതു പണിതിരിക്കുന്നത് എന്നതു നേരാണ്. എന്നാൽ ഇതൊക്കെ വെറും കണക്കു കൂട്ടലുകൾ മാത്രമാണ്. ഇടുക്കി ഡാം പൊട്ടിയില്ലെങ്കിൽപ്പോലും മുല്ലപ്പെരിയാറിൽ നിന്നു വരുന്ന പ്രളയജലം ബാധിച്ചേക്കാവുന്ന നൂറുകണക്കിനു കുടുംബങ്ങളുടെ കാര്യം കണക്കിലെടുക്കേണ്ടതുണ്ട്.

## ആർച്ച് ഡാം

ലോകത്തിലെ ഏറ്റവും ഉയരം കൂടിയ ആർച്ച് ഡാം, ചൈനയിലെ യാലോംഗ് നദിക്കുകുറുകെയുള്ള ജിൻപിങ് ഐഡാമാണ്. 305 മീറ്ററാണ് ഇതിന്റെ ഉയരം. അത്ര വലുതല്ലെങ്കിലും ശക്തമായ ഗ്രാവിറ്റി ആർച്ച് ഡാമാണ്. അമേരിക്കയിൽ, ലാസ് വേഗാസിലെ ഹൂവർ (726 അടി, അതായത് 221 മീറ്റർ) ഇടുക്കിയേക്കാൾ ഉയരത്തിലാണ്. 1936-ൽ പണിപൂർത്തിയായ ഹൂവർ ഡാം,

അമേരിക്കയിലെ ബോൾഡർ സിറ്റിയിൽ, നവാഡ, അരിസോണ എന്നീ സ്റ്റേറ്റുകളുടെ അതിർത്തിയിലുള്ള കൊളറാഡോ നദിയിലാണ്. വെള്ളപ്പൊക്ക നിവാരണത്തിനും കുടിവെള്ളത്തിനും വിദ്യുച്ഛക്തി ഉത്പാദനത്തിനും കൃഷിക്കും മാത്രമല്ല, വിനോദത്തിനും ഈ അണക്കെട്ടിലെ വെള്ളം ഉപയോഗിക്കുന്നുണ്ട്. ഈ ഡാമിലെ വെള്ളമില്ലായിരുന്നെങ്കിൽ, വിനോദ നഗരങ്ങളുടെ തലസ്ഥാനമായ ലാസ് വേഗാസ് വെറും മരുഭൂമി യാകുമായിരുന്നു എന്നതോർക്കണം.

ഡാം എഞ്ചിനീയറിംഗ് ഡിസൈൻ അനുസരിച്ചു നോക്കിയാൽ ഇടുക്കി ആർച്ച് ഡാം തകരാനുള്ള സാധ്യതയില്ല. കാരണം എല്ലാ സമ്മർദ്ദവും ഏറ്റെടുക്കുന്നത് കുറവൻ, കുറത്തി എന്നീ ഉറച്ച, ഭീമാകാരങ്ങളായ പാറക്കുന്നുകളാണ്. ആർച്ച് രൂപത്തിലായതുകൊണ്ട്, ഡാമിന്റെ നടുഭാഗത്ത് ഒട്ടും തള്ളൽ അഥവാ ഫോഴ്സ് ഉണ്ടാകുന്നില്ല. എന്നാൽ അത് വെറും തിയറിയാണ്. പ്രായോഗികമായി ചിന്തിച്ചാൽ, വെള്ളം മാത്രമല്ലല്ലോ ഒഴുകിയെത്തുന്നത്! കോൺക്രീറ്റും മണ്ണും മരങ്ങളും വീടുകളുമുൾപ്പെടെ എല്ലാം ചേർന്നുള്ള വരവായിരിക്കും. അത് ഇടുക്കി ഡാമിനു വിള്ളലുണ്ടാക്കാനുള്ള സാധ്യതയുണ്ട്. വെള്ളത്തിന്റെ ശക്തമായ തള്ളലിൽ വിള്ളൽ വലുതായാൽ ഡാം രണ്ടായിപ്പിളരും. റിക്ടർ സ്കെയിലിൽ 6-നു മുകളിലുള്ള ഒരു ഭൂമികുലുക്കം കൂടിയുണ്ടായാൽ എല്ലാ കണക്കു കൂട്ടലുകളും തെറ്റും.

എഞ്ചിനീയറിംഗിന്റെ ഈറ്റില്ലങ്ങളായ രണ്ട് ഐ.ഐ.ടി. കളുടെ റിപ്പോർട്ടുകളും മുല്ലപ്പെരിയാർ ഡാം ഡീക്കമ്മീഷൻ ചെയ്ത് പുതിയ അണക്കെട്ട് നിർമ്മിക്കണമെന്നാണു പറഞ്ഞിരിക്കുന്നത്. അതിനാൽ തിയററ്റിക്കൽ പഠനങ്ങൾ കാര്യമായെടുക്കേണ്ടതില്ല. അല്ലെങ്കിലും പുസ്തകത്തിൽ പഠിക്കുന്നതു പോലെയല്ലല്ലോ എല്ലാം സംഭവിക്കുന്നത്. അതിനാൽ മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ പ്രയോഗിക ചിന്തയാണു വേണ്ടതെന്നാണ് എനിക്ക് തോന്നുന്നത്.

## തിയറിയും പ്രാക്ടിക്കലും

ആദ്യം എന്താണു തിയറിയും പ്രാക്ടിക്കലും എന്നു മനസ്സിലാക്കാൻ ഒരുദാഹരണം പറയാം.

ഒരു പന്ത്രണ്ടാംതരം ക്ലാസ്മുറി സങ്കൽപ്പിക്കുക. ആദ്യം നടുക്ക് ഒരു വര വരയ്ക്കുക. പിന്നെ, ഭിത്തിയോടുചേർന്ന് ഇരുവശങ്ങളിലും തുല്യ അകലത്തിൽ ഒരോ വര വരയ്ക്കുക. ഒരു വശത്ത് ആൺകുട്ടികളേയും മറ്റേ വശത്തു പെൺകുട്ടികളെയും ഓരേ ലൈനിൽ നിർത്തുക. ഇരുകൂട്ടരോടും നടുക്കുള്ള വരയുടെ പകുതിദൂരം നടക്കാൻ പറയുക.

പിന്നീട് അതിന്റെ പകുതി, വീണ്ടും പകുതി എന്നിങ്ങനെ നടക്കണം. അങ്ങനെ എത്ര നടന്നാലും തിയററ്റിക്കലി അവരൊരിക്കലും കൂട്ടിമുട്ടാൻ പോകുന്നില്ല. കണക്കിൽ ഇതിന് ഇൻഫിനിറ്റ് ഇക്വേഷൻ അല്ലെങ്കിൽ ഇൻഫിനിറ്റി ലിമിറ്റ് എന്നു പറയും. എന്നാൽ പ്രാക്ടിക്കലായി നോക്കിയാൽ അങ്ങനെയല്ലല്ലോ സംഭവിക്കുക!

ഇതുതന്നെയാണ് ആർച്ച് ഡാമിന്റെ കാര്യത്തിലും സംഭവിക്കാൻ പോകുന്നത്. പൊട്ടില്ലെന്നു തിയററ്റിക്കലി പറയാം. എന്നാൽ സംഭവിക്കാൻ പോകുന്നത് ഒരിക്കലും പ്രവചിക്കാൻ കഴിയില്ല.

തമിഴ്നാട് 26 കോടി രൂപ മുടക്കി, 1979-ലാണ് മുല്ലപ്പെരിയാർ ബലപ്പെടുത്തിയതായി പറയുന്നത്. തമിഴ്നാട് പി. ഡബ്ല്യൂ. ഡി. ജലവകുപ്പിലെ അധികാരികളുടെ (ഡബ്ല്യൂ. സി. സി.) നിർദ്ദേശപ്രകാരം, നിശ്ചിത അകലത്തിൽ കോൺക്രീറ്റ് മിക്സചറും കമ്പികളും 112 അടി ആഴത്തിലിറക്കിയും മുൻവശത്തെ ചെരിവിൽ 10 മീറ്റർ കനത്തിൽക്കൂടുതൽ കോൺക്രീറ്റ്, ഡാമിന്റെ താഴെവരെയിട്ടു കൊണ്ടും ഗ്രാവിറ്റി കൂട്ടിയിട്ടു ണ്ടെന്നറിയുന്നു. ഒരു പക്ഷേ അതു കൊണ്ടായിരിക്കാം, വെറും അൻപതു വർഷം മാത്രം ആയുസ്സു പറഞ്ഞ, സൂർക്കി മിശ്രിതംകൊണ്ടു പണിത ഈ ഡാം ഇപ്പോഴും പൊട്ടാതെ നിൽക്കുന്നത്. എങ്കിലും ഇനിയെത്രനാൾ എന്നതൊരു ചോദ്യമാണ്.

അതുകൊണ്ട്, നമുക്കിപ്പോൾ ചെയ്യാവുന്നത് അണക്കെട്ടിന്റെ അപകടത്തെപ്പറ്റി ആളുകളെ ബോധവാൻ മാരാക്കുകയും തമ്മിൽത്തല്ലി സമയം പാഴാക്കാതെ എല്ലാം മറന്ന് ഒന്നിച്ചു പൊരുതുകയും പുതിയ ഡാം നിർമ്മിക്കുകയുമാണ്. നിരപരാധികളുടെ ജീവൻ വച്ചു കളിക്കാതിരിക്കുക. സമയം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്, ഒത്തു പിടിച്ചാൽ ഏതു മലയും പോരുമെന്നാണല്ലോ പ്രമാണം!

മറ്റൊരു വസ്തുതകൂടിയുണ്ട്: നമുക്കു തോന്നുന്നതുപോലെ എവിടെയെങ്കിലും കെട്ടിപ്പൊക്കാവുന്ന നിർമ്മിതികളല്ല അണക്കെട്ടുകൾ. കുറവൻ-കുറത്തി മലകളില്ലായിരുന്നെങ്കിൽ ഒരിക്കലും അവിടെയൊരു ആർച്ച് ഡാം നിർമ്മിക്കാൻ കഴിയുമായിരുന്നില്ല. ഇപ്പോൾ മുല്ലപ്പെരിയാർ നിൽക്കുന്നിടത്തു നിന്നു മാറ്റിയാൽ ഉചിതമായ സ്ഥലം കണ്ടെത്തേണ്ടത് അത്യാവശ്യമാണ്. അതിനാവശ്യമായ വിശദപഠനങ്ങൾ നടത്തേണ്ടതുണ്ട്.

## പുതിയ നിർദ്ദേശങ്ങൾ

മുല്ലപ്പെരിയാർ രക്ഷാസമിതിയുടെ രക്ഷാധികാരി ഫാദർ റോബിൻ

പണ്ടാനത്തിന്റെ അഭിപ്രായത്തിൽ ഇതു വെള്ളത്തിന്റെയോ വെള്ളപ്പൊക്കത്തിന്റെയോ മാത്രം പ്രശ്നമല്ല. അധികാരത്തിന്റെയും രാഷ്ട്രീയത്തിന്റെയും പ്രശ്നമാണ്.

**റോബിനച്ചൻ മുമ്പോട്ടുവച്ച നിർദ്ദേശങ്ങൾ വായിക്കാം.**

1. ഡാമിനെക്കുറിച്ചു പഠിക്കാൻ, അടിയന്തരമായി ഏതെങ്കിലും അന്താരാഷ്ട്ര ഏജൻസിയെ ഏൽപ്പിക്കുക. ഏതൊരു കാര്യത്തിലും രണ്ടാമതൊരു വിദഗ്ദ്ധൻ പരിശോധിക്കുന്നതു സാധാരണമാണല്ലോ. എത്രയോ ലക്ഷങ്ങളെ ബാധിക്കുന്ന വിഷയമായതിനാൽ കോടതിയുടെ ദുരഭിമാനം മാറ്റി, ഡാമിന്റെ ബലക്ഷയത്തെക്കുറിച്ചു പഠിക്കാൻ സ്വതന്ത്ര ഏജൻസിയെ ഏൽപ്പിക്കുക. ഒരു വ്യക്തിയെ ബാധിക്കുന്ന ചികിത്സയ്ക്കു പോലും നാം രണ്ടാമതൊരു ഡോക്ടറെ റിപ്പോർട്ട് കാണിക്കാറുണ്ടല്ലോ.

2. മുല്ലപ്പെരിയാർ ഡാമിലേക്ക് ഒഴുകിവരുന്ന വെള്ളം മാത്രമേ തമിഴ്നാടിനു നൽകേണ്ടതുള്ളു. അതിനാൽ അപകടകരമായ സാഹചര്യങ്ങളിൽ ജലം ഡാമിലേക്കെത്താതെ, കനാലുകൾ നിർമ്മിച്ച് മറ്റു വഴികളിലൂടെ തിരിച്ചുവിടാൻ ശ്രമിക്കേണ്ടതാണ്. ഇടുക്കിയും കൂടുതൽ ജലത്തെ ഉൾക്കൊള്ളാനാവാത്ത അവസ്ഥയിലാണ്. ഇപ്പോൾ തമിഴ്നാട് കനത്ത മഴയിലും പ്രളയത്തിലും മുങ്ങിക്കൊണ്ടിരിക്കുകയാണ്. ഇത്തരം ഘട്ടങ്ങളിൽ ജലനിരപ്പു താഴ്ത്താൻ മറ്റു മാർഗങ്ങളന്വേഷിക്കേണ്ടതാണ്.

3. നാളിതുവരെ മുല്ലപ്പെരിയാർ വിഷയത്തിൽ കേരള സർക്കാർ മെല്ലെപ്പോക്കുനയമാണു സ്വീകരിച്ചിരിക്കുന്നത്. കോടതി പറഞ്ഞതിനാൽ ഡാം സുരക്ഷിതമാണെന്ന നിലപാടു മാറ്റി, പ്രളയപശ്ചാത്തലത്തിൽ കോടതിയെ സമീപിക്കാൻ മുൻകൈയെടുക്കണം. സാഹചര്യങ്ങളിൽ മാറ്റമുണ്ടായാൽ ഡാം സുരക്ഷ സംബന്ധിച്ച് വിഷയങ്ങളിൽ കോടതിയെ സമീപിക്കാൻ 2014-ലെ വിധിയിൽ അനുവാദം നൽകിയിട്ടുള്ളതാണ്. ഇതു പ്രയോജനപ്പെടുത്താൻ കഴിയണം.

4. ഏതെങ്കിലും കാരണത്താൽ സുരക്ഷനടപടികളിൽ തമിഴ്നാട് വീഴ്ച വരുത്തിയാൽ കരാർ റദ്ദുചെയ്യാൻ കേരളത്തിന് അവകാശമുണ്ടെന്ന് 2014-ലെ വിധിയിൽ പ്രത്യേകം പരാമർശിച്ചിരുന്നു. സുപ്രീം കോടതി നിർദ്ദേശിച്ച പലതും ഇതുവരെ നടപ്പാക്കിയിട്ടില്ല. ഉദാഹരണം: ഇൻസ്ട്രമെന്റേഷൻ ആൻഡ് പ്രഷർ ഡിറ്റക്ടർ സ്ഥാപിച്ചിട്ടില്ല. അതിനാൽ കോടതിയുടെ നിർദ്ദേശമനുസരിച്ച് നിയമപരമായി കരാർ റദ്ദ് ചെയ്യാൻ

ആവശ്യപ്പെടാം.

5. മുല്ലപ്പെരിയാർ പ്രശ്ന പരിഹാരത്തിനായി മറ്റുകരാറുകളെക്കൂടി ഉപയോഗിക്കാൻ സർക്കാർ മുൻകൈ യെടുക്കണം. പറമ്പിക്കുളം-ആളിയാർ കരാറനുസരിച്ച് കേരളത്തിനവകാശപ്പെട്ട ജലം പല വർഷങ്ങളിലും ലഭിച്ചിട്ടില്ല. കേരള-ഷോളയാർ കരാർ കഴിഞ്ഞ 41 വർഷവും ലംഘിച്ചിട്ടുണ്ട്. 12.3 ടി.എം.സി. ജലം നൽകാൻ പലപ്പോഴും കഴിഞ്ഞിട്ടില്ല. ശിരുവാണിപ്പുഴയിലെ ജലത്തിന്റെ കാര്യത്തിലും കേരളത്തിന്റെ താൽപ്പര്യങ്ങൾ പരിഗണിച്ചിട്ടില്ല. അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ യാതൊരു മാനദണ്ഡവുമില്ലാതെ നെയ്യാർ ഡാമിലെ ജലം കൂടുതൽ കൊടുത്തത് സർക്കാർ പുനഃപരിശോധിക്കണം. ഇതുപോലെ എല്ലാ കരാറുകളും പരിശോധിച്ചാൽ മുല്ലപ്പെരിയാർ വിഷയത്തിലും തമിഴ്നാടിന്റെ വാദത്തെ പ്രതിരോധിക്കാൻ കഴിയും.

6. മുല്ലപ്പെരിയാർ കരാർ, പാട്ട വ്യവസ്ഥയോടെയുള്ള കരാറാണ്. ഇരുകക്ഷികൾക്കും തുല്യമായ പ്രയോജനം ലഭിക്കണമെന്നതാണ് ഇതിന്റെ സവിശേഷത. 135 വർഷം മുമ്പു കരാറൊപ്പിടുമ്പോൾ അന്നത്തെ നാട്ടു നടപ്പനുസരിച്ചുള്ള ഗുണം കേരളത്തിനു ലഭിച്ചിരുന്നു. എന്നാൽ പിന്നീട് അച്യുതമേനോൻ മന്ത്രിസഭയുടെ കാലത്തു കരാർ പുതുക്കിയപ്പോൾ ആ അവസരം വേണ്ടവിധത്തിൽ ഉപയോഗിക്കാൻ നമുക്കു കഴിഞ്ഞില്ല. എന്തൊക്കെ കുറവുകളുണ്ടായിരുന്നെങ്കിലും 1930 കളിൽ സ്വയം ഈ കേസ് വാദിച്ച, സർ സി. പി. രാമസ്വാമി അയ്യർ ദീർഘവീക്ഷണ മുള്ള ഭരണാധികാരിയായിരുന്നു. ജലസേചനത്തിനല്ലാതെ മറ്റൊരാ വശ്യത്തിനും മുല്ലപ്പെരിയാറിലെ ജലം ഉപയോഗിക്കരുതെന്ന വിധി സമ്പാദിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. തുടർന്നുവന്ന രാഷ്ട്രീയനേതാക്കൾക്കാർക്കും തന്നെ ഇത്തരമൊരു കാഴ്ചപ്പാടില്ലാതെ പോയത് അത്ഭുതകരമാണ്.

## കൂനമ്പാറക്കവല

പശ്ചിമഘട്ടത്തിലെ ഒരു ദേശത്തിന്റെ കഥ പറയുന്ന എന്റെ പുതിയ നോവലാണ് 'കൂനമ്പാറക്കവല'. കാലാവധി കഴിഞ്ഞ മുല്ലപ്പെരിയാറിനെപ്പറ്റിയും ചപ്പാത്തിൽ ഒരിക്കലും നിർത്താത്ത സമരം പ്രഖ്യാപിച്ച മൈലപ്പനെയും കൂട്ടുക്കാരെപ്പറ്റിയുമെല്ലാം അതിൽ പരാമർശിച്ചിട്ടുണ്ട്. ആദിവാസി യായിരുന്ന മൈലപ്പൻ മരിച്ചതോടെ ചപ്പാത്തിലെ സമരപ്പന്തൽ പൊളിച്ചെന്നറിയുന്നു. രാഷ്ട്രീയ ഒത്തുതീർപ്പുകളിലൂടെ സമരം അസാനിപ്പിക്കുകയായിരുന്നത്രേ. ഏതായാലും മുല്ലപ്പെരിയാർ അപകടാ വസ്ഥയിലാണെന്ന കാര്യത്തിൽ ഒരു

രാഷ്ട്രീയപ്പാർട്ടിക്കും എതിരഭിപ്രായമുണ്ടാകുമെന്ന് തോന്നുന്നില്ല.

നോവലിന്റെ രചനാവേളയിൽ കൂടുതൽ പഠനത്തിനായി ആ വഴിയെല്ലാം ദിവസങ്ങളോളം യാത്ര ചെയ്തിരുന്നു. ഡാമിന്റെ സമീപ പ്രദേശങ്ങളിലുള്ള ആദിവാസികളുമായും നാട്ടുകാരുമായുമൊക്കെ ഡാമിന്റെ അവസ്ഥയെപ്പറ്റി സംസാരിച്ചിട്ടുണ്ട്. ഒരിക്കൽ ഡാം സംരക്ഷണസമിതിയുടെ മീറ്റിംഗിൽ പങ്കെടുത്തു. ചപ്പാത്ത് സമരത്തിനു നേതൃത്വം കൊടുത്ത, ഏലപ്പാറ പ്പള്ളിയിലെ ഇടവക വികാരിയായിരുന്ന റോബിനച്ചനോടൊപ്പം സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിക്കാൻ സമരപ്പന്തലിലും പോയിരുന്നു. അവിടെ വച്ചാണ് ആദിവാസി വിഭാഗത്തിൽപ്പെട്ട മൈലപ്പനും കൂട്ടുകാരും പരിചയപ്പെട്ടത്.

നോവലിൽ പരാമർശിക്കുന്ന കൂനമ്പാറ, ഇടുക്കി ഡാമിന്റെ ക്യാച്ച്മെന്റ് ഏരിയയാണ് നോവലിലെ അഞ്ചുരുളി. ഇപ്പോൾ വിനോദസഞ്ചാരികൾക്കായി തുറന്നു കൊടുത്തിട്ടുള്ള, വിശാലമായ ജലാശയത്തിലൂടെ ബോട്ടിൽ യാത്ര ചെയ്യാനും എനിക്കു കഴിഞ്ഞിരുന്നു.

ഊഊഊഊ

**കലാകൗമുദി,**
**12-19 ഡിസംബർ, 2021.**

*നയജാലകം*

# ശത്രുരാജ്യമല്ല. സഹകരണ സംഘങ്ങൾ

ഡോ. കെ. ഗോപകുമാർ

ഇന്ത്യൻ ഭരണഘടനാ നിർമ്മാണത്തിനായി 1946-ൽ കാബിനറ്റ് മിഷൻ മുന്നോട്ടുവച്ച പദ്ധതിയിൽ വിദേശകാര്യം, പ്രതിരോധം, വാർത്താ വിനിമയം എന്നീ അധികാരങ്ങൾ മാത്രമുള്ള യൂണിയൻ സർക്കാരിനെയും അവശിഷ്ടാധികാരങ്ങളടക്കമുള്ളവ കൈയാളുന്ന സംസ്ഥാന സർക്കാരുകളെയുമാണ് വിഭാവനം ചെയ്തത്. ഇന്ത്യ-പാക് വിഭജനവും അതിനോടനുബന്ധിച്ചുണ്ടായ കൂട്ടക്കൊലകളും അധികാരങ്ങൾ കേന്ദ്രീകരിക്കപ്പെട്ട യൂണിയൻ സർക്കാരും അധികാരങ്ങൾ കുറഞ്ഞ സംസ്ഥാന സർക്കാരുകളുമെന്ന ആശയത്തിന് ശക്തി നൽകുകയുണ്ടായി. ഈ നിലപാടുമാറ്റം ഭരണഘടന കവർന്നെടുത്തതായും കാണാനാവും. യൂണിയനും സംസ്ഥാനങ്ങൾക്കും ഒരുപോലെ നിയമനിർമ്മാണ അധികാര മുണ്ടെങ്കിലും യൂണിയൻ സർക്കാരിന് മേൽക്കോയ്മയുള്ള സമവർത്തി ലിസ്റ്റിൽ ഈ വിഷയങ്ങളെ ഉൾപ്പെടുത്തിയോ അധികാരമില്ലാത്ത വിഷയങ്ങളിൽ മന്ത്രാലയങ്ങൾ സ്ഥാപിച്ചോ മറ്റ് വളഞ്ഞ വഴികളിൽ ക്കൂടിയോ യൂണിയൻ വഴികളിൽ ക്കൂടിയോ യൂണിയൻ സർക്കാർ ഇത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഏറ്റവും ഒടുവിലത്തെ സംഭവമാണ് സംസ്ഥാന സർക്കാരിന് പൂർണമായ അധികാരമുള്ള സഹകരണ മേഖലകളിലേക്ക് നടത്തുന്ന കടന്നുകയറ്റം.

ഇന്ത്യയിലെ സഹകരണ സ്ഥാപനങ്ങളെ സംബന്ധിച്ച് വളരെ നിർണ്ണായകമായ ചില സംഭവ വികാസങ്ങളാണ് 2021 ജൂലൈയിൽ ഉണ്ടായത്. ജൂലൈ ആറിന്, അതുവരെ കേന്ദ്ര കൃഷിമന്ത്രാലയം നിയന്ത്രിച്ചിരുന്ന സഹകരണ സംഘങ്ങളെ ഇനി മേൽ കൈകാര്യം ചെയ്യാൻ ഒരു സ്വതന്ത്ര മന്ത്രാലയം രൂപവത്കരിക്കുകയും തൊട്ടടുത്ത ദിവസം തന്നെ അതിന്റെ ചുമതല ആഭ്യന്തരമന്ത്രി അമിത്ഷായ്ക്ക് നൽകുകയുണ്ടായി. ഈ നടപടിക്ക് രണ്ടാഴ്ച തികയുന്നതിന് മുൻപ് ജൂലൈ 20-ന് സഹകരണ സംഘങ്ങളുടെ രൂപവത്ക്കരണത്തെയും ഭരണക്രമത്തെയും സമഗ്രമായി നിയന്ത്രിക്കാനായി, ഭരണഘടനയിൽ പാർട്ട് IX ബി കൂട്ടിച്ചേർത്ത 2012-ലെ 97-ാം ഭരണഘടനാ ഭേദഗതി അസാധുവാണെന്ന് സുപ്രീംകോടതിയുടെ മൂന്നംഗ ബെഞ്ച് വിധിക്കുകയുണ്ടായി.

ആറുലക്ഷത്തിലധികം സഹകരണ സംഘങ്ങളും ഇരുപത്തിയഞ്ചുകോടിയിലധികം അംഗങ്ങളുമായി ലോകത്തിലെ ഏറ്റവും വലിയ സഹകരണ ശൃംഖലയാണ് ഇന്ത്യയിലേത്. ദേശീയ ക്ഷീര വികസന ബോർഡിന്റെ 2019-2020-ലെ വാർഷിക റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ 1,94,195 സഹകരണ ക്ഷീര സംഘങ്ങളും 330 സഹകരണ പഞ്ചസാര മില്ലുകളും പ്രവർത്തിക്കുന്നുണ്ട്. 2019-2020-ൽ 1.7 കോടി അംഗങ്ങളിൽ നിന്ന് 4.8 കോടി ലിറ്റർ പാൽ സംഭരിക്കുകയും പ്രതിദിനം 3.7 കോടി ലിറ്റർ പാൽ വിൽക്കുകയും ചെയ്തു. രാജ്യത്ത് ഉത്പാദിപ്പിക്കുന്ന പഞ്ചസാരയുടെ 35 ശതമാനവും സഹകരണ പഞ്ചസാര മില്ലുകളിൽ നിന്നാണ്. ഗ്രാമീണമേഖലകളിൽ താഴെതട്ടിലുള്ള ജനങ്ങളിലേക്ക് പണമെത്തിക്കാനുള്ള ഒരു മുഖ്യസ്രോതസ്സാണ് പ്രാഥമിക സഹകരണസംഘങ്ങൾ. നഗരപ്രദേശങ്ങളിലെ പാർപ്പിട പ്രശ്നങ്ങളിൽ വലിയതോതിൽ ഇടപെടുന്നത് സഹകരണ ഹൗസിങ് സൊസൈറ്റികളാണ്.

ഇന്ത്യാ ഗവൺമെന്റിന്റെ സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയം പുറത്തിറക്കിയ വാർഷിക റിപ്പോർട്ട് പ്രകാരം സംസ്ഥാന കോ ഓപ്പറേറ്റീവ് ബാങ്കുകളുടെ എണ്ണം 20624 ആണ്. ഈ ബാങ്കുകളുടെ ആ വർഷത്തെ ആസ്തി (ഷെയർ, നീക്കിയിരിപ്പ്, നിക്ഷേപം എന്നീ വകയിൽ) മൊത്തം 1159 മില്യൺ രൂപയും ആ വർഷത്തെ പ്രവർത്തനമൂലധനം 1846 ബില്യൺ രൂപയും നൽകിയ വായ്പ 1260 ബില്യൺ രൂപയുമാണ് (ഒരു ബില്യൺ=100 കോടി). നബാർഡിന്റെ 2019-2020 വർഷത്തെ വാർഷിക റിപ്പോർട്ട് പ്രകാരം 95238 പ്രാഥമിക കാർഷിക വായ്പാ സൊസൈറ്റികൾ, 363 ജില്ലാ കേന്ദ്ര സഹകരണ ബാങ്കുകൾ, 33 സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. ആ വർഷം സംസ്ഥാന സഹകരണ ബാങ്കുകളുടെ അടച്ച മൂലധനം (paid up capital) 60.04 ബില്യൺ രൂപയും നിക്ഷേപങ്ങൾ 1353.93 ബില്യൺ രൂപയും ആയിരുന്നു. ജില്ലാ കേന്ദ്ര സഹകരണ ബാങ്കുകളുടെ അടച്ച മൂലധനം 214.47 ബില്യൺ രൂപയും നിക്ഷേപങ്ങൾ 3782.48 ബില്യൺ രൂപയുമായിരുന്നു. ജില്ലാ കേന്ദ്ര സഹകരണ ബാങ്കുകൾ ആ വർഷം കാർഷിക മേഖലയ്ക്ക് നൽകിയ ഹ്രസ്വകാല വായ്പകൾ 3000.34 ബില്യൺ രൂപയായിരുന്നു. സംസ്ഥാന സഹകരണ ബാങ്കുകൾ പഞ്ചസാര മില്ലുകൾ, സ്പിന്നിങ് മില്ലുകൾ എന്നിവയ്ക്ക് 1,48,625 കോടി രൂപ വായ്പ നൽകി. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ കണക്കനുസരിച്ച്, രാജ്യത്ത് 1539 നഗര സഹകരണ ബാങ്കുകളുണ്ട്. അതിന്റെ മൊത്തം മൂലധനം 2019-2020-ൽ 149.34 ബില്യൺ രൂപയും. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥിതിയിൽ സഹകരണ സ്ഥാപനങ്ങളുടെ സ്വാധീനം എത്രമാത്രമുണ്ടെന്ന് കാണിക്കാനാണ് ഈ കണക്കുകൾ ഉദ്ധരിച്ചത്. സഹകരണ

സ്ഥാപനങ്ങൾ നിയന്ത്രിക്കുന്നവരാണ് ഇന്ത്യയുടെ ഗ്രാമീണമേഖലയിലെ രാഷ്ട്രീയം നിയന്ത്രിക്കുന്നതെന്ന് കാണാനാവും. എന്നാൽ ഇതിന് ഒരു മറുവശമുണ്ട്. ഈ സ്ഥാപനങ്ങൾ ക്കാവശ്യമായ ഫണ്ട് ഇക്വിറ്റിയായോ വായ്പയായോ ഇന്ത്യാ ഗവൺമെന്റിൽ നിന്നാണ് വരേണ്ടത്. അതിന് സംസ്ഥാന സർക്കാരുകൾ ഗ്യാരണ്ടി നിൽക്കേണ്ട തായിട്ടുണ്ട്. എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളിലെ കണക്കെടുത്ത് പരിശോധിച്ചാൽ കർണാടക, ഗുജറാത്ത്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലേക്കാണ് മുഖ്യമായും പണം പോകുന്നതെന്നും മറ്റ് സംസ്ഥാനങ്ങളിലെ സഹകരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നത് വളരെ തുച്ഛമാണെന്നും കാണാം.

ഇന്ത്യയിലെ സഹകരണ പ്രസ്ഥാന ങ്ങൾക്ക്, ബ്രിട്ടീഷ് കോളനി ഭരണത്തോളം നീളുന്ന ഭൂപ്രഭുവിരുദ്ധ -ഹുണ്ടിക വിരുദ്ധ പോരാട്ടത്തിന്റെ ചരിത്രമാണുള്ളത്. വിദേശ ഭരണം ഇന്ത്യയുടെ ഭൂവുടമാ ബന്ധങ്ങളെ അടിമുടി പൊളിച്ചെഴുതു കയുണ്ടായി. ഭൂനികുതിയും മറ്റ് ബാധ്യതകളും തീർക്കാൻ കർഷകർക്ക് പലപ്പോഴും കൊള്ളപ്പലിശയ്ക്ക് കടംവാങ്ങേണ്ട ഗതികേടുണ്ടാവുകയും അത് അവരുടെ സ്ഥായിയായ കടബാധ്യതയ്ക്കും അടിമത്തത്തിനും കാരണമാവുകയും ചെയ്തു. അമിത പലിശനിരക്ക് ഈടാക്കിയ ഹുണ്ടികക്കാർ ക്കെതിരെ പൂണെയിലെയും അഹമ്മദ് നഗറിലെയും കർഷകർ 1875-ൽ നടത്തിയ ഡെക്കാൻ കലാപമാണ് ഇന്ത്യൻ സഹകരണ പ്രസ്ഥാനത്തിന് പരോക്ഷമായ കാരണമാവുന്നത്. തങ്ങൾ മാറ്റിമറിച്ച ഭൂവുടമാ ബന്ധങ്ങൾ നാട്ടിൻപുറങ്ങളിൽ കൊടിയ ക്ഷാമം സൃഷ്ടിക്കുകയും അതിനെതിരെ കർഷക സമൂഹം കലാപത്തിന് തയ്യാറാവുകയും അത് ആത്യന്തികമായി തങ്ങളുടെ മേധാവി ത്വത്തിനുതന്നെ ഭീഷണിയാവുകയും ചെയ്യുമെന്ന് ഡെക്കാൻ കലാപത്തിന്റെ അനുഭവത്തിൽ നിന്ന് ബ്രിട്ടീഷ് ഭരണാധികാരികൾക്ക് ബോധ്യപ്പെട്ടു. ക്ഷാമകാലത്ത് കർഷകർക്ക് ചില ധനസഹായങ്ങൾ ചെയ്യാതെ ആ സമൂഹത്തിലെ അസ്വാരസ്യങ്ങൾക്ക് താത്കാലികമായെങ്കിലും ശമനം ഉണ്ടാക്കാനാവില്ലെന്ന് തിരിച്ചറിഞ്ഞ ബ്രിട്ടീഷ് ഗവൺമെന്റ് ഗ്രാമങ്ങളിൽ ക്രെഡിറ്റ് സഹകരണസംഘങ്ങൾ സ്ഥാപിക്കാൻ മുൻകൈയെടുത്തു. അങ്ങനെ ആദ്യത്തെ സഹകരണ ക്രെഡിറ്റ് സൊസൈറ്റി നിയമം 1904-ൽ പാസാക്കി. ഈ നിയമത്തിൽ നിലനിന്ന ചില ബലഹീനതകൾ നീക്കം ചെയ്ത് 1912-ൽ പുതിയ സഹകരണസംഘനിയമം പാസാക്കി. 1919-ലെ മൊണ്ടേഗു ചെംസ്ഫോർഡ് ഭരണപരിഷ്കാരത്തോടെ സംസ്ഥാനങ്ങൾക്ക് സ്വന്തമായി കോപ്പറേറ്റീവ് നിയമങ്ങൾ നിർമ്മിക്കുവാനുള്ള അധികാരം നൽകുകയും 1935-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ടിൽ 'സഹകരണസംഘങ്ങൾ' ഒരു സംസ്ഥാന വിഷയമായി നിജപ്പെടുത്തുകയുമുണ്ടായി. 1935-ലെ നിയമത്തിലെ കേന്ദ്ര ലിസ്റ്റിന്റെ

എൻട്രി 33 പ്രകാരം 'ഒരു സംസ്ഥാനത്തിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ളതും ആ സംസ്ഥാനത്ത് മാത്രം ബിസിനസ് നടത്തുന്നതോ ആയ കോർപ്പറേഷനുകൾ, സഹകരണ സംഘങ്ങൾ എന്നിവ ഒഴികെയുള്ള കോർപ്പറേഷനുകളുടെ അതായത്, ബാങ്കിങ്, ഇൻഷുറൻസ്, ഫിനാൻഷ്യൽ കോർപ്പറേഷനുകൾ എന്നിവയുൾപ്പെടെയുള്ള വ്യാപാര കോർപ്പറേഷനുകളുടെയും വ്യാപാര പ്രവൃത്തിയിലേർപ്പെട്ടാലും ഇല്ലെങ്കിലും ഒരു സംസ്ഥാനത്ത് മാത്രം പരിമിതപ്പെടാത്ത ഉദ്യേശ്യത്തോടുകൂടിയ കോർപ്പറേഷനുകളുടെയും സംയോജനവും നിയന്ത്രണവും അവസാനിപ്പിക്കലും' വിഷയങ്ങളിൽ കേന്ദ്ര സർക്കാരിന് നിയമം നിർമ്മിക്കാം. സംസ്ഥാന ലിസ്റ്റിന്റെ എൻട്രി 33 പ്രകാരം 'ഒന്നാമത്തെ ലിസ്റ്റിൽ പറഞ്ഞിട്ടുള്ളവയൊഴികെയുള്ള കോർപ്പറേഷനുകളുടെ സംയോജനവും നിയന്ത്രണവും അവസാനിപ്പിക്കലും സംയോജനപ്പെടുത്തിയിട്ടില്ലാത്ത വ്യാപാരസംബന്ധവും സാഹിത്യപരവും ശാസ്ത്രീയവും മതപരവും മറ്റുമായ സംഘങ്ങളും സംഘടനകളും, സഹകരണ സംഘങ്ങൾ' വിഷയങ്ങളിൽ സംസ്ഥാന സർക്കാരിനും നിയമം നിർമ്മിക്കാം. ഈ രണ്ട് എൻട്രികളും കൂട്ടി വായിക്കുമ്പോൾ വ്യക്തമാവുന്നത് സഹകരണ സംഘങ്ങളെ സംബന്ധിച്ച് നിയമം നിർമ്മിക്കാനുള്ള പരമമായ അധികാരം സംസ്ഥാനങ്ങളിൽ നിക്ഷിപ്തമായിരുന്നു എന്നാണ്. പക്ഷേ കോളനി സർക്കാർ ഈ വിഭജനം കണക്കിലെടുക്കാതെ ഒന്നിൽകൂടുതൽ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന കോപ്പറേറ്റീവ് സൊസൈറ്റികൾക്കായി മൾട്ടി യൂണിറ്റ് കോപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് 1942-ൽ പാസാക്കുകയുണ്ടായി. അത് നിയമപരമായ ഒരു പിഴവായിരുന്നു. എന്നാൽ ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയശേഷവും ഈ നിയമം തുടരാൻ അനുവദിക്കുകയുണ്ടായി.

ഇന്ത്യൻ ഭരണഘടനയിൽ സഹകരണ സംഘങ്ങളെ സംബന്ധിച്ച നിയമ നിർമാണാധികാരം 1935-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ടിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നതായി കാണാം. ഏഴാംപട്ടികയിലെ സംസ്ഥാന ലിസ്റ്റിന്റെ എൻട്രി 32 പ്രകാരം ഈ വിഷയം പൂർണ്ണമായും സംസ്ഥാനങ്ങളുടെ നിയമ നിർമാണ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങൾ നിർമ്മിക്കാനുള്ള പൂർണ്ണ അധികാരം ഭരണഘടന സംസ്ഥാന നിയമസഭകൾക്ക് നൽകിയിരിക്കുന്നതായാണ് മനസിലാക്കേണ്ടത്. ഒരു വിഷയം സംസ്ഥാന ലിസ്റ്റിൽ വ്യക്തമായും സംശയാതീതമായും ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ വിഷയത്തിനുമേൽ നിയമം നിർമ്മിക്കാനുള്ള അധികാരം സംസ്ഥാന നിയമ സഭകൾക്ക് മാത്രമാണെന്നും പാർലമെന്റിന് ആ വിഷയത്തിൽ നിയമം നിർമ്മിക്കാൻ

അധികാരമില്ല എന്നതുമാണ് ശരിയായ ഭരണഘടനാ വ്യാഖ്യാന രീതി. ഇതിന് പൂരകമായിട്ടാണ് ഏഴാം പട്ടികയിലെ യൂണിയൻ ലിസ്റ്റിന്റെ എൻട്രി 43. ഇവിടെയും വളരെ കൃത്യമായി സഹകരണ സംഘങ്ങളെ യൂണിയൻ പാർലമെന്റിന്റെ നിയമനിർമ്മാണ പരിധിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നത് കാണാം. നിയമനിർമ്മാണ മേഖലകളെ പ്രതിപാദിക്കുന്ന ഈ മൂന്ന് എൻട്രികളും കൂട്ടി വായിച്ചാൽ ഇന്ത്യാ ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റുകളുടെയും മേഖലകൾ അടുത്ത പേജിൽ കൊടുത്തിരിക്കുന്ന പട്ടിക പ്രകാരമായിരിക്കും.

ഇന്ത്യൻ ഭരണഘടനാ പ്രകാരം സഹകരണസംഘങ്ങളുടെ മേൽ നിയമം നിർമ്മിക്കാനുള്ള അധികാരം സംസ്ഥാന നിയമസഭകളിൽ മാത്രം നിക്ഷിപ്തമായ ഒന്നാണ്. ഇന്ത്യൻ പാർലമെന്റിന് ആ വിഷയത്തിൽ മേൽ അധികാരമില്ല. കേന്ദ്ര സർക്കാരിനെ ഈ മേഖലയിൽ നിന്ന് പ്രത്യേകമായിതന്നെ ഒഴിവാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരുകൾ സഹകരണ നിയമങ്ങൾ പാസാക്കുകയും അതത് സംസ്ഥാനങ്ങളിൽ അത് ബാധകമാവുകയും ചെയ്തു. എന്നാൽ ബ്രിട്ടീഷ് ഭരണത്തിലും സ്വതന്ത്ര ഇന്ത്യയിലും കേന്ദ്ര സർക്കാരുകൾ ഇതിൽ നിന്ന് വ്യത്യസ്തമായി സഹകരണ നിയമങ്ങൾ നിർമ്മിക്കുകയുണ്ടായി. 1942-ൽ ബ്രിട്ടീഷ് പാർലമെന്റ് പാസാക്കിയ മൾട്ടി യൂണിറ്റ് കോപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് സ്വതന്ത്ര ഇന്ത്യയിലും തുടരുകയും ഈ നിയമത്തിന്റെ ചുവടുപിടിച്ച് പാർലമെന്റ് 1984-ൽ മൾട്ടി സ്റ്റേറ്റ് കോപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പാസാക്കുകയുണ്ടായി. 2002-ൽ 1984-ലെ നിയമത്തെ റദ്ദ് ചെയ്ത്കൊണ്ട്, പാർലമെന്റ് പരിഷ്കരിച്ച മൾട്ടി സ്റ്റേറ്റ് കോപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് നിർമ്മിക്കുകയുണ്ടായി. ഇന്ത്യൻ ഉത്പാദന, സാമ്പത്തിക മേഖലകളിലും അതിന്റെ സാമൂഹിക ഉപരിഘടനകളിലും ഉദാര മുതലാളിത്ത തത്വങ്ങളും സമ്പ്രദായങ്ങളും നടപ്പിലാക്കിത്തുടങ്ങിയ 1980-കളുടെ മധ്യത്തിൽ ഇന്ത്യൻ സഹകരണ മേഖലയും അതിന് വിധേയമാവുകയും അതിനനുസൃതമായ നിയമ നിർമ്മാണങ്ങൾ നടക്കുകയുമുണ്ടായി. ഒറ്റ വിപണിയും ഒരു ചുങ്കവ്യവസ്ഥയും സഹകരണ സ്ഥാപനങ്ങളെപ്പോലെ വികേന്ദ്രീകരണ സ്വഭാവമുള്ള ഉത്പാദനമേഖലകളെ അങ്ങനെതന്നെ നിലനിർത്താൻ ഭരണകൂടത്തിനും താത്പര്യമില്ലായിരുന്നു.

സഹകരണ സംഘങ്ങളെ സംബന്ധിച്ച് നിയമം നിർമ്മിക്കാനുള്ള അധികാരം പൂർണ്ണമായും സംസ്ഥാനങ്ങൾക്കായിട്ടും കേന്ദ്രസർക്കാരുകൾ ഈ വിഷയത്തിൽ നിയമ നിർമ്മാണങ്ങൾ നടത്തിക്കൊണ്ടേയിരുന്നു. ഏറ്റവും പ്രസക്തമായ കാര്യം സഹകരണ സംഘങ്ങൾ എന്നത് പൂർണ്ണമായും സംസ്ഥാന വിഷയമാണെന്നും അതിന്മേൽ

പാർലമെന്റ് നിയമനിർമ്മാണം നടത്തുന്നത് ഭരണഘടനാ വിരുദ്ധ മാണെന്നും നിലപാടെടുത്തതുകൊണ്ട് ഇതുവരെ ഒരു സംസ്ഥാന സർക്കാരും സുപ്രീംകോടതിയെ സമീപിച്ചിട്ടില്ല എന്നതാണ്. സഹകരണസംഘങ്ങൾ സംസ്ഥാന ലിസ്റ്റിൽ ഉൾപ്പെട്ട വിഷയമാവുകയും യൂണിയൻ ലിസ്റ്റിൽ അത് പ്രത്യേകമായി ഒഴിവാക്കുകയും ചെയ്തിരിക്കുന്നതിനാൽ, യൂണിയൻ ലിസ്റ്റിന്റെ എൻട്രി 44- ൽ ആ വിഷയം ഉൾപ്പെടുത്താനേ ആവില്ല എന്നതാണ് ശരിയായ വ്യാഖ്യാനരീതി. കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരുകൾക്കും ഒരുപോലെ ഈ വിഷയത്തിൽ നിയമം നിർമ്മിക്കാനുള്ള അധികാരം നൽകാൻ ഭരണഘടന ഉദ്ദേശിച്ചിരുന്നെങ്കിൽ ആ വിഷയം തീർച്ചയായും കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തുമായിരുന്നു. ഏതെങ്കിലും തരത്തിലുള്ള സഹകരണസംഘങ്ങളെ ബാധിക്കുന്ന നിയമങ്ങൾ നിർമിക്കാൻ പാർലമെന്റിന് അധികാരം നൽകാൻ ഭരണഘടനയ്ക്ക് ഉദ്ദേശ്യമുണ്ടായിരുന്നെങ്കിൽ യൂണിയൻ ലിസ്റ്റിന്റെ എൻട്രി 44-ൽ തീർച്ചയായും അങ്ങനെ പ്രത്യേകമായി പറയുമായിരുന്നു. ഇത് രണ്ടും സംഭവിച്ചിട്ടില്ലാത്തതിനാൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പാർലമെന്റിന് നിയമം നിർമ്മിക്കാൻ അധികാരം നൽകാൻ ഭരണഘടന ഉദ്ദേശിച്ചിട്ടില്ലെന്നു വേണം ന്യായമായും അനുമാനിക്കാൻ. സംസ്ഥാന ലിസ്റ്റിൽ പ്രത്യേകമായി ഒരു വിഷയത്തെ ഉൾപ്പെടുത്താതിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അത് പൂർണ്ണമായും സംസ്ഥാന വിഷയമായി മാത്രം പരിഗണിക്കപ്പെടേണ്ടതാണ്. മറിച്ചുള്ള അനുമാനങ്ങൾ ശരിയല്ല. എന്നാൽ സംസ്ഥാന സഹകരണ സ്ഥാപനങ്ങൾ, അന്തർസംസ്ഥാന സഹകരണ സ്ഥാപനങ്ങൾ എന്നീ രണ്ടുതരം സഹകരണ സ്ഥാപനങ്ങളുടെ അസ്തിത്വം നിയമനിർമ്മാണങ്ങളിൽക്കൂടി യൂണിയൻ സർക്കാർ സ്ഥാപിച്ചെടുക്കുകയുണ്ടായി. സംസ്ഥാനങ്ങളുടെ അധികാരപരിധികൾക്കകത്തേക്കാണ് ഈ കടന്നുകയറ്റം നടന്നതെങ്കിലും ഈ നിയമങ്ങളുടെ ഭരണഘടനാ സാധ്യതയെ സംസ്ഥാനങ്ങൾ ചോദ്യം ചെയ്യുകയുണ്ടായില്ല.

എൺപതുകൾ മുതൽതന്നെ ഇന്ത്യൻ സഹകരണമേഖലകളിൽ ഇടപെടാൻ കേന്ദ്ര സർക്കാരുകൾ വലിയ താത്പര്യങ്ങൾ കാണിക്കുകയും അതിനായി നിയമങ്ങൾ നിർമ്മിക്കുകയും ഉത്തരവുകൾ ഇറക്കുകയും ചെയ്തിരുന്നെങ്കിലും ഏറ്റവും വലിയ ചുവടുവയ്പ് നടത്തിയത് 2012-ലാണ്. തൊണ്ണൂറ്റിയേഴാം ഭരണഘടനാ ഭേദഗതിയുടെ രൂപത്തിൽ 2004 മുതലേ ഇതിന്റെ മുന്നൊരുക്കങ്ങൾ തുടങ്ങിയതായി കാണാം. ആ വർഷം ഡിസംബർ ഏഴാംതീയതി നടന്ന വിവിധ സംസ്ഥാനങ്ങളിലെ സഹകരണ വകുപ്പ് മന്ത്രിമാരുടെ സമ്മേളനത്തിലാണ് ഇത്തരമൊരു ഭരണഘടനാ ഭേദഗതിയെപ്പറ്റി യൂണിയൻ സർക്കാർ തീരുമാനിച്ചത്. ഇതിനോട് പ്രതിപക്ഷ കക്ഷികൾ ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മന്ത്രിമാർ പോലും വിയോജിപ്പ് പ്രകടിപ്പിക്കുകയുണ്ടായില്ല.

<table>
<tr><th colspan="4">സഹകരണസംഘങ്ങളെ സംബന്ധിച്ചുള്ള നിയമനിർമ്മാണ മേഖലകൾ</th></tr>
<tr><th>സർക്കാർ</th><th>സ്ഥാപനങ്ങൾ</th><th>മേഖലകൾ</th><th>ഒഴിവാക്കിയിട്ടുള്ളവ</th></tr>
<tr><td rowspan="2">ഇന്ത്യാ ഗവൺമെന്റ്</td><td>ബാങ്കിങ്, ഇൻഷുറൻസ്, ഫിനാൻഷ്യൽ കോർപ്പറേഷനുകൾ എന്നിവയുൾപ്പെടെയുള്ള വ്യാപാര സംബന്ധിയായ കോർപ്പറേഷനുകൾ</td><td>സംയോജനം, നിയന്ത്രണം, അവസാനിപ്പിക്കൽ</td><td>1. സഹകരണ സംഘങ്ങൾ<br>2. സർവ്വകലാ ശാലകൾ</td></tr>
<tr><td>ഒരു സംസ്ഥാനത്ത് മാത്രം പരിമിതപ്പെടാത്ത ഉദ്ദ്യേശ്യങ്ങളോടുകൂടിയ, വ്യാപാരസംബന്ധമോ അല്ലാത്തതോ ആയ കോർപ്പറേഷനുകൾ.</td><td>സംയോജനം, നിയന്ത്രണം, അവസാനിപ്പിക്കൽ</td><td></td></tr>
<tr><td rowspan="4">സംസ്ഥാന ഗവൺമെന്റ്</td><td>1. കോർപ്പറേഷനുകൾ</td><td>സംയോജനം, നിയന്ത്രണം, അവസാനിപ്പിക്കൽ</td><td rowspan="4">ഏഴാംപട്ടികയിലെ ഒന്നാം ലിസ്റ്റിൽ പ്രസ്താവിച്ചിട്ടുള്ള കോർപ്പറേഷനുകൾ.</td></tr>
<tr><td>2. സർവ്വകലാശാലകൾ</td><td>സംയോജനം, നിയന്ത്രണം, അവസാനിപ്പിക്കൽ</td></tr>
<tr><td>3.വ്യാപാര സംബന്ധവും സാഹിത്യപരവും ശാസ്ത്രീയവും മതപരവും മറ്റുമായ സംയോജനപ്പെടു ത്തിയിട്ടില്ലാത്ത സംഘങ്ങളും സംഘടനകളും</td><td>പരിധിയില്ല</td></tr>
<tr><td>സഹകരണ സംഘങ്ങൾ</td><td>പരിധിയില്ല</td></tr>
<tr><td colspan="4">കുറിപ്പ് : ഇതിൽ പറഞ്ഞിട്ടുള്ള നിയമനിർമ്മാണ അധികാരങ്ങൾ ഏഴാംപട്ടികയിലെ മറ്റ് എൻട്രികൾക്ക് വിധേയമായിരിക്കും. എന്നാൽ സഹകരണസംഘങ്ങളെ സംബന്ധിച്ച് വേറെ എൻട്രികൾ ഏഴാം പട്ടികയിൽ ഇല്ല.</td></tr>
</table>

സംസ്ഥാന സഹകരണ സ്ഥാപനങ്ങളുടെ ഭരണ സംവിധാനങ്ങളെ നിയന്ത്രിക്കാൻ നിയമംമൂലം സാധ്യമല്ലാത്തതിനാൽ അത് ഭരണഘടനാ ഭേദഗതിയിൽ കൂടി നേടിയെടുക്കാനാണ് യൂണിയൻ സർക്കാർ ശ്രമിച്ചത്. അതോടൊപ്പം അന്തർസംസ്ഥാന സഹകരണസംഘങ്ങളെ സംബന്ധിക്കുന്ന നിയമങ്ങൾ നിർമ്മിക്കാനുള്ള അധികാരവും അതിന്റെ ഭരണച്ചുമതലകളും ഭരണഘടനാ ഭേദഗതിയിൽക്കൂടി യൂണിയൻ സർക്കാർ ഉന്നംവെച്ചത്. തൊണ്ണൂറ്റിയേഴാം ഭരണഘടനാ ഭേദഗതി 243ZH മുതൽ 243ZT വരെയുള്ള 13 അനുച്ഛേദങ്ങൾ ഉൾപ്പെടുത്തി ഭരണഘടനയ്ക്ക് പാർട്ട് IXB പുതുതായി കൂട്ടിച്ചേർക്കുകയുണ്ടായി. ഇതിൽകൂടി സംസ്ഥാന, അന്തർ സംസ്ഥാന സഹകരണ സംഘങ്ങളുടെ രൂപവത്ക്കരണത്തിനും നടത്തിപ്പിനും ഒട്ടനവധി നിയന്ത്രണങ്ങളും അനുശാസനങ്ങളുമാണ് നിലവിൽ വന്നത്. സംസ്ഥാന ലിസ്റ്റിലെ എൻട്രി 32 പ്രകാരം അതുവരെ പൂർണമായും സംസ്ഥാന നിയമസഭകളിൽ നിക്ഷിപ്തമായിരുന്ന അധികാരത്തിന് ഇതിൽക്കൂടി നിയന്ത്രണങ്ങൾ വരികയുണ്ടായി. സംസ്ഥാന ലിസ്റ്റിലെ എൻട്രി 32 പ്രകാരം അതുവരെ പൂർണ്ണമായും സംസ്ഥാന നിയമസഭകളിൽ നിക്ഷിപ്തമായിരുന്ന അധികാരത്തിന് ഇതിൽകൂടി നിയന്ത്രണങ്ങൾ വരുകയുണ്ടായി. സഹകരണ സംഘങ്ങളുടെ സംയോജനം, നടത്തിപ്പ്, അവസാനിപ്പിക്കൽ എന്നിവയ്ക്കാവശ്യമായ തത്ത്വങ്ങൾ രൂപവത്ക്കരിക്കുകയും അവയുടെ ഡയറക്ടർമാരുടെ പരമാവധി എണ്ണവും ബോർഡിന്റെ കാലാവധിയും നിജപ്പെടുത്തുകയും സ്വതന്ത്രമായ ഓഡിറ്റ് സംവിധാനം കൊണ്ടുവരുകയും ബോർഡിൽ സംവരണത്തിനുള്ള നിർദ്ദേശം നൽകുകയുമുണ്ടായി. ഇത് കൂടാതെ സഹകരണ സംഘങ്ങൾ രൂപവത്ക്കരിക്കാനുള്ള സ്വാതന്ത്ര്യത്തെ മൗലികാവകാശമാക്കാനും രാഷ്ട്രത്തിന്റെ നിർദ്ദേശകതത്ത്വങ്ങളിൽ സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കാനുമുള്ള കൂട്ടിച്ചേർക്കലുകളും ഈ ഭേദഗതിയിൽക്കൂടി നടപ്പിലാക്കുകയുണ്ടായി. ഈ ഭരണഘടനാ ഭേദഗതി 2012 ഫെബ്രുവരി 15-ന് നിലവിൽ വന്നു. എന്നാൽ ഈ ഭേദഗതിയുടെ സാധുത ചോദ്യം ചെയ്തുകൊണ്ട് ഒരു പൊതുതാത്പര്യ പെറ്റീഷൻ ഗുജറാത്ത് ഹൈക്കോടതിയിൽ വരികയുണ്ടായി. സംസ്ഥാനങ്ങളുടെ അധികാര പരിധിയിലുള്ള വിഷയം ഭേദഗതി ചെയ്യുമ്പോൾ മൊത്തം സംസ്ഥാന നിയമസഭകളുടെ പകുതിയെങ്കിലും അത് അംഗീകരിക്കേണ്ടതായിട്ടുണ്ട്. തൊണ്ണൂറ്റിയേഴാം ഭേദഗതിക്ക് അത്തരമൊരു അംഗീകാരം നേടാൻ നടപടികളെടുക്കാതെ തന്നെ പ്രസിഡന്റിന്റെ കയ്യൊപ്പ് വാങ്ങാനും ഭേദഗതി പ്രസിദ്ധീകരിക്കാനുമാണ് അന്ന് അധികാരത്തിലിരുന്ന രണ്ടാം യു.പി.എ.

സർക്കാർ തയ്യാറായത്. ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ ഈ ഭരണഘടനാ ഭേദഗതിക്ക് സാധുത യില്ലെന്നായിരുന്നു ഹർജിക്കാരന്റെ വാദം. ഗുജറാത്ത് ഹൈക്കോടതി ഈ വാദം അംഗീകരിക്കുകയും 2013 ഏപ്രിൽ 22 – ന് ഈ ഭരണഘടനാ ഭേദഗതി അസാധു വാക്കിക്കൊണ്ട് ഉത്തരവാകുകയും ചെയ്തു. ഈ വിധിക്കെതിരെ യൂണിയൻ സർക്കാർ സുപ്രീം കോടതിയിൽ അപ്പീൽ (യൂണിയൻ ഓഫ് ഇന്ത്യ വേഴ്സസ് രാജേന്ദ്ര എൻ.ഷാ) ഫയൽ ചെയ്യുകയുണ്ടായി. 2021 ജൂലായ് 20–ന് സുപ്രീംകോടതി ഗുജറാത്ത് ഹൈക്കോടതി വിധിയെ ശരിവയ്ക്കുകയും അന്തർ സംസ്ഥാന സഹകരണ സംഘങ്ങളെ ബാധിക്കുന്ന ഭാഗം മാത്രം നിലനിർത്തി പാർട്ട് IXB- യിലെ, സംസ്ഥാന സഹകരണ സംഘങ്ങളെ ബാധിക്കുന്ന അനുച്ഛേദങ്ങൾ മുഴുവൻ അസാധുവായി പ്രഖ്യാപിക്കുകയുമുണ്ടായി. സംസ്ഥാനതല സഹകരണ സംഘങ്ങളുടെ രൂപവത്കര ണത്തിലും നടത്തിപ്പിനും ഇടപെടാൻ സാധിക്കാതെ വന്നെങ്കിലും അന്തർ സംസ്ഥാന സഹകരണസംഘങ്ങളെ ഒരു ഭരണഘടനാ യാഥാർഥ്യമാക്കാൻ ഇതോടുകൂടി സാധിച്ചു. സംസ്ഥാനങ്ങളുടെ അധികാര പരിധിയിൽ വരുന്ന ഒരു വിഷയത്തിൽ നടത്തിയ ഭരണഘടനാ ഭേദഗതി നടപടിക്രമങ്ങൾ പാലിക്കാ തെയാണ് നടത്തിയതെന്ന് ചൂണ്ടിക്കാണിച്ച് നിയമയുദ്ധം നടത്തിയത് ഒരു സംസ്ഥാന സർക്കാരുമല്ല ഒരു സ്വകാര്യവ്യക്തിയാണ്. സംസ്ഥാന സർക്കാരുകളുടെ നിയമ വകുപ്പുകളും അനുബന്ധ സംവിധാന ങ്ങളും എത്ര ലാഘവത്തോടെയാണ് ഇത്തരം ഗൗരവമുള്ള വിഷയങ്ങളെ കൈകാര്യം ചെയ്യുന്നതെന്ന് ഇത് വെളിവാക്കുന്നു.

ഫെഡറലിസം ഇന്ത്യൻ ഭരണ ഘടനയുടെ അടിസ്ഥാന പ്രമാണങ്ങളി ലൊന്നാണെന്നും അത് പാർലമെന്റിന്റെ ഭരണഘടനാ ഭേദഗതിയധികാരത്തിന് വെളിയിലാണെന്നും 1973-ലെ സുപ്രധാനമായ കേശവാനന്ദഭാരതി കേസിലും 1994 -ലെ എസ്.ആർ. ബൊമ്മ കേസിലും സുപ്രീംകോടതി വ്യക്ത മാക്കുകയുണ്ടായി. എന്നാൽ തൊണ്ണൂറ്റി യേഴാം ഭരണഘടനാ ഭേദഗതി ഫെഡറലിസത്തെ പ്രതികൂലമായി ബാധിക്കുന്നതാണെങ്കിലും ഈ ഭരണഘടനാതത്ത്വത്തിന്റെ അടിസ്ഥാന ത്തിൽ അതിനെ വിലയിരുത്താനോ സാധുത പരിശോധിക്കാനോ കോടതി തയ്യാറായില്ല എന്ന ഒരു പോരായ്മ ഈ കേസിൽ കാണാനാവും. നടപടി ക്രമത്തിന്റെ അഭാവം മാത്രമേ കോടതി പരിഗണിക്കുകയുണ്ടായുള്ളൂ. അടിസ്ഥാനപ്രമാണലംഘനം നടന്നിട്ടുണ്ടോയെന്ന നൈയാമിക പരിശോധന നടന്നിരുന്നെങ്കിൽ, സഹകരണസംഘം എന്ന വിഷയത്തിന്റെ ആഴങ്ങളിലേക്ക് പോകാനും ആ മേഖലയിൽ നിലനിൽക്കുന്ന വിഷയങ്ങളെ പരിശോധിച്ച് തീർപ്പ് കല്പിക്കാനും

സുപ്രീംകോടതിക്ക് സാധിക്കുമായിരുന്നു. തൊണ്ണൂറ്റി ഏഴാം ഭരണഘടനാ ഭേദഗതി ബില്ല് പാർലമെന്റിൽ അവതരിപ്പി ക്കുന്നതും പാസാക്കിയെടുക്കുന്നതും മൻമോഹൻസിങ് നേതൃത്വം നൽകുന്ന രണ്ടാം യു.പി.എ സർക്കാരിന്റെ കാലത്താണ്. ഈ ഭരണഘടനാ ഭേദഗതി ഗുജറാത്ത് ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെടുമ്പോൾ അവിടത്തെ മുഖ്യമന്ത്രി നരേന്ദ്രമോദിയാണ്. പക്ഷേ ഗുജറാത്ത് സർക്കാരിനുവേണ്ടി ഹൈക്കോടതിയിൽ ഹാജരായ അഡ്വക്കേറ്റ് ജാനി കേന്ദ്ര സർക്കാരിന്റെ വാദത്തെ പിന്തുണയ്ക്കുകയും അതിനെ തിരെയുള്ള റിട്ട് പെറ്റീഷൻ തള്ളിക്കളയാൻ അഭ്യർത്ഥിക്കുകയു മാണുണ്ടായത്. സുപ്രീംകോടതിയിൽ ഹാജരായ അറ്റോർണി ജനറൽ കെ. കെ. വേണുഗോപാലും ഈ ഭരണഘടനാ ഭേദഗതിയെ സംരക്ഷിക്കാനായി ശക്തമായി വാദിക്കുകയുണ്ടായി.

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 73 പ്രകാരം യൂണിയൻ സർക്കാരിന്റെ നിർവാഹകാധികാരത്തിന്റെ (Executive power) വ്യാപ്തി ഇന്ത്യൻ പാർലമെന്റിന് നിയമം നിർമ്മിക്കാൻ അധികാരമുള്ള വിഷയങ്ങളെ സംബന്ധിച്ചും ഏതെങ്കിലും സന്ധിയുടെയോ ഉടമ്പടിയുടെയോ ബലത്തിൽ പ്രയോഗിക്കാവുന്ന അധികാരത്തെ സംബന്ധിച്ചും ആയിരിക്കും. സംസ്ഥാന സർക്കാരിന്റെ നിർവാഹ കാധികാരത്തിന്റെ വ്യാപ്തിയാവട്ടെ അനുച്ഛേദം 162 പ്രകാരം സംസ്ഥാനങ്ങൾക്ക് നിയമനിർമ്മാണ അധികാരമുള്ള വിഷയങ്ങളിലും കേന്ദ്രം സമവർത്തി വിഷയങ്ങളിന്മേൽ നിർമ്മിക്കുന്ന നിയമങ്ങളിൽ മറിച്ച് പറഞ്ഞിട്ടില്ലെങ്കിൽ, അതിന്മേലുമായിരിക്കും. ദ്വിതല സർക്കാർ സമ്പ്രദായത്തിൽ യൂണിയൻ, സംസ്ഥാന സർക്കാരുകൾ ക്കിടയിലുള്ള അധികാര വിഭജനം അടിസ്ഥാനപ്പെടുത്തുന്നത് നിയമ നിർമ്മാണ അധികാരത്തെയാണ്. ഇന്ത്യൻ ഭരണഘടനയുടെ 245 മുതൽ 255 വരെയുള്ള അനുച്ഛേദങ്ങളും ഏഴാം പട്ടികയും ഇതാണ് നിർവ്വഹിക്കുന്നത്. ഏഴാം പട്ടികയിലെ യൂണിയൻ ലിസ്റ്റ്, സംസ്ഥാന ലിസ്റ്റ്, സംയുക്ത ലിസ്റ്റ് എന്നിവയിലാണ് ഈ സർക്കാരുകളുടെ നിയമ നിർമ്മാണ മേഖലകൾ അഥവാ വിഷയങ്ങൾ നൽകിയിരിക്കുന്നത്. അതുപ്രകാരം യൂണിയൻ ലിസ്റ്റിൽ പ്പെട്ടതും ഒരു ലിസ്റ്റിലും പെടാത്തതുമായ വിഷയങ്ങളുടെമേൽ നിയമം നിർമ്മി ക്കാനുള്ള അധികാരം പാർലമെന്റി നായിരിക്കും. സംസ്ഥാന ലിസ്റ്റിൽപെട്ട വിഷയങ്ങളുടെമേൽ സംസ്ഥാന നിയമ സഭകൾക്കും സംയുക്ത ലിസ്റ്റിൽപെട്ട വിഷയങ്ങളുടെമേൽ രണ്ടുകൂട്ടർക്കും നിയമനിർമ്മാണം നടത്താം. നിർവാഹ കാധികാരത്തെ സംബന്ധിച്ച് ഇത്ര കൃത്യമായ ഭരണഘടനാ നിർദ്ദേശങ്ങൾ ഉണ്ടെങ്കിലും അതിന് കടകവിരുദ്ധമായി യൂണിയൻ സർക്കാർ പ്രവർത്തി ക്കുന്നതായി കാണാം. ഇതിന്റെ അവസാനത്തെ സംഭവമാണ് സഹകരണ

മേഖലയിലെ മന്ത്രാലയ രൂപവത്ക്കരണം. പൊതുജനാരോഗ്യം സംസ്ഥാനലിസ്റ്റിന്റെ എൻട്രി 6 – ലും, കൃഷി എൻട്രി 14 – ലും ഉൾപ്പെടുന്ന വിഷയങ്ങളാണ്. യൂണിയൻ ലിസ്റ്റിലോ സംയുക്ത ലിസ്റ്റിലോ ഈ വിഷയങ്ങളുമായി നേരിട്ട് ബന്ധമുള്ള ഒരു വിഷയവുമില്ല. ഇതിൽകൂടി ഈ വിഷയങ്ങളിൽ നിയമം നിർമ്മിക്കാനുള്ള അധികാരം മാത്രമല്ല ഭരണഘടന നിഷേധിച്ചത്. മറിച്ച് ആ വിഷയങ്ങളിലുള്ള നിർവാഹകാധികാരത്തെക്കൂടിയാണ്. എന്നാൽ ഈ വിഷയങ്ങളിൽ കേന്ദ്രമന്ത്രിമാരും മന്ത്രാലയങ്ങളും പ്രവർത്തിക്കുകയും ഇന്ത്യക്ക് മുഴുവൻ ബാധകമാകുന്ന ഉത്തരവുകളും നിർദ്ദേശങ്ങളും നൽകുന്നുമുണ്ട്. ഇതെല്ലാം സംസ്ഥാനങ്ങൾ അക്ഷരം പ്രതി പാലിക്കുന്നുമുണ്ട്.

ഇവിടെയാണ് കേന്ദ്ര സർക്കാർ പുതുതായി രൂപവത്ക്കരിച്ച സഹകരണ മന്ത്രാലയത്തിന്റെ ഭരണഘടനാ സാധുത വിലയിരുത്തപ്പെടേണ്ടത്. എണ്ണത്തിൽ വളരെ കുറവായ അന്തർസംസ്ഥാന സഹകരണ സംഘങ്ങളുടെ നടത്തിപ്പിനായി ഒരു സ്വതന്ത്ര മന്ത്രാലയം രൂപവത്കരിക്കുമെന്നോ അതിന്റെ ഉത്തരവാദിത്വം പ്രധാനമന്ത്രി കഴിഞ്ഞാൽ ഏറ്റവും പ്രബലനായ ആഭ്യന്തരമന്ത്രിക്ക് നൽകുമെന്നോ വിശ്വസിക്കാൻ പ്രയാസമാണ്. ഇന്ത്യയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളെ ഒന്നടങ്കം തങ്ങളുടെ വരുതിക്ക് കൊണ്ടുവരാനുള്ള ഒരു കോർപ്പറേറ്റ് പദ്ധതിയുടെ ഭാഗമാണിത്. അതിൽക്കൂടി നഗര, ഗ്രാമീണ മേഖലകളിൽ ഒരുപോലെ സ്വാധീനമുള്ള സഹകരണ സംഘങ്ങളെ നിയന്ത്രണത്തിൽ കൊണ്ടുവരാമെന്നും അവയുടെ അധികാരത്തിലുള്ള വമ്പിച്ച സ്വത്തുക്കൾ കൈകാര്യം ചെയ്യുന്നതിൽ ഇടപെടാനാവുമെന്നും രാഷ്ട്രീയ മേലാളന്മാർ പ്രതീക്ഷിക്കുന്നുണ്ടാവാം. വികേന്ദ്രീകൃത അധികാര തുരുത്തുകൾ സമഗ്രാധിപത്യത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കും രീതി ശാസ്ത്രങ്ങൾക്കും വിപരീതമായതിനാൽ കേന്ദ്രീകൃത അധികാരത്തിന്റെ ബലതന്ത്രത്തിനകത്തേക്ക് അത്തരം സ്ഥാപനങ്ങളെയെല്ലാം ആവാഹിക്കുക എന്നത് ഇന്ത്യൻ ഭരണകൂടത്തിന്റെ ലക്ഷ്യമായിരിക്കുന്നു.

സംസ്ഥാന വിഷയങ്ങളുടെ മേൽ യൂണിയൻ സർക്കാർ നടത്തുന്ന ഇത്തരം അധികാര പ്രയോഗങ്ങൾ ഭരണഘടനേതരവും ഭരണഘടനയുടെ അടിസ്ഥാന പ്രമാണമായ ദ്വിതല സർക്കാർ എന്ന ആശയത്തെ ലംഘിക്കുന്നതുമാണ്. ഭരണഘടനാപരമായി വിഭജിച്ചു നൽകിയിട്ടുള്ള പരിധികൾക്കുള്ളിൽ മാത്രമേ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ അധികാരപ്രയോഗങ്ങൾ നടത്താവൂ. മറിച്ചായാൽ അതിന്റെ പ്രത്യാഘാതങ്ങൾ ദൂരവ്യാപകവും ഗുരുതരവും ആയിരിക്കും. എന്നാൽ ഇന്ത്യയിൽ ഭരണഘടന നിലവിൽ വന്നപ്പോൾ മുതൽ ഈ തത്ത്വത്തെ കാലാകാലങ്ങളായി കേന്ദ്രത്തിൽ

അധികാരത്തിലെത്തിയ സർക്കാരുകൾ അവഗണിക്കുകയും അത് സംസ്ഥാന ങ്ങളുടെ രാഷ്ട്രീയ, സാമ്പത്തിക സ്വയംഭരണത്തെ പ്രതികൂലമായി ബാധിക്കുകയുമുണ്ടായി. ഇന്ത്യയിൽ ഉടലെടുത്ത ഭീകരവാദത്തിന്റെയും വിഘടനപ്രവർത്തനങ്ങളുടെയും വേരുകൾ തേടിപ്പോയാൽ ഈ അധികാര കേന്ദ്രീകരണ ഉദ്യമങ്ങൾക്ക് വലിയ പങ്കുള്ളതായിക്കാണാം.

അപ്പോൾ സ്വാഭാവികമായ ഒരു ചോദ്യം ഉയർന്നുവരുന്നുണ്ട്. പൂർണമായും സംസ്ഥാനങ്ങളിൽ നിക്ഷിപ്തമായ വിഷയങ്ങളിന്മേൽ ഒരു ദേശീയ നയവും അതിനനുസൃതമായ പരിപാടികളും എങ്ങനെ വികസിപ്പിക്കാൻ സാധിക്കും? യൂണിയൻ സർക്കാരിന്റെ സാമ്പത്തികവും രാഷ്ട്രീയവും ഭരണപരവുമായ മേൽക്കോയ്മ ഈ നയങ്ങളെ സംസ്ഥാന ങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാൻ തക്കവണ്ണം പ്രബലമാണ്. അപ്പോൾ സംസ്ഥാനങ്ങളും യൂണിയനും തമ്മിൽ സമവായത്തിന്റെയും സഹകരണ ത്തിന്റെയും തലം മങ്ങുകയും അസ്വാരസ്യത്തിന്റെയും എതിർപ്പിന്റെയും മേഖലകൾ ശക്തമാവുകയും ചെയ്യും. എല്ലാ ദ്വിതല സർക്കാർ സംവിധാന ങ്ങളിലും ഉണ്ടാകുന്ന ഒരു പ്രശ്നമാണിത്. ഇന്ത്യൻ ഭരണഘടനയിൽ നിയമ നിർമ്മാണ, നിർവാഹകാധികാരങ്ങൾ മാത്രമല്ല യൂണിയൻ സർക്കാരിനും സംസ്ഥാന സർക്കാരുകൾക്കുമായി വിഭജിച്ചുനൽകിയിട്ടുള്ളത്. 256 മുതൽ 262 വരെയുള്ള അനുച്ഛേദങ്ങൾ ഈ രണ്ട് സർക്കാരുകളും തമ്മിൽ ഉണ്ടായിരിക്കേണ്ട ഭരണപരമായ ബന്ധങ്ങളെ വിശദീ കരിക്കുന്നു. അതാകട്ടെ യൂണിയൻ സർക്കാരിന്റെ മേൽക്കോയ്മ അംഗീകരി ക്കുന്നവയാണ്. ഇന്ത്യയിൽ നിലനിൽക്കുന്ന ദ്വിതല സർക്കാർ സംവിധാനം ഇത്തരം ഒട്ടനവധി സങ്കീർണങ്ങളായ പ്രശ്നങ്ങൾ നിറഞ്ഞതാണ്. പക്ഷേ ആ സങ്കീർണതകൾ എല്ലായ്പ്പോഴും യൂണിയൻ ഗവൺമെന്റിന് ഗുണപരമായും സംസ്ഥാന സർക്കാരുകൾക്ക് ദോഷകര മായും ഭവിക്കുന്നു എന്നതാണ് ഇതിലെ പ്രത്യേകത.

ദ്വിതല ഭരണ സമ്പ്രദായത്തിലെ പ്രതിസന്ധികളെ മറികടക്കാൻ ഒട്ടനവധി നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. 1983 -ൽ രൂപവത്കൃതമായ സർക്കാരിയാ കമ്മീഷൻ ഗൗരവങ്ങളായ വളരെയേറെ നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. അതിൽ വളരെ പ്രാധാന്യമുള്ളതായിരുന്നു അനുച്ഛേദം 263 പ്രകാരമുള്ള അന്തർ സംസ്ഥാന കൗൺസിൽ രൂപവത്ക രണവും അതിന്റെ ജനാധിപത്യപരവും കാര്യക്ഷമവുമായ പ്രവർത്തനങ്ങളെ സംബന്ധിച്ചുമുണ്ടായിരുന്നത്. ഒരു സംസ്ഥാന വിഷയത്തിൽ ദേശീയമായ നയവും നടപടികളും ആവശ്യമാണെന്നു കണ്ടാൽ എല്ലാ സംസ്ഥാനങ്ങളുടെയും അഭിപ്രായ സമന്വയത്തോടെ അത് നടപ്പിലാക്കാൻ ഈ കൗൺസിൽ സഹായകരമായിരിക്കും. അതിന്റെ അടിസ്ഥാനത്തിൽ 1990 മേയ് മാസം പ്രധാനമന്ത്രി അധ്യക്ഷനും സംസ്ഥാന മുഖ്യമന്ത്രിമാർ അംഗങ്ങളുമായ കൗൺസിൽ രൂപവത്ക്കരിക്കപ്പെടുകയുണ്ടായി. എന്നാൽ ഈ കൗൺസിലിന്റെ

മൂന്നുപതിറ്റാണ്ടു കാലത്തെ പ്രവർത്തനം വിലയിരുത്തിയാൽ ഇന്ത്യൻ ഫെഡറലിസത്തെ ശക്തിപ്പെടുത്തുന്നതിലോ, സംസ്ഥാനങ്ങളുടെ അധികാരങ്ങൾ സംരക്ഷിക്കുന്നതിലോ ഗൗരവമായ സംഭാവനകൾ നൽകുന്നതിൽ വിജയിച്ചിട്ടില്ലെന്ന് കാണാനാവും. കേന്ദ്ര സംസ്ഥാന ബന്ധങ്ങളെ സംബന്ധിച്ച് 2010-ൽ നിർദ്ദേശങ്ങൾ സമർപ്പിച്ച പുഞ്ചി കമ്മീഷനും അന്തർ സംസ്ഥാന കൗൺസിലിന്റെ പ്രവർത്തനങ്ങളെ വിമർശനാത്മകമായി പരിശോധിക്കുകയും മാറ്റങ്ങൾ നിർദ്ദേശിക്കുകയുമുണ്ടായി. എന്നാൽ അത്തരം പരിഷ്കരണങ്ങളൊന്നും നടപ്പിലായില്ല. മറ്റൊന്ന് ദേശീയ വികസന സമിതിയാണ്. സംസ്ഥാനങ്ങളുടെ വികസന സംബന്ധമായ അഭിപ്രായങ്ങളെ സമവായത്തിലെത്തിക്കാൻ പറ്റിയ ഒരു പ്ലാറ്റ്ഫോമായിരുന്നു വികസന സമിതി. എന്നാൽ നീതി ആയോഗിന്റെ വരവോടെ എപ്പോഴാണ് ഗളഹസ്തം ചെയ്യപ്പെടുക എന്ന അനിശ്ചിതത്വത്തിലാണ് ഈ സമിതി.

ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന ദ്വിതല സർക്കാർ സംവിധാനം, സർക്കാരുകൾ തമ്മിലുള്ള സഹകരണം, സമവായം എന്നിവയെല്ലാം മങ്ങുകയാണ്. പകരം ഒരു കേന്ദ്രവും ഒട്ടനവധി ഉപഗ്രഹങ്ങളും എന്ന സമഗ്രാധിപത്യ സ്ഥിതിയിലേക്ക് രാജ്യത്തിന്റെ ഭരണ സംവിധാനം മാറുകയാണ്. സംസ്ഥാനങ്ങൾക്ക് ഭരണഘടനാപരമായി നൽകിയിട്ടുള്ള വിഷയങ്ങളിൽ പ്പോലും അധികാരപ്രയോഗങ്ങൾ നടത്താൻ യൂണിയൻ സർക്കാർ തയ്യാറാവുകയാണ്. ചരക്കുസേവന നികുതിയോടെ ചുങ്കവ്യവസ്ഥ പൂർണ്ണമായും യൂണിയൻ ഗവൺമെന്റിന്റെ പിടിയിലായി. വിദ്യാഭ്യാസം, ആരോഗ്യം, കൃഷി, തൊഴിൽ തുടങ്ങി സമസ്ത മേഖലകളിലും കേന്ദ്രീകരണം നടപ്പിലാക്കപ്പെടുകയാണ്. സംസ്ഥാന സർക്കാരുകളാകട്ടെ ഇവയെ പ്രതിരോധിക്കാൻ തയ്യാറാകാതെ നോക്കുകുത്തികളായി നിൽക്കുന്ന ദയനീയാവസ്ഥയാണുള്ളത്. അതിന്റെ ഏറ്റവും അവസാനത്തെ സംഭവമാണ് സഹകരണസംഘങ്ങൾക്കായി പ്രത്യേക മന്ത്രാലയ രൂപവത്ക്കരണം. ഇതുയർത്തുന്ന വെല്ലുവിളി ചെറുതല്ല. കേരളത്തിന്റെ സഹകരണ പ്രസ്ഥാനങ്ങളോട് യൂണിയൻ സർക്കാർ വർഷങ്ങളായി സ്വീകരിക്കുന്ന ശത്രുതാ പരമായ നിലപാടുകൾ നമ്മൾ കാണുന്നതാണ്. ഇത് രൂക്ഷമാവാനാണ് സാധ്യത. ഈ കടന്നുകയറ്റങ്ങൾക്ക് അറുതി വരുത്തിയേ മതിയാവൂ. അല്ലെങ്കിൽ ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന പ്രമാണമെന്ന് വിശേഷിപ്പിക്കപ്പെട്ട ദ്വിതല സർക്കാർ സംവിധാനം പാഴ്വാക്കായി മാത്രം അവശേഷിക്കും.

**കലാകൗമുദി,**
**31 മേയ്-ജൂൺ 7, 2020.**

ഛഛഛഛഛ

*നയജാലകം*

# ഇൻഷുറൻസ് ആരോഗ്യത്തെ വിഴുങ്ങുമോ?

ഡോ. ജയകൃഷ്ണൻ ടി.

പൗരരുടെ ആരോഗ്യ സംരക്ഷണത്തിന്റെ ഉത്തരവാദിത്വം രാജ്യം ഭരിക്കുന്ന സർക്കാരുകളിലാണെന്നും അതിനാൽ പ്രാപ്തമായ ആരോഗ്യ സംവിധാനങ്ങൾ അവിടെത്തന്നെ ഒരുക്കിയിരിക്കണമെന്നും നിരന്തരം ബോധ്യപ്പെട്ടുകൊണ്ടാണ് രണ്ടു വർഷമായി ലോകം കടന്നു പോകുന്നത്. ഏറ്റവും സമ്പന്നമായ അമേരിക്കയിൽ പോലും നിലവിലുള്ള സ്വകാര്യ ഇൻഷുറൻസ് അടിസ്ഥാനമാക്കിയുള്ള ആരോഗ്യ സംവിധാനങ്ങളുടെ പരാജയം തിരിച്ചറിഞ്ഞ് ആരോഗ്യമേഖലയിൽ കൂടുതൽ പൊതു നിക്ഷേപം നടത്തിക്കൊണ്ടിരിക്കയാണ്. ഇതേസമയത്ത് സ്വീഡൻ, അയർലാന്റ് പോലുള്ള രാജ്യങ്ങൾ സ്വകാര്യ ആശുപത്രികൾ ദേശസാത്കരിക്കുകയും ഇന്ത്യയടക്കമുള്ള രാജ്യങ്ങളിൽ സ്വകാര്യ മേഖലയിൽ ചികിത്സാ ചാർജുകളിൽ സർക്കാർ നിയന്ത്രണങ്ങൾ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ദരിദ്രസമ്പന്ന വ്യത്യാസമില്ലാതെ എല്ലാവർക്കും സേവനങ്ങൾ ലഭ്യമാക്കാൻ ലോകത്താകെ ആരോഗ്യ മേഖലയിൽ യൂണിവേഴ്സൽ ഹെൽത്ത് കെയറിന് മുറവിളികൾ കൂടുതൽ ശബ്ദത്തിൽ ഉയർന്നു കേട്ടുകൊണ്ടിരിക്കുകയാണ്.

ഈ കാലത്തുതന്നെ ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും കോവിഡ് തരംഗമായി വ്യാപിച്ചപ്പോൾ, രോഗബാധിതർ ആശുപത്രികളിൽ കിടക്ക കിട്ടാതെ തിരസ്കരിക്കപ്പെടുകയും തീവ്രപരിചരണ വാർഡുകളിൽ ഓക്സിജൻ കിട്ടാതെ മനുഷ്യർ മരിക്കുകയും, മരിച്ചവരെ സംസ്കാരത്തിന് ഇടംകിട്ടാതെ നദികളിൽ ഒഴുക്കേണ്ടിവരികയും ചെയ്ത അവസ്ഥയുണ്ടായി. ഇതൊക്കെ സാധാരണക്കാരുടെ മനസ്സിൽ മായാതെ തളം കെട്ടിനിൽക്കുമ്പോഴും നമ്മുടെ രാജ്യത്തെ ഭാവിആരോഗ്യനയം രൂപപ്പെടുത്തുന്നവർ Amnesia (ഓർമ്മക്കുറവ്) ബാധിച്ച് യാഥാർത്ഥ്യത്തിൽ നിന്ന് തീർത്തും മാറി വേറൊരു 'സ്ക്വിഡ് ഗെയിമിന്' കളം തയ്യാറാക്കിവെച്ച് സർക്കാരുകളെ വഴിതിരിച്ചു വിടുകയാണെന്ന് തോന്നിപ്പിക്കുന്ന നയരേഖയാണ് ഇപ്പോൾ ഔദ്യോഗികമായി പുറത്തുവിട്ടിട്ടുള്ളത് (Healh Insurance for missing Middle-NITI Aayog October 2021). ഇത് 'Missing wood for trees' ആയിപ്പോയി.

രാജ്യത്തെ പാവപ്പെട്ടവർക്കും സമ്പന്നർക്കും ഇടയിലുള്ള മധ്യവർഗത്തിന് (Middle Class) വേണ്ട ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുകയെന്ന വ്യാജേന രാജ്യത്തെ ചികിത്സാ സൗകര്യങ്ങളെ മുഴുവൻ കോർപ്പറേറ്റ് ആശുപത്രികളുടെയും സ്വകാര്യ ഇൻഷുറൻസ് കമ്പനികളുടെയും തൊഴുത്തിൽ തളയ്ക്കാനും, അങ്ങനെ ആരോഗ്യസേവന പൊതു മേഖലയെയാകെ ദയാവധം നൽകി അന്യവത്കരിക്കാനുമുള്ള ഒരു സാമ്പത്തിക ഗൂഢാലോചനയാണിത്. നീതി ആയോഗിലെ വിദഗ്ധർക്കുപുറമേ രാജ്യത്തെ പ്രധാന ഇൻഷുറൻസ് കമ്പനി വിദഗ്ധരും ചേർന്നാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്. ബജാജ് അലയൻസ്, റിലയൻസ്, ടാറ്റാ എ. ഐ.ജി., സ്റ്റാർ ഹെൽത്ത്, റോയൻ സുന്ദരം, ആദിത്യ ബിർള, എച്ച്ഡി.എഫ്.സി., ഓറിയന്റൽ, തുടങ്ങിയ ഇൻഷുറൻസ് കമ്പനികളിലെ പ്രതിനിധികളും ചേർന്നാണ് ഈ രേഖ തയ്യാറാക്കിയിട്ടുള്ളത്. നീതി ആയോഗ് വിദഗ്ധരുടെ അഭാവം 'പാൻഡമിക് മാനേജ്മെന്റിൽ' പലരും മുൻപേ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

കഴിഞ്ഞ രണ്ടുവർഷമായി കോവിഡ് ആഘാതത്തെത്തുടർന്ന് ലോകത്താകെയുള്ള മനുഷ്യർക്കിടയിൽ സാമ്പത്തിക അന്തരത്തോടൊപ്പം ആരോഗ്യ അന്തരവും (Health Gap) കൂടിവരികയാണ്. സാമ്പത്തികഭാരം മൂലം സാധാരണക്കാർക്ക് ആരോഗ്യ സേവനങ്ങൾ അന്യമായി ക്കൊണ്ടിരിക്കയുമാണ്. ഈ രേഖ പ്രകാരംതന്നെ ലോകരാജ്യങ്ങളിൽ ആരോഗ്യമേഖലയ്ക്കുവേണ്ടി ഏറ്റവും കുറഞ്ഞ വിഭവനിക്ഷേപം നടത്തുന്ന രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. ജി.ഡി.പി.യുടെ വെറും 1.5% മാത്രമാണ് ആരോഗ്യത്തിന് ചെലവാകുന്നത്. അതുപോലെ 10,000 പേർക്ക് എട്ടു ഡോക്ടർമാരും അഞ്ച് ആശുപത്രി ക്കിടക്കകളും മാത്രമേ ഇന്ത്യയിൽ നിലവിലുള്ളൂ. സർക്കാർ ആശുപത്രികളിലെ അമിത തിരക്കുമൂലവും കാത്തിരിപ്പു മൂലവും സാധാരണ ജനങ്ങൾപോലും സ്വകാര്യ ആശുപത്രികളിലേക്ക് പോകാൻ നിർബന്ധിതരാകുന്നുണ്ട്. ജനങ്ങളിൽ 70% ഒ.പി. (OP) സേവനങ്ങളും 60% കിടത്തിച്ചികിത്സാ (IP) സേവനങ്ങളും നടത്തുന്നത് സ്വകാര്യ മേഖയിൽ നിന്നാണ്. ഇതുമൂലം ചികിത്സാ ച്ചെലവിന്റെ സിംഹഭാഗവും ആശുപത്രി കളിലേക്കുമാറ്റപ്പെട്ടിട്ടുണ്ട്. മൂന്നാമതാ യിട്ടുള്ളത് വ്യക്തികൾക്കോ കുടുംബാംഗങ്ങൾക്കോ ബിസിനസ് സ്ഥാപനങ്ങൾക്കോ ചേരാവുന്ന സ്വകാര്യ വോളന്ററി ഇൻഷുറൻസ് സ്കീമുകളാണ്. സ്വകാര്യ ഇൻഷുറൻസ് സ്കീമുകളിലെ പ്രീമിയം മറ്റ് സ്കീമുകളെ അപേക്ഷിച്ച് മൂന്നുനാലിരട്ടിയും പ്രായപരിധി 65 വയസ്സുമാണ്. പലതിനും മൂന്നുനാലു വർഷം വെയിറ്റിങ് പിരീഡുണ്ട്. പോരാതെ പല രോഗാവസ്ഥകളെയും ഒഴിവാക്കുകയും ഉയർന്ന ചെലവുപരിധി (ceiling) കുറഞ്ഞതുമാണ്. പലതും അംഗങ്ങളോട് നിശ്ചിത ശതമാനം

ആശുപത്രി ബിൽ കോപേമെന്റ് നൽകാൻ ആവശ്യപ്പെടുന്നതും, കാഷ്‌ലെസ് സൗകര്യമില്ലാതെ റീ-ഇംബേഴ്സ് ചെയ്യുന്നതുമാണ്. ഇവയിൽ പലതിലും ക്ലെയിം സെറ്റിൽമെന്റ് നൂലാമാലകൾ നിറഞ്ഞതും ക്ലെയിം റേഷ്യോ 64% മാത്രവുമാണ്. മൂന്നിലൊന്നിലധികം പേർക്ക് ചെലവായ തുക ലഭിക്കുന്നില്ല എന്നതാണ് സത്യം.

ഇവയെല്ലാം കൂടി രാജ്യത്തെ ഇൻഷുറൻസ് എൻറോൾമെന്റ് 70 ശതമാനത്തോളം വരുമെന്നാണ് രേഖയിലുള്ളത്. വ്യക്തിപരമായോ (4.2 കോടി) കുടുംബപരമായോ (7.3 കോടി) സ്വകാര്യ ഇൻഷുറൻസ് സ്കീമുകളിലുണ്ട്. ആപ്പോൾ രാജ്യത്തെ ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള സാമൂഹിക സുരക്ഷാ പദ്ധതികളുടെ ആനുകൂല്യം ലഭിക്കാത്ത 30 ശതമാനത്തിനുമേൽ മധ്യവർഗത്തിൽപ്പെട്ടവർ സർക്കാരിൽ നിന്ന് ഒരു ചികിത്സാ ആനുകൂല്യവുമില്ലാതെ പുറത്താണെന്നാണ് രേഖയിലെ കണ്ടെത്തൽ. ദരിദ്രർക്കും ഉപരിവർഗത്തിനും ഇടയിലുള്ള ഇവരിൽ മിക്കവരും കർഷകരോ സ്വയം തൊഴിൽ ചെയ്യുന്നവരോ കച്ചവടത്തിലോ ചെറുകിട വ്യവസായങ്ങളിലോ ഏർപ്പെടുന്നവരോ ആയിരിക്കും. സർക്കാരിന്റെ ഒരാനുകൂല്യവും കിട്ടാത്ത ഈ വിഭാഗത്തിൽപ്പെട്ടവർക്കാണ് സ്വകാര്യ ആശുപത്രികളിലെ ചികിത്സമൂലം കൂടുതൽ സാമ്പത്തികാഘാതം ഉണ്ടാകുന്നതെന്നാണ് സർവേകൾ കാണിക്കുന്നത്.

ഇന്ത്യയിൽ വിദഗ്ധ ചികിത്സകൾ സൗജന്യമായി ലഭ്യമല്ലാത്തതിനാലും സ്വകാര്യ ആശുപത്രികളിൽ ചികിത്സാ ച്ചെലവ് വർധിച്ചു വരുന്നതിനാലും സ്വകാര്യ ആരോഗ്യ ഇൻഷുറൻസുകളിൽ ആളുകൾ ചേരുന്നുണ്ട്. ഇവയിൽ ചേരുന്നതിൽ നല്ലൊരു വിഭാഗവും ഉയർന്ന വരുമാനമുള്ളവരും ആരോഗ്യമുള്ള വരുമായതിനാൽ (preffered selection) അവരുടെ ലാഭം കൂടി വരുന്നുണ്ട്. മറുഭാഗത്ത് രോഗസാധ്യതയുള്ളവർ മാത്രം ഇൻഷുറസിൽ സ്വമേധയാ ചേരുമ്പോൾ (Adverse selection) ചെലവ് കൂടുന്നതിന്റെ പേരിൽ ക്ലെയിം കൂടുന്നതിനാൽ കമ്പനികൾ പ്രീമിയം നാൾക്കുനാൾ ഉയർത്തുന്നുമുണ്ട്. ഇങ്ങനെ ശേഖരിക്കപ്പെടുന്ന പ്രതിവർഷ പ്രീമിയം തുക 45,000 കോടിയോളമാണ്. ഇന്ത്യയിൽ പി.എം. കെയർ പ്രതിവർഷ ആരോഗ്യ ബജറ്റ് നീക്കിയിരുപ്പ് 68,000 കോടി മാത്രമാണ് എന്നതുംകൂടി ഇവിടെ ഓർമിക്കേണ്ടതുണ്ട്. ഐ.ആർ.ഡി.എ. യുടെ നിയമപരിധിപ്രകാരം ഇന്ത്യയിൽ സ്വകാര്യ ഇൻഷുറൻസ് കമ്പനികൾക്ക് 12.5% കമ്മിഷൻ എടുക്കാവുന്നതാണ്. കൂടാതെ പ്രീമിയം പ്രൊസസിങ് ചാർജ് എന്ന പേരിൽ അഡ്മിനിസ്ട്രേറ്റിവ് ചെലവായി 25% തുകയും ഓരോ കക്ഷിയിൽ നിന്നും ചാർജിന് പുറമെ കമ്പനികൾക്ക് ഈടാക്കാവുന്നതാണ്. സ്വകാര്യ ആശുപത്രികളിൽ ചികിത്സാ ച്ചാർജുകൾക്ക് നിയന്ത്രണമില്ലാത്ത ഇന്ത്യയിൽ ഇൻഷുറൻസ് മൂലം

ചികിത്സാച്ചെലവ് യഥാർഥ ചെലവിനുമേൽ എത്രമാത്രം കൂടാമെന്ന് മുകളിലത്തെ വിവരങ്ങളിൽ നിന്ന് ഊഹിക്കാവുന്നതേ ഉള്ളൂ. സ്വകാര്യ കമ്പനികൾ ഈടാക്കിവരുന്ന ഉയർന്ന പ്രീമിയം മധ്യവർഗത്തിൽപ്പെട്ട പലർക്കും കൈയെത്തിപ്പിടിക്കുന്നതിലും ഉയരത്തിലായതിനാൽ ഇതിനെ താഴ്ത്താനായി കൂടുതൽ പേരെ റിസ്ക്പൂളിലേക്ക് കൊണ്ടുവരാനായി സ്വകാര്യ കമ്പനികൾ നീതി ആയോഗിനോട് ആവശ്യപ്പെടാവുന്നതാണ്. ഇതിന് കൂടുതൽ പേർക്ക് ഗുണം കിട്ടുന്ന 'യൂട്ടിലിറ്റി' തിയറിയുടെ പിന്തുണയും അവർ നിരത്തുന്നുണ്ട്.

ഇതിനായി രൂപം കൊടുത്തിട്ടുള്ള പായ്ക്കേജിലെ സാമ്പത്തിക ശാസ്ത്രം ചുരുക്കത്തിൽ ഇതാണ്: ഇന്ത്യയിലെ ഒരു കുടുംബത്തിന് (ശരാശരി 5 അംഗങ്ങൾ) പ്രതിവർഷം ശരാശരി കിടത്തി ച്ചികിത്സയ്ക്ക് 2500 -6000 രൂപ ചെലവാകുന്നുണ്ട്. കൂടുതൽ പേർ, കുറേ തവണ ഉപയോഗപ്പെടുത്തുന്നതിനാൽ ഒ.പി. ചികിത്സയ്ക്ക് ഇത് 5000-12000 രൂപ വരെയാണ്. നിലവിലുള്ള ഇൻഷുറൻസ് പദ്ധതികൾ മിക്കതും കിടത്തി ച്ചികിത്സച്ചെലവുകൾ മാത്രമേ കവർ ചെയ്യുന്നുള്ളൂ. പക്ഷേ യഥാർഥത്തിൽ ഒ.പി. ചികിത്സച്ചെലവാണ് കൂടുതൽ സാമ്പത്തിക ഭാരമുണ്ടാക്കുന്നത്. അതിനാൽ ഒ.പി. -ഐ.പി. ചെലവുകൾ ഒന്നിച്ച് കവർ ചെയ്യുന്ന ഒരു സ്കീം വേണ്ടതുണ്ട്. ആയുഷ്/ആൾട്ടർനേറ്റ് ചികിത്സയ്ക്ക് 1000 രൂപ വേറെയുമുണ്ട്. അങ്ങനെ പ്രതിവർഷം 5 ലക്ഷം തൊട്ട് 10 ലക്ഷം വരെ ചികിത്സാച്ചെലവ് കവർ ചെയ്യുന്ന പുതിയ പദ്ധതികൾ രാജ്യത്ത് വേണ്ടതുണ്ട്. ഇതിന്റെ വാർഷിക പ്രീമിയം പായ്ക്കേജുകൾക്കനുസരിച്ച് 12,000 തൊട്ട് 26,000 രൂപ വരെയാകാം (ശരാശരി ഇന്ത്യക്കാരുടെ കുടുംബവരുമാനം എത്രയാണെന്ന് ആലോചിക്കുക). വാർഷിക പ്രീമിയം തുക ഒന്നുകിൽ സർക്കാരിന് മുഴുവനായി നൽകുകയോ അല്ലെങ്കിൽ വ്യക്തികൾക്ക് നൽകുകയോ ചെയ്യേണ്ടതുണ്ട്.

നീതി ആയോഗും-ഇൻഷുറൻസ് കമ്പനികളും ഇതിനായി മൂന്ന് മാതൃകകളാണ് സർക്കാരിനുമുന്നിൽ വയ്ക്കുന്നത്. ഒന്ന്: ആരംഭ ദശയിലുള്ള ആരോഗ്യ സഞ്ജീവനി പദ്ധതി 'മോഡിഫൈ' ചെയ്ത് സ്വകാര്യ വാണിജ്യ കമ്പനികളുമായി ചേർന്ന് സ്വകാര്യ ഇൻഷുറൻസ് വ്യാപിപ്പിക്കുക. രണ്ട്: ഇതിനായി ആരോഗ്യ സേവനങ്ങളുടെ 'സപ്ലൈ സൈഡ്' ഉപയോഗപ്പെടുത്താനായി ഇപ്പോൾ നിലവിലുള്ള PMJAY, ഇ.എസ്.ഐ. ഇൻഫ്രാസ്ട്രക്ച്ചറുകൾകൂടി ഈ പദ്ധതിക്കായി സ്വകാര്യ ഇൻഷുറൻസ് കമ്പനികൾക്ക് തുറന്നുകൊടുക്കുക. മൂന്ന്: നിലവിലുള്ള ആയുഷ്മാൻ ഭാരത് PMJAY യുടെ കവറേജിൽ പുറമേ മധ്യവർഗത്തെക്കൂടി (30 കോടി) ഉൾപ്പെടുത്തി വിപുലീകരിക്കുക.

ഇതിനായി സർക്കാരിന്റെ പ്രവർത്തനങ്ങൾക്കായി പല നിർദേശങ്ങളും രേഖയിലുണ്ട്. രാജ്യത്താകെ ജനങ്ങളിൽ ആശാ വർക്കർമാർ, അങ്കണവാടി പ്രവർത്തകർ, സർക്കാർ-സ്വകാര്യ

ആശുപത്രികൾ, ഇതൊക്കെ ഉപയോഗിച്ച് ജനങ്ങളിൽ ആരോഗ്യ ഇൻഷുറൻസിന്റെ ആവശ്യകതയെപ്പറ്റി ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തണം. അങ്ങനെ ഇതിന്റെ ഡിമാന്റ് വർധിപ്പിക്കണം.

ഇൻഷുറൻസ് നടത്തിപ്പിന്റെ ചെലവ് ചുരുക്കാനും പ്രീമിയം തുക കുറച്ച് കൂടുതൽ പേരെ ചേർക്കാനും വേണ്ടി നിലവിലുള്ള ആധാർ/ ക്ഷേമപദ്ധതികൾ ഇവകളിലെ വ്യക്തികളുടെ ഡിജിറ്റൽ ഡേറ്റാ വിവരങ്ങൾ പൊതുസ്വത്ത് (Public good) ആയിക്കണ്ട് ഇൻഷുറൻസ് കമ്പനികളുമായി പങ്കുവയ്ക്കണം. ഇത് സ്വകാര്യതയുടെ ലംഘനമാകുമോ എന്നത് ഒരു നൈതിക പ്രശ്നമാണ്. നിലവിലുള്ള സർക്കാർ ഇൻഫ്രാസ്ട്രക്ച്ചർ/ ആശുപത്രി സൗകര്യങ്ങൾ സ്വകാര്യ ഇൻഷുറൻസ് സേവനങ്ങൾക്കായി തുറന്നുകൊടുക്കണം. ഇതിനായി അടിസ്ഥാന മിനിമം സർവ്വീസ് പായ്ക്കേജുകൾ സർക്കാർ പ്രഖ്യാപിക്കണം. പോസ്റ്റ് ഓഫീസ്, ഗ്രാമീണ ബാങ്കുകൾ ഈ അക്കൗണ്ടുകൾ വഴി ഇൻഷുറൻസ് ധന ഇടപാടുകൾ നടത്താൻ അനുവദിക്കണം. സ്വകാര്യ ഇൻഷുറൻസിൽ ചേരുന്നവർക്ക് സർക്കാരിന്റെ വക പ്രോത്സാഹനമായി ധനസഹായങ്ങളോ സബ്സിഡികളോ നൽകേണ്ടതുമുണ്ട്. ഇതിനർഥം രാജ്യത്തെ എല്ലാ വിഭാഗത്തിലും പെട്ട ജനങ്ങളുടെ ഒ.പി.-ഐ.പി. ചികിത്സകളെ നിലവിലുള്ള സൗജന്യ സർക്കർ സേവന പരിധിയിൽ നിന്ന് മാറ്റി ഇൻഷൂറൻസിന്റെ കുടക്കീഴിൽ നിർത്തുകയാണെന്ന് വായിച്ചെടുക്കണം.

Another area that needs to be given paramount importance specially in training, is the awareness and the understanding that how work and values of organisations such as adherence to Rule of Law, transparency and efficiency contribute towards the larger objectives of an inclusive, just, and equitable society. Role of Public Sector Enterprises (PSEs) as agents of socio-economic growth and change, creators of formal and informal economic opportunities, providing social benefits through CSR (Corporate Social Responsibility) activities can help in mitigation of poverty, fulfilling the health and education needs of the underprivileged sections of society.

Training inputs can help in developing a sense of responsivity towards nation-building. The CoEs as proposed, could colaboratively tie-up with specialised institutes which provide insights on these issues.

Periodical training could be organised by these Centres to any of these selected institutes, to enable the participants to understand the economic and social milieu of the country, and the ultimate goals governance strives at. Goals of growth and development for all, fair and efficacious governance can only be realised if all stakeholders are enthused and trained in ideals imbued with ethics and empathy. In addition, the PSUs could use their CSR activities' locations and organise field visits to provide a holistic view of the nation-building process to the trainees.

A developing economy like ours simply cannot afford to have its organisations working in silos without sharing resources and drawing upon each other's strengths and competencies. Training and Capacity Building is an area where a large amount of resources in terms of financial outlays, manpower, material, and other infrastructure is used.

There is a requirement to create and develop an integrated training infrastructure across PSUs of the same sector and also different ones. One of the core guiding principles of the recently launched iGOT portal by the government is to "create an ecosystem of shared training infrastructure including that of learning materials, institutions, and personnel." On the same lines, the PSUs and Banks need to collaborate on capacity building, share resources, identify and strengthen core competencies. This will optimise resource utilisation and have threefold benefits of avoiding duplication of process, standardise training, and creating specialisation.

**Yojana,**

**December, 2021.**

# HAR GHAR JAL

Yugal Joshi

*Atmanirbhar Bharat initiative was announced to reboot the economy with a long-term goal, to structurally reform the system, and simultaneously empower the economic agents to perform better, and to remove structural inefficiencies that restrict efficient functioning of business.The five key pillars of the Atmanirbhar Bharat, namely, economy, infrastructure, system, democracy, and demand are to strengthen the domestic industry as well as to make Indian economy more closely integrated with global value chain. At a deeper level, it strengthens the economy by policy interventions in unorganised sector and MSMEs as well as strengthens democracy by making communities capable, ensuring their partnership in socio-economic reforms, and transforming village community into a responsive and responsible leader. This implements Gram Swaraj in hundreds of thousands of villages across India in its true sense.*

The government has been working to improve the quality of life and enhance the ease of living for people especially in villages. Speed, scale, and single-minded focus have ensured housing for all, electricity to every household, a toilet to every family, smoke-free lives for women, financial inclusion for every family, social security, and affordable health care for all.

Announced in 2019, Jal Jeevan Mission (JJM) is a huge step in improving the quality of life in villages and improving public health. JJM is under implementation in partnership with all the States to make provision of tap water supply to every rural household of the country. It is envisaged that by 2024, each household will have a potable tap-

water supply in adequate quantity (55 Ipcd) of prescribed quality (BIS: 10,500) on a regular and long-term basis. To implement this mission, institutional arrangements at various levels have been made and States' Water & Sanitation/Public Health Engineering (PHE)lRural Water Supply (RWS) departments are playing a central role. They are helping Gram Panchayats and/or its sub-committee, Village Water and Sanitation Committee (VWSC) or Pani Samiti to plan, implement, manage, operate, and maintain its in-village water supply systems. VWSCs/Pani Samitis are being empowered to take ownership of the programme.

## COLLECTIVE OWNERSHIP AND ACTION

Jal Jeevan Mission is pivoted on the 73$^{rd}$ Amendment of the Constitution that empowers Gram Panchayats with administrative control of water and related subjects.

JJM is a decentralised, demand-driven, and community- managed water supply programme. Gram Panchayat (GP) or its sub-committees (VWSCs)/Pani Samiti across States and Union Territories play a key role in planning, implementation, management, operation, and regular maintenance of in-village water supply system. It also plans and implements water source augmentation strengthening water conservation, and greywater treatment, and reusage of treated greywater. For this purpose, programmes for capacity building of *GPNWSC* members are organised so that it can work as a local water utility for assured service delivery on a long-term and regular basis. Out of 6.05 lakh revenue villages in India, so far VWSC/Panis Samiti have been formed in more than 3.93 lakh villages. Local village communities are contributing towards in-village water infrastructure and have a sense of ownership and pride.

Addressing about 1.75 lakh Gram Sabhas with over 62 lakh people in attendance and interacting with Pani Samiti members on 2 October, 2021 on Jal Jeevan Mission to realise Mahatma Gandhi's vision of Gram Swaraj, the Prime Minister emphasised the role of Gram Sabha in universal access of water, its conservation, and sustainable use in making villages *atmanirbhar* or self-reliant for their water needs.

The motto of the mission is that 'no one is left out' and every household in a village should be provided with tap water connection. In villages where ground/surface water of good quality is available in sufficient quantity, Single Village Schemes (SVS) are planned and executed as the most preferred option. In villages with adequate groundwater having quality issues, water is treated before its supply to every home and it is done in isolated tribal hamlets/hilly/forested areas, Stand-alone solar-based and/or gravity-based water supply systems are being given priority. In water-stressed areas, bulk water transfer, treatment plants, and distribution systems are planned and executed.

The Mission is providing tap water supply in quality-affected areas, especially in Arsenic & Fluoride-affected habitations, Japanese Encephalitis/Acute Encephalitis Syndrome (*JE*/AES) affected districts, socio-economically backward Aspirational districts, drought-prone & desert areas, Sansad Adarsh Gram Yojana (SAGY) villages, and *SC/ST* majority villages on priority. For example, on 15 August 2019, at the announcement of JJM, only 8 lakh (2.6%) households in JE/AES affected districts were having tap water connections. In the last 26 months, despite the Covid-19 pandemic and lockdowns, tap water connections have been provided to 1.17 crore (38.5%) more households. Only 24 lakh (7.2%) households in Aspirational districts were having tap water connections before JJM, whereas more than 1.22 crore (36.9%) households are getting tap water supply now.

## BOOSTING RURAL ECONOMY

Village Water and Sanitation Committee (VWSC) prepares a 5-year Village Action Plan for water and sanitation, ensuring long-term source sustainability, greywater management, and water conservation works. These Village Action Plans (VAPs) are co-terminus with 15th Financial Commission period. It has provided for 60% of its total grant to local rural bodies/PRJs as a tied grant for water and sanitation alone. Thus, an assured Rs 1.42 lakh crore tied grant is available from 2021-22 to 2025-26 for: i) drinking water source augmentation/ strengthening, ii) drinking water supply system, iii) greywater treatment and its reuse, iv) regular operation and maintenance of in-village water supply infrastructure, and v) maintaining ODF

status of the village. Further, there is a provision that the VAPs to be implemented by dovetailing resources, viz. Mahatma Gandhi National Rural Employment Guarantee Scheme (MGNREGS), Swachh Bharat Mission-Gramin, *JJM,* District Mineral Development Fund (DMDF), Corporate Social Responsibility (CSR) funds, and community contribution, etc. Village Action Plans for about 3 lakh villages have been prepared by the VWSCs.

The total outlay of the Jal Jeevan Mission is Rs 3.60 lakh crore, out of which Rs 2.08 lakh crore is the Central share. Thus, a total amount of more than Rs 5 lakh crore is available for water-related works.

Jal Jeevan Mission is working towards making each village, a Water, Sanitation, and Hygiene (WASH) enlightened village. In every village, a cadre of 25-30 people to manage its water utility is being prepared. Apart from 10-15 VWSC members, at least five skilled persons, a mason, a plumber, a fitter, an electrician, and one pump operator, are needed in each of them. The mission has started a capacity-building and skill development programme for such persons. This is generating a vast pool of skilled people to operate village water utilities. Such investment in rural areas of the country is accelerating economic activities and also boosting the rural economy by generating employment opportunities in villages.

Taking note of the mission's approach, the Prime Minister, during his nationwide address to Gram Sabhas and interaction with Pani Samiti members on 2 October 2021, called upon village communities to manage water on the war footing so that no village ever has to get its supply of drinking water through tankers or trains. The true Gram Swaraj, he added, is people's participation in village development.

## WOMEN EMPOWERMENT

Speaking about one of the main benefits of Jal Jeevan Mission, PM had said, "another benefit will be that the rural women, who suffer the drudgery of having to travel long distances to bring water home will be saved from the ordeal." Following this vision, it has been mandated that a minimum of 50% of the VWSC members would be women. This accords them a significant role in village water governance suiting their traditional role as water managers.

At the announcement of the Jal Jeevan Mission in 2019, only 3.23 crore (17.7%) households had tap water connections, Since then, 5.22 crore more rural households have been provided with tap water connections, thus alleviating rural women of their drudgery in fetching water and bringing them ease of living. During his interaction with VWSC members, the PM assured village people that in the days to come, no women will have to step out of the house to get water. At the same time, he called upon village communities for taking every measure in making their village water surplus.

While ease of living is envisaged to give rural women an opportunity in self-reliance or *atmanirbharta,* and leverages their experience as village water managers in VWSCs, women are also given a role of custodian of water quality in their villages. So far, more than 7.391akh women have been trained in water quality testing by using Field Test Kits (FTKs). Under the Mission, each village will have a cadre of 5 trained women formed to monitor the tap water quality provided in homes.

Praising the role played by VWSC members in the management of in-village water supply schemes, the Prime Minister applauded VWSC women who are working with efficiency and expressed his satisfaction with their training in water quality testing using FTKs. He also underscored the importance and significance of the role of women of VWSCs in a village's wellbeing and prosperity and ushering a positive transformational change in the lives of tribals, scheduled castes, backward and economically weaker rural communites.

The training of VWSC women members has promoted village communities, self-reliance in assessing water quality and ensuring its potability thus helping households keep in check water-borne health concerns in rural areas.

## CHILDREN'S HEALTH AND WELL-BEING

A 100-day awareness programme was launched in Sep. 2020 for the need to have tap water connection in every school, Anganwadi Centres (AWCs), and Ashramshalas (tribal residential schools). A campaign was launched on 2 October 2020 to ensure that tap water reaches every learning

centre which includes schools, Anganwadi centres and Ashramshalas. Efforts are made by every State to ensure tap water availability for drinking, cooking mid-day meals, washing hands, and usage in toilets. Today, 8.151akh (79.2%) schools and 8.15 lakh (73%) Anganwadi centres provide tap-water supply.

During Covid-19 pandemic, need for frequent washing of hands with soaps and maintaining hygiene was experienced by everyone. Providing tap water supply to all these learning centres is a great investment in the health and well-being of the future generation.

In 1.08 lakh schools, provision for greywater reuse and in more than 93 thousand schools, provision of rainwater harvesting have been made. This will go a long way to make the students WASH enlightened citizens.

## TRANSPARENCY AND ACCOUNTABILITY

Transparency and accountability are two key pillars of any successful programme. Online progress of implementation and status of tap water supply in homes, schools, and AWCs has been put In the public domain and, can be accessed by anyone at https://ejalshakti.gov.in/jjmreportIJJM lndia.aspx .

This dynamic dashboard not only provides detailed information about national progress in the implementation of J1M but one can see the status of implementation and progress at State/ UT level, district level, and village level. Information related to water supply in villages including names of the head of households who have got tap water connection, status of water supply in schools and Anganwadi centres including piped water in toilets and hand washing facilities along with the provision of rainwater harvesting and greywater usage is also provided. The dashboard also provides information about institutional arrangements like people managing various aspects of water supply in villages including water quality testing.

To pave the way towards Atmanirbhar Bharat, the importance of developing technologically-sound human resources and infrastructure can hardly be overemphasised. The *JJM* dashboard also shows ongoing sensor-based loT pilot projects in different

villages which shows the status of daily water supply in terms of quantity, quality, and regularity. In these pilots, one can see the quality of water including chlorination, water pressure in pipes at different places and per capita supply on a daily basis.

Village-level IT support is being provided to monitor everyday water supply in terms of quantity, quality, and regularity along with a public grievance redressal mechanism. There are more than 2000 water quality testing labs in the country which have now been opened for the general public at a nominal cost. Daily information about water quality samples tested, the number of villages where water quality testing was done, details about laboratories, contaminated samples found, etc., is also available in the public domain on the *JJM* dashboard.

To ensure speedy transfer of money to RLB/PRls, States and *VTs* are advised to open an escrow account to receive a central allocation for JJM implementation. JJM financial progress of each and every State/ U*Ts* since 2019-20 is also available in the public domain that includes opening balance, allocation, assured fund, fund drawn, available fund, and expenditure.

When we look at the Jal Jeevan Mission objectives, its elements both in terms of vision and policy steps, along with sectoral reforms and community empowerment, we find it as an ideal model for Atmanirbhar Bharat. Jal Jeevan Mission is about the capacity building of the community in achieving water security. To repeat the Prime Minister's words, water influences the quality of life like none other. It truly anchors a village's peace and prosperity. Its inaccessibility has cost millions of women and girls their educational opportunity, its paucity or inaccessibility has forced millions to migrate, abandoning their homes. Ensuring that every home has potable tap water supply in an adequate quantity of prescribed quality on a regular and long-term basis, is the cornerstone of Atmanirbhar Bharat.

**Yojana,**
**December, 2021.**

*നയജാലകം*

# സംസ്ഥാന പൊതുമേഖലയിലെ വൈദ്യുത ഘനവ്യവസായ സാധ്യതകൾ

ഡോ. കെ. ഗോപകുമാർ

കേരള വികസനത്തിന്റെ മുഖ്യ ചാലകശക്തികളിലൊന്നായി പ്രവർത്തിക്കേണ്ട സംസ്ഥാന പൊതു മേഖലയുടെ സമകാലീന ചരിത്രം ഒട്ടും പ്രശംസനീയമല്ല. 1955-ൽ സ്ഥാപിക്കപ്പെട്ട കേരള ഫീഡ്സ് ലിമിറ്റഡ് കമ്പനി ഒഴിവാക്കിയാൽ ഒരൊറ്റ് വൻകിട ഫാക്ടറിപോലും കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി പുതുതായി സംസ്ഥാന പൊതുമേഖലയിൽ ഉണ്ടായിട്ടില്ല, ആകപ്പാടെ സംഭവിച്ചത് പശ്ചാത്തല സൗകര്യ വികസനത്തിനും ക്ഷേമ പ്രവർത്തനങ്ങൾക്കുമായി കുറെ സ്ഥാപനങ്ങൾ ഉണ്ടാക്കുകയും നിലവിലുണ്ടായിരുന്ന ചില കമ്പനികളെ പരിമിതമായ തോതിൽ വികസിപ്പിക്കുകയുമാണ്. എന്നാൽ ഈ കാലഘട്ടത്തിൽ ഒരു ഡസനിലധികം സ്ഥാപനങ്ങൾ അടച്ചു പൂട്ടപ്പെടുകയും ഒട്ടനവധി സ്ഥാപനങ്ങൾ മാന്ദ്യത്തെ നേരിടുകയും ചെയ്തു. അതേ പ്രവണതയാണ് ഇപ്പോഴും തുടരുന്നത്. കേരളത്തെ വ്യവസായ വൽക്കരികരിക്കണമെങ്കിൽ പൊതു മേഖലയിലെ ഈ സ്ഥിതി തുടരാൻ അനുവദിച്ചുകൂടാ. കപ്പയും ചക്കയും ഉപയോഗിച്ച് കേരളത്തെ വ്യവസായ വൽക്കരിക്കാമെന്ന് പറയുന്നവർക്ക് വൻകിട വ്യവസായത്തിന്റെ ബലതന്ത്രം അറിയില്ലെന്ന് മാത്രമേ പറയാനാവൂ. വലിയതോതിൽ കേരളത്തിലേക്ക് സ്വകാര്യ വ്യവസായ മൂലധനം വരുമെന്നുള്ള പ്രതീക്ഷ വ്യാമോഹത്തിനപ്പുറത്തേക്ക് വളരുമോ എന്ന കാര്യവും അനുഭവങ്ങളുടെ വെളിച്ചത്തിൽ പരിശോധിക്കപ്പെടേണ്ടതാണ്.

കേരളത്തിന്റെ വ്യവസായവൽക്കരണത്തിന് ഉത്തോലകമായി പ്രവർത്തിക്കേണ്ടത് സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങളാണെന്ന തിരിച്ചറിവാണ് ആദ്യം ഉണ്ടാവേണ്ടത്. വിവര വിനിമയ സാങ്കേതികവിദ്യ അടിസ്ഥാനപ്പെടുത്തിയുള്ള പുത്തൻ തലമുറ സേവന വ്യവസായങ്ങളോടൊപ്പം ഘനവ്യവസായങ്ങളും പുതുതായി പൊതുമേഖലയിൽ സ്ഥാപിക്കുകയും നിലവിലുള്ള സംരംഭങ്ങളെ പുനഃസംഘടിപ്പിക്കാനും പുനരുദ്ധരിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും വേണം. സംസ്ഥാനത്തിന്റെ പരിസ്ഥിതിക്കും തനതായ പ്രത്യേകതകൾക്കും ഇണങ്ങുന്ന വ്യവസായ സംരംഭങ്ങൾ ഏതൊക്കെ യാണെന്ന് തീരുമാനിച്ചശേഷം അതിനുതകുന്ന പദ്ധതികൾ രൂപീകരിക്കാനും സാമ്പ്രദായിക ചുവപ്പുനാടകളിൽ കുരുങ്ങാതെ ആ പദ്ധതികൾ നടപ്പിലാക്കാനുമുള്ള ഇച്ഛാശക്തിയാണ് സർക്കാർ പ്രകടിപ്പിക്കേണ്ടത്. അങ്ങനെ പരിഗണിക്കുമ്പോൾ സംസ്ഥാനത്തിന് വളരെയേറെ സാധ്യതകളുള്ള ഒരു വ്യവസായ മേഖലയാണ് വൈദ്യുതി ഉപകരണങ്ങളുടെ നിർമ്മാണം. കേരളത്തിന്റെ വ്യവസായ വികസനത്തിന് ഇലക്ട്രോണിക്സ് പോലെ പ്രധാനപ്പെട്ട ഒന്നാണ് ഈ മേഖല. എന്നാൽ കഴിഞ്ഞകുറെ വർഷങ്ങളായി പുനരുദ്ധാരണമോ വികസനമോ ഇല്ലാതെ പൊതുമേഖലയിലെ വൈദ്യുതി ഉപകരണ നിർമ്മാണ കമ്പനികൾ മുരടിപ്പിനെ നേരിടുകയാണ്.

കെൽ, ട്രാക്കോ കേബിൾസ്, യുണൈറ്റഡ് ഇലക്ട്രിക്കൽസ്, ടെൽക് എന്നീ നാല് ഇലക്ട്രിക്കൽ കമ്പനികളാണ് സംസ്ഥാന പൊതുമേഖലയിൽ ഇപ്പോൾ പ്രവർത്തിക്കുന്നത്. ഇത് കൂടാതെ സംസ്ഥാന സർക്കാർ 2021-ൽ ഏറ്റെടുത്ത ഒരു കേന്ദ്ര സംസ്ഥാന സംയുക്ത സംരംഭം (BHEL-EML) കൂടിയുണ്ട്. ആ കമ്പനിയുടെ വിവരങ്ങൾ ഇവിടെ പരാമർശിക്കപ്പെടുന്നില്ല. വ്യത്യസ്തങ്ങളായ ഒട്ടനവധി ഉൽപ്പന്നങ്ങളും ഉൽപ്പാദന രീതികളും പ്രമുഖങ്ങളായ നിരവധി ഉപഭോക്താക്കളുമുള്ള സ്ഥാപനങ്ങളാണിവ. എന്നാൽ ഉൽപ്പാദന, സാമ്പത്തിക കാര്യങ്ങളിൽ ഈ നാല് കമ്പനികളുടെ അവസ്ഥ ഒട്ടും ആശാസ്യമല്ല. 2017-18 ലും 2018-19-ലും ഇവയിൽ ടെൽക് മാത്രമാണ് ലാഭമുണ്ടാക്കിയത്. ഈ മേഖലയുടെ മൊത്തം നഷ്ടം 2017-18-ൽ 41.62 കോടി രൂപയും 2018-19 ൽ 20.99 കോടി രൂപയുമാണ്. 2019-20-ൽ കെൽ കൂടി ലാഭമുണ്ടാക്കിയെങ്കിലും മൊത്തം മേഖലയുടെ നഷ്ടം 23.4 കോടി രൂപയായി വർധിക്കുകയാണുണ്ടായത്.

ഈ കമ്പനികളുടെ ചില പ്രധാന സാമ്പത്തിക സൂചകങ്ങൾ പട്ടികയായി നൽകിയിരിക്കുന്നു. ആദ്യമായി ഈ കമ്പനികളുടെ മുതൽമുടക്ക് പരിശോധിക്കാം. കെൽ, ട്രാക്കോ കേബിൾ എന്നിവയ്ക്ക് 100 കോടി രൂപയിലധികം മുതൽമുടക്കുള്ളപ്പോൾ യുണൈറ്റഡ് ഇലക്ട്രിക്കൽസിന്റെ മുതൽമുടക്ക് വെറും 18 കോടി രൂപ മാത്രമാണ്. ഏറ്റവും ദയനീയം ടെൽക്കിന്റെ അവസ്ഥയാണ്. ഒരു പവർ ട്രാൻസ്ഫോർമർ നിർമ്മാണ കമ്പനിയുടെ മുതൽമുടക്ക് 42.97 കോടി രൂപയിൽ ഒതുങ്ങുന്നു. മുതൽമുടക്കും വിറ്റുവരവും തമ്മിലുള്ള അനുപാതം (കോളം-6) നോക്കിയാൽ എത്രയോ തുച്ഛമാണ്. ടെൽക്കിന്റെ ഇക്കാര്യത്തിലുള്ള ഉയർന്ന അനുപാതമാകട്ടെ വിറ്റുവരവിന്റെ വലുപ്പത്തെക്കാളുപരി നിസ്സാരമായ മുതൽമുടക്കിനെയാണ് പ്രതിഫലിപ്പിക്കുന്നത്. വിറ്റുവരവ്-ലാഭ/നഷ്ട അനുപാതവും (കോളം -7), മുതൽ മുടക്ക്-ലാഭ/നഷ്ട അനുപാതവും (കോളം-8) കൂടുതൽ ധാരണ ഉണ്ടാകാനായി ശതമാനത്തിലാണ് നൽകിയിരിക്കുന്നത്. വളരെ പരിതാപ കരമാണ് ഈ കമ്പനികളുടെ അവസ്ഥ എന്ന് തിരിച്ചറിയാനാവും. ഒട്ടനവധി വർഷങ്ങൾക്ക് ശേഷമാണ് കെൽ പ്രവർത്തന ലാഭം നേടുന്നത്. പക്ഷേ, അത് വിറ്റുവരവിന്റെ അര ശതമാനവും മുതൽ മുടക്കിന്റെ 0.62 ശതമാനവുമാണ്. നഷ്ടമുണ്ടാക്കിയ യൂണൈറ്റഡ് ഇലക്ട്രിക്കൽസും ട്രാക്കോ കേബിൾസും നൽകുന്ന ചിത്രം ഒട്ടും ആശാസ്യമല്ല. ഈ കമ്പനികളെ സംബന്ധിച്ച് ഇത് ഒറ്റപ്പെട്ടതോ അസാധാരണമോ ആയ കണക്കുകളല്ല. മുൻ വർഷങ്ങളിലും ഇതുതന്നെയോ ഇതിലും മോശമോ ആണ് അവസ്ഥ. ലാഭമുണ്ടാക്കിയ ടെൽക്കിന്റെ അവസ്ഥയും ഒട്ടും ആശ്വസിക്കാൻ വകനൽകുന്നതല്ല. അതിന്റെ ലാഭം വിറ്റുവരവിന്റെ രണ്ട് ശതമാനം മാത്രമാണ്. തുച്ഛമായ മുതൽമുടക്കുകാരണം അതിനോടുള്ള ലാഭത്തിന്റെ അനുപാതം കൂടി നിൽക്കുന്നുവെന്ന് മാത്രം. വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിവുള്ള പൊതുമേഖലയിലെ ഇലക്ട്രിക്കൽ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി ചൂണ്ടിക്കാണിക്കാനാണ് ഈ കണക്കുകൾ നൽകിയത്.

**പട്ടിക: പൊതുമേഖലാ വൈദ്യുത കമ്പനികൾ-സാമ്പത്തിക സൂചകങ്ങൾ 2019-20**

| ക്രമ നമ്പർ | കമ്പനി | മുതൽ മുടക്ക് (രൂപ (കോടിയിൽ) | വിറ്റു വരവ് (രൂപ (കോടിയിൽ) | ലാഭം/ നഷ്ടം #(രൂപ (കോടിയിൽ) | മുതൽ മുടക്ക് വിറ്റുവരവ് അനുപാതം കോളം 4/3 | വിറ്റു വരവ് ലാഭ/നഷ്ട അനുപാതം (% )കോളം (5/4)*100 | മുതൽ മുടക്ക് നഷ്ട അനുപാതം (%) ## കോളം (5/3)*100 |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 1 | കെൽ | 112.1 | 129.84 | 0.69 | 1.16 | 0.5 | 0.62 |
| 2 | ട്രാക്കോ കേബിൾസ് | 129.8 | 130.94 | -24.28 | 1.01 | -19 | -18.71 |
| 3 | യൂണൈറ്റഡ് ഇലക്ട്രിക്കൽസ് | 18.29 | 37.13 | -3.49 | 2.03 | -9 | -9.08 |
| 4 | ടെൽക് | 42.97 | 204.69 | 3.68 | 4.76 | 2 | 8.56 |

അവലംബം: A reveiw of Public Enterprises in Kerala 2019-20, Bureau of Public Enterprises Govt. of Kerala 2021

# Net profit/Loss

$$\text{\# \# } \frac{\text{Net profit after Tax and Dividend x 100}}{\text{Capital Employed}}$$

1 Investment Turnover Ratio (Col.6) = (Turnover ÷ Investment)

2 Turnover Profit / Loss Ratio (Col. 7)= (Net Profit /Loss ÷ Turnover)*100

3 Return on Investment (Col.8) = (Net Profit / Loss ÷Capital Employeed ) * 100

കെൽ കമ്പനിക്ക് മാമല, കുണ്ടറ, എടരിക്കോട് എന്നിവിടങ്ങളിലും ട്രാക്കോ കേബിൾ കമ്പനിക്ക് ഇരുമ്പനം, തിരുവല്ല, പിണറായി എന്നിവിടങ്ങളിലും യൂണിറ്റുകളുണ്ട്. യൂണൈറ്റഡ് ഇലക്ട്രിക്കൽസ് കൊല്ലത്തും ടെൽക് അങ്കമാലിയിലും പ്രവർത്തിക്കുന്നു. ഈ കമ്പനികളിൽ 1630 സ്ഥിര, കരാർ ജീവന ക്കാരാണുള്ളത്. മൊത്തം ജീവനക്കാരുടെ 8.22 ശതമാനം മാത്രമാണ് സൂപ്പർവൈസർ തസ്തികകളിലുള്ളത്. ഈ കമ്പനികൾ ഉപയോഗിക്കുന്ന സാങ്കേതികവിദ്യകൾ പഴഞ്ചനാണെന്നതാണ് ഇത് സൂചിപ്പിക്കുന്നത്. ഇവയുടെ ഉൽപ്പന്ന വൈവിധ്യം അതിശയിപ്പിക്കുന്നതാണ്. വൈദ്യുതി ഉൽപ്പാദന, വിതരണവുമായി ബന്ധപ്പെട്ട ഒട്ടുമിക്ക സാധനങ്ങളും ഇവിടെ ഉണ്ടാക്കുന്നുണ്ട്. എന്നാൽ സൂക്ഷ്മ പരിശോധനയിൽ വ്യക്തമാകുന്നത് ഈ കമ്പനികളുടെ മുഖ്യ ഉൽപ്പന്നങ്ങളിൽ ഭൂരിപക്ഷവും വളരെ കുറഞ്ഞ ലാഭവിഹിതം ഉള്ളവയാണ് എന്നതാണ്. വലിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുമ്പോൾ ലഭ്യമാകുന്ന നിഷ്ക്രിയശേഷി (Idling capacity) ഉപയോഗിച്ച് നിർമ്മിക്കേണ്ട ചരക്കുകളാണ് ഇവയിൽ പലതും. പക്ഷെ അവ ഈ കമ്പനികളുടെ മുഖ്യ ഉൽപ്പന്നങ്ങളാവുകയും മുതൽമുടക്കിന് തുല്യമായ വിറ്റുവരവ് മാത്രം വാർഷികമായി സൃഷ്ടിക്കുകയും ചെയ്യുന്നു. ഈ വിറ്റുവരവ് വലിയ നഷ്ടം മാത്രമാണ് പലപ്പോഴും കമ്പനിക്ക് നൽകുന്നത്. ഈ പരിമിതി തിരുത്താൻ തയ്യാറായില്ലെങ്കിൽ ആസ്തിയെ മറികടക്കുന്ന ബാധ്യതയെന്ന (Negative Net Worth) പ്രതിഭാസത്തിലേക്ക് ഈ കമ്പനികളെല്ലാം വലിച്ചെറിയപ്പെടുന്ന അവസ്ഥയാണുണ്ടാവുക. ഈ കമ്പനികളുടെ ഏറ്റവും വലിയ സ്വത്ത് അതിന്റെ സ്ഥാവരസ്വത്തുക്കൾ പ്രത്യേകിച്ചും സ്വന്തമായ ഭൂമിയാണ്. ഈ കമ്പനികൾക്കെല്ലാം കൂടി 150 ഏക്കറിലധികം ഭൂമി സ്വന്തമായുണ്ട്. ഏറ്റവും കൂടുതലുള്ളത് എറണാകുളം ജില്ലയിലാണ്. ആവശ്യമെങ്കിൽ കൂടുതൽ ഭൂമി ഏറ്റെടുക്കാൻ സൗകര്യമുള്ള പ്രദേശങ്ങളിലാണ് ഇതെല്ലാം നിലകൊള്ളുന്നതും. ഈ കമ്പനികളുടെ ഏറ്റവും ശക്തമായ പിൻബലം വൻകിട തുറമുഖങ്ങൾ, അന്താരാഷ്ട്ര വിമാനത്താവളങ്ങൾ, എൽ.എൻ.ജി. ടെർമിനൽ എന്നിവയുടെ സാമീപ്യമാണ്. വല്ലാർപാടം ട്രാൻഷിപ്മെന്റ് കണ്ടെയ്നർ ടെർമിനൽ, കൊച്ചിൻ പോർട്ട്, കണ്ണൂർ, കോഴിക്കോട്, നെടുമ്പാശ്ശേരി, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളങ്ങൾ, മറ്റ് റോഡ്/ ഉൾനാടൻ ജലഗതാഗത സൗകര്യങ്ങൾ ഇവയെല്ലാം ഈ കമ്പനികളുടെ പ്രവർത്തനങ്ങൾക്ക് വലിയ സഹായ കരമാവേണ്ടതാണ്. വിഴിഞ്ഞം തുറമഖത്തിന്റെ പണി പൂർത്തിയായാൽ അത് കൂടുതൽ ശക്തമായ പശ്ചാത്തല സൗകര്യത്തിന് സാധ്യത ഒരുക്കും.

ഉൽപ്പാദനച്ചെലവ് കുറയ്ക്കാനും ഉൽപ്പന്നങ്ങൾ സുഗമമായി കയറ്റുമതി ചെയ്യാനും ഇതുമൂലം സാധിക്കും. പരിചയസമ്പന്നരായ സാങ്കേതികവിദ്യാ പാടവമുള്ള തൊഴിലാളികളും എക്സിക്യൂട്ടീവുകളും മറ്റൊരു സമ്പത്താണ്. പുതിയ എഞ്ചിനീയർമാരെയും സാങ്കേതിക തൊഴിലാളികളെയും കണ്ടെത്താൻ സഹായിക്കുന്ന ഒട്ടനവധി എഞ്ചിനീയറിംഗ് കോളേജുകളും പോളിടെക്നിക്കുകളും സംസ്ഥാനത്തിന്റെ പ്രത്യേകതയായി കാണാനാവും.

ഇത്രയും പശ്ചാത്തലസൗകര്യങ്ങളും പിൻബലവും ഉണ്ടായിട്ടും ഈ കമ്പനികൾ നഷ്ടത്തിന്റെയും ബലഹീനതകളുടെയും മാത്രം കണക്കുകൾ പറയുകയും നമ്മുടെ വ്യാവസായിക മേഖലയിൽ അഗണ്യമാവുകയും ചെയ്യുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിക്കേണ്ടതാണ്. ഈ കമ്പനികളുടെ ആസ്തി, ശക്തി, സാധ്യതകൾ ഉപയോഗിച്ച് സംസ്ഥാനത്തിന്റെ വ്യാവസായിക, സാമ്പത്തിക മേഖലകളിൽ എങ്ങനെ നേട്ടമുണ്ടാക്കാമെന്നും പരിശോധിക്കേണ്ടതാണ്. ഈ കാലഘട്ടം അത് ആവശ്യപ്പെടുന്നുണ്ട്.

ഈ സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ മൗലികമാണ്. അത് കാലഹരണപ്പെട്ട സാങ്കേതികവിദ്യ തുടങ്ങി ഘടനാപരമായ ദൗർബല്യങ്ങൾ വരെയുണ്ട്. ഇന്ത്യയിലെ ഘനവൈദ്യുത ഉപകരണ വിപണിയിൽ പരാമർശ വിധേയം പോലുമല്ല ഈ കമ്പനികൾ എന്നതാണ് സത്യം. അപ്പോൾ ലോക വിപണിയിലെ സ്ഥാനം പറയേണ്ടതില്ല. വളരെ മൂല്യം കുറഞ്ഞ ഉൽപ്പന്ന നിർമ്മാണത്തിൽ കേന്ദ്രീകരിക്കുന്ന ഈ കമ്പനികളെ പുനഃസംഘടിപ്പിച്ച് ആധുനിക ഘന വ്യവസായങ്ങളാക്കണം എന്ന ചിന്തപോലും ഉണ്ടായിട്ടില്ല. ഇപ്പോഴുള്ള പ്രവർത്തനങ്ങളുടെ കാര്യത്തിൽ പോലും ഒരു ദശാബ്ദത്തിലധികമായി ഈ സ്ഥാപനങ്ങൾ അവഗണിക്കപ്പെടുകയായിരുന്നു. ഇനിയത് തുടരുന്നത് ആ സ്ഥാപനങ്ങൾക്ക് മാത്രമല്ല, പൊതുസമൂഹത്തിനും അപരിഹാര്യമായ നഷ്ടമുണ്ടാക്കാനേ സഹായകരമാവൂ. ഈ മേഖലയുടെ പുനരുദ്ധാരണവും വികാസവും ഈ കമ്പനികളെക്കൊണ്ട് മാത്രം സാധിക്കുന്ന ഒന്നല്ല. എന്നാൽ ഈ സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് അവയെ കേന്ദ്രസ്ഥാനത്ത് നിർത്തി കേരളത്തിൽ വൈദ്യുതി ഉൽപ്പന്നങ്ങൾ നിർമിക്കുന്ന ഘന വ്യവസായ ശൃംഖലയ്ക്ക് തുടക്കമിടാനാവും. അത് മുന്നിൽ കണ്ടുകൊണ്ട് ഇതുമായി ബന്ധമുള്ള കേന്ദ്ര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെയും മറ്റ് സ്വയംഭരണ സ്ഥാപനങ്ങളെയും കേരളത്തിന് പുറത്തുള്ള വിജ്ഞാന ഗവേഷണ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ബൃഹത്തും സമഗ്രവുമായ ഒരു പദ്ധതിക്കാണ് രൂപം നൽകേണ്ടത്.

അത്തരമൊരു പദ്ധതി നടപ്പിലാക്കാൻ സാധിച്ചാൽ വ്യവസായ വികസനത്തിൽ ഒരു കുതിച്ചുചാട്ടം നടത്താൻ കേരളത്തിനാവും എന്ന കാര്യത്തിൽ സംശയമില്ല. ഈ മേഖലയിൽ ചില്ലറ ചില ചുവടുവയ്പ്പുകൾ നടത്തിയിരുന്നെങ്കിലും ഒന്നും ഫലപ്രാപ്തിയില്ലെത്തിയില്ല. 2009-ൽ ടെൽ-എൻടിപിസി സംയുക്ത സംരംഭത്തിനും 2011-ൽ ഭാരത് ഹെവി ഇലക്ട്രിക്കൽസ്-കെൽ സംയുക്ത സംരംഭത്തിനും തുടക്കമിടുമ്പോൾ അവരുടെ സഹായത്തോടെ ഉന്നത സാങ്കേതികവിദ്യ സ്വാംശീരിക്കാമെന്നും അങ്ങനെ നമ്മുടെ ഇലക്ട്രിക്കൽ വ്യവസായത്തിൽ ഒരു മുന്നേറ്റം നടത്താമെന്നും പ്രതീക്ഷിച്ചിരുന്നു. ടെൽക്-എൻടിപിസി സംരംഭം ഇപ്പോഴും തുടങ്ങിയിടത്ത് തന്നെ നിൽക്കുന്നു. ഉൽപ്പാദന ശേഷി 10000 MV ആയി വർധിപ്പിക്കണമെന്ന പ്രാഥമിക നിബന്ധന പോലും ഇപ്പോഴും നടന്നിട്ടില്ല. ഉന്നതശേഷിയുള്ള ട്രാൻസ്ഫോർമറുകളുടെ സാങ്കേതിക വിദ്യ ടെൽകിനു ലഭ്യമാക്കാം എന്ന എൻ.ടി.പി.സി. വാഗ്ദാനം ഇപ്പോഴും കടലാസിലുറ ങ്ങുന്നതേയുള്ളൂ. വളരെ പ്രതീക്ഷയോടെ രൂപീകരിച്ച ഭെൽ-കെൽ സംരംഭം കൂറ്റൻ നഷ്ടങ്ങളുണ്ടാക്കി തകരുകയും ചെയ്തു. ഭെൽ-ന്റെ സഹായത്തോടെ ഒട്ടനവധി നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കാനാ വശ്യമായ ഓർഡറുകളും സാങ്കേതിക വിദ്യകളും സംസ്ഥാനത്തേക്ക് കൊണ്ടു വരാമെന്ന സ്വപ്നം ഒന്നും സംഭവിക്കാതെ പൊലിഞ്ഞു പോയി. 2008-09 കാലത്ത് ഉയർന്ന ശേഷിയുള്ള പവർ ട്രാൻസ്ഫോർമറുകൾ നിർമിക്കാൻ പറ്റുന്ന ഒരു കമ്പനി കേരളത്തിൽ സ്ഥാപിക്കാനുള്ള പദ്ധതിയുമായി ജപ്പാൻ കമ്പനിയായ തോഷിബാ മുന്നോട്ട് വരികയുണ്ടായി. അതിന്റെ സാങ്കേതിക വിദ്യ ടെൽക്കിന് കൈമാറ്റം ചെയ്യാമെന്നും തോഷിബാ കമ്പനി നിർമിക്കുന്ന ട്രാൻസ്ഫോർ മറുകൾക്കാവശ്യമായ കോർ നിർമിച്ചു നൽകാനുള്ള ചുമതല ടെൽക്കിനെ ഏൽപ്പിക്കാമെന്നുമായിരുന്നു ധാരണ. വളരെയേറെ ചർച്ചകൾ അതിന്റെ മേലെ നടക്കുകയും എന്നാൽ അവസാനനിമിഷം ആ പദ്ധതി തകിടം മറിയുകയുമാണ് ഉണ്ടായത്. ആഗോള സാമ്പത്തിക മാന്ദ്യവും രണ്ടാം യുപിഎ സർക്കാരിന്റെ രാഷ്ട്രീയ നിലപാടു കളുമായിരുന്നു ആ തകിടം മറിയലിന് കാരണം. നിലവിലെ സ്ഥാപനങ്ങളുടെ പശ്ചാത്തലസൗകര്യങ്ങളെ ഫലപ്രദമായി വിനിയോഗിച്ചുകൊണ്ട് കേരളത്തെ ഘന വൈദ്യുത വ്യവസായ സംസ്ഥാനമാക്കാൻ തനതും നൂതനങ്ങളുമായ ആശയങ്ങളും പദ്ധതികളും വികസിപ്പിക്കുകയാണ് ഇപ്പോൾ വേണ്ടത്. ഇത് ഈ കമ്പനികളെ കൊണ്ട് മാത്രം ചെയ്യാനാവുന്നതല്ല. നമ്മുടെ സംസ്ഥാനത്തും അതിനു പുറത്തുമുള്ള ഉൽപ്പാദന വൈജ്ഞാനിക

സ്ഥാപനങ്ങളെ കൂടി കൂട്ടിയിണക്കി ക്കൊണ്ടുവേണം അത്തരമൊരു പദ്ധതിക്ക് രൂപം നൽകാൻ. വൈദ്യുതി ഉൽപ്പാദന വിതരണ മേഖലയിൽ കുത്തകയുള്ള ഇലക്ട്രിസിറ്റി ബോർഡ്, പാരമ്പര്യേതര ഊർജ പഠന ഗവേഷണ കേന്ദ്രമായ അനെർട്ട്, ഊർജ ഉപഭോഗ പഠന കേന്ദ്രമായ എനർജി മാനേജ്മെന്റ് സെന്റർ, സംസ്ഥാന പവർ ഫിനാൻസ് കോർപ്പറേഷൻ, ടെൽക്കിന്റെ സംയുക്ത സംരംഭ കക്ഷിയായ എൻ.ടി.പി.സി, കേന്ദ്ര വൈദ്യുതി ഘനവ്യവസായമായ ഭെൽ, ഈ മേഖലയിൽ പ്രാവീണ്യമുള്ള ഐ.ഐ.ടി കൾ, എഞ്ചിനിയറിങ് കോളേജുകൾ, മാനേജ്മെന്റ് സ്ഥാപനങ്ങൾ ഈ മേഖലയിലെ മറ്റ് വിജ്ഞാന കേന്ദ്രങ്ങൾ എന്നിവയെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പദ്ധതിക്കാണ് രൂപം നൽകേണ്ടത്. ഇലക്ട്രിക്കൽ വ്യവസായത്തിന്റെ ഉയർന്ന തലത്തിൽ അത് ഇലക്ട്രോണിക്സുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഇലക്ട്രിക്കൽ വ്യവസായത്തിന്റെ വളർച്ച സ്വാഭാവികമായും ഇലക്ട്രോണിക്സ് വ്യവസായത്തിന്റെ വളർച്ചയ്ക്കും കാരണമാവും. ആ അർത്ഥത്തിൽ കെൽട്രോണിനും അതിന്റെ സബ്സിഡിയറി കമ്പനികൾക്കും ഈ പദ്ധതിയുടെ ഭാഗമാകാവുന്നതാണ്. ഈ മേഖലയുടെ പുനഃസംഘടനയ്ക്കും നവീകരണത്തിനും ആവശ്യമായ ഒരു പദ്ധതി തയാറാക്കുകയാണ് ആദ്യം വേണ്ടത്.

കൊവിഡ് മഹാമാരിയുടെ കാലത്ത് പൊതുവെ ഉണ്ടായ സാമ്പത്തികമാന്ദ്യം ഘന വ്യവസായ രംഗങ്ങളെ മൊത്തത്തിൽ ബാധിച്ചിട്ടുണ്ട്. എന്നാൽ ഈ സ്ഥിതി രണ്ടു വർഷങ്ങൾക്കുള്ളിൽ മറികടക്കാനാവുമെന്ന പ്രതീക്ഷയിലാണ് വ്യവസായലോകം. 2030-ൽ ഇന്ത്യയുടെ ഊർജ ഉപഭോഗം യൂറോപ്യൻ യൂണിയനെ മറികടക്കുമെന്നും 2040 ആകുമ്പോഴേക്കും ഈ ഉപഭോഗം ഇരട്ടിക്കുമെന്നുമാണ് അന്താരാഷ്ട്ര എനർജി ഏജൻസിയുടെ 2021-ലെ റിപ്പോർട്ട് അനുമാനിക്കുന്നത്. ഈ വളർച്ചയും വികസനവും വൈദ്യുതി ഉപകരണ നിർമാണ മേഖലയ്ക്ക് വലിയ സാധ്യതകളാണ് തുറന്നു കൊടുക്കുന്നത്. വൈദ്യുത ഘന വ്യവസായ മേഖലയിലെ ഭീമന്മാരായ ഭെൽ, സീമെൻസ്, കിർലോസ്കർ, എബിബി ഇന്ത്യ, മുതലായ കമ്പനികളുടെ വരും കാലങ്ങളിലെ ബിസിനസ് പ്ലാൻ പരിശോധിച്ചാൽ ഈ മേഖലയിൽ വമ്പിച്ച മുതൽമുടക്കിന് അവരെല്ലാം തയ്യാറെടുക്കുകയാണ്. ഊർജമേഖലയിൽ വലിയ കുതിച്ചുചാട്ടം നടത്താനാണ് ഭാരത സർക്കാറും തയാറെടുക്കുന്നത്. എന്നാൽ ഈ അവസരത്തെ പ്രയോജനപ്പെടുത്താനുള്ള എന്തെങ്കിലും പ്രവർത്തനം സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ ആലോചിച്ചിട്ടുപോലുമില്ല എന്നതാണ് ഇതിന്റെ ഏറ്റവും ദയനീയമായ വശം. നമ്മുടെ നയരൂപീകരണ സമിതികൾ ഇതിന്റെ

പ്രാധാന്യം മനസ്സിലാക്കി അടിയന്തരമായി ഇടപെടാൻ ആവശ്യമായ നടപടികൾ എടുത്തില്ലെങ്കിൽ കേരളം പുറന്തള്ള പ്പെടുമെന്ന കാര്യത്തിൽ സംശയമില്ല. നമ്മുടെ ശക്തി ദൗർബല്യങ്ങൾ മനസ്സിലാക്കി കേരളത്തെ വൈദ്യുത ഉപകരണ നിർമ്മാണ മേഖലയിൽ മുന്നോട്ട് നയിക്കാനാവശ്യമായ ഒരു രൂപരേഖ തയാറാക്കുകയാണ് വേണ്ടത് . അതിനായി ഒരു ആറിന പരിപാടി മുന്നോട്ട് വയ്ക്കുകയാണ്.

1. വൈദ്യുത ഉപകരണ നിർമാണ മേഖലയിൽ പ്രവർത്തിക്കുന്ന നാല് പൊതുമേഖലാ സ്ഥാപനങ്ങളെയും, ഇപ്പോൾ സംസ്ഥാന സർക്കാർ ഏറ്റെടുത്ത കാസർഗോഡ് ഭെൽ-ഇ.എം.എൽ. കമ്പനിയെയും പരസ്പരം ലയിപ്പിച്ച് ഒറ്റ കമ്പനിയാക്കുക. സാങ്കേതികവും നിയമപരവുമായ ഒട്ടനവധി കടമ്പകൾ അതിനായി കടക്കേണ്ടതുണ്ട്, പ്രത്യേകിച്ചും എൻടിപിസി-ടെൽക്കിന്റെ കാര്യത്തിൽ. എന്നാൽ ഹെവി ഇലക്ട്രിക്കൽ നിർമാണത്തിലേക്ക് പോകണമെങ്കിൽ ഇത് കൂടിയേ തീരൂ. ഇത് മൂലം ഉൽപ്പാദന പ്രക്രിയയുടെ വത്യസ്ത ഘടകങ്ങൾ പലയിടത്തായി നടത്താനാവും. അതിനാവശ്യമായ പ്ലാന്റും യന്ത്രങ്ങളും അതാതിടത്ത് സ്ഥാപിക്കണമെന്ന് മാത്രം. നിലവിലുള്ള പല അടിസ്ഥാന യന്ത്രസാമഗ്രികളെയും പുതിയ സംവിധാനത്തിലേക്ക് സന്നിവേശിപ്പിക്കാനാവും. ഇതിൽ ഒരു ഗുണമുള്ളത് ഈ പ്ലാന്റുകളുടെ നിഷ്ക്രിയ ശേഷി ഉപയോഗിച്ച് ഇപ്പോൾ നിർമിച്ചു കൊണ്ടിരിക്കുന്ന പല ഉൽപ്പന്നങ്ങളും ഉണ്ടാക്കാനാവും എന്നതാണ്. അത്തരം ഉൽപ്പന്നങ്ങളുടെ നിർമ്മാണം ഓരോ സ്ഥലങ്ങളിലായി കേന്ദ്രീകരിക്കാനും ഇരട്ടച്ചെലവുകൾ ഒഴിവാക്കാനുമാവും. നിലവിലുള്ള മനുഷ്യ വിഭവശേഷിയുടെ ശാസ്ത്രീയമായ പുനഃക്രമീകര ണത്തിലൂടെ ഉൽപ്പാദന ക്ഷമത വർധിപ്പിക്കാനും കമ്പനി കൾക്കുള്ള ഉൽപ്പാദനേതര ചെലവുകൾ ഗണ്യമായി കുറയ്ക്കാനും സാധിക്കും .

2. ടർബോ ജനറേറ്ററുകൾ, ടർബൈനുകൾ, പവർ ട്രാൻസ്ഫോർമറുകൾ തുടങ്ങിയ ഘന വൈദ്യുതി ഉപകരണങ്ങളുടെ ഉൽപ്പാദനത്തിലേക്ക് കടക്കുക. വിപണിയിലെ വിടവുകളും ചോദനയും പരിശോധിച്ച് നമ്മുടെ സംവിധാനത്തിൽ ഉൽപ്പാദിപ്പിക്കാവുന്ന ചരക്കുകൾ തിരഞ്ഞെടുക്കാനും അതിനാവശ്യമായ സാങ്കേതികവിദ്യ സ്വാംശീകരിക്കാനുമുള്ള നടപടികൾ സ്വീകരിക്കുക. വളരെ ശക്തമായ ഒരു ഗവേഷണ - വികസന കേന്ദ്രത്തിന് തുടക്കമിടുകയാണ് അത്യാവശ്യമായിട്ടുള്ളത്. കാലക്രമേണ ഈ ഉൽപ്പന്നങ്ങളുടെ ശേഷി വികസനത്തിനും വൈവിധ്യ വൽക്കരണത്തിനും ആവശ്യമായ നിർദേശങ്ങൾ നൽകാനാവത്തക്ക രീതിയിലായിരിക്കണം ഈ കേന്ദ്രം രൂപകൽപ്പന ചെയ്യേണ്ടത്.

3. പാരമ്പര്യേതര ഊർജ്ജ മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്ന ലോകോത്തര നിലവാരമുള്ള സ്ഥാപനമായി അനെർട്ടിനെ വളർത്തിയെടുക്കുക . പാരമ്പര്യേതര ഊർജ്ജ സാങ്കേതിക വിദ്യ വികസിപ്പിക്കാനും ഈ മേഖലയിൽ കാര്യക്ഷമമായ പഠന ഗവേഷണങ്ങൾ നടത്താനും ഈ മേഖലയിലെ നയരൂപീകരണത്തിന് ആവശ്യമായ വിവരങ്ങൾ സർക്കാരിന് കാലാകാലങ്ങളിൽ നൽകാനുമായി സൃഷ്ടിക്കപ്പെട്ടതാണ് അനെർട്ട്. എന്നാൽ ഈ സ്ഥാപനം എത്രമാത്രം ഈ ലക്ഷ്യങ്ങൾ കൈവരിച്ചു എന്ന് വിമർശനാത്മകമായി പരിശോധിക്കേണ്ടത് ആവശ്യമാണ്. എന്തായാലും ആ സ്ഥാപനത്തിന്റെ പഠന, ഗവേഷണ, പരിശീലന, സാധ്യതകളുടെയും കഴിവിന്റെയും വളരെ കുറഞ്ഞ അംശമേ വിനിയോഗിച്ചിട്ടുള്ളൂ എന്ന കാര്യത്തിൽ സംശയമില്ല. മൂന്നര പതിറ്റാണ്ട് പ്രായമുള്ള ഈ സ്ഥാപനത്തിൽ ഉൽപ്പാദിപ്പിക്കപ്പെട്ടിട്ടുള്ള ഈ മേഖലയിലെ വിജ്ഞാനസമ്പത്ത് പരിശോധിക്കപ്പെടേണ്ടതാണ് . പാരമ്പര്യേതര ഊർജ്ജ പഠനത്തിൽ ലോകോത്തര നിലവാരമുള്ള ഒരു ഗവേഷണ സ്ഥാപനമാക്കാനുള്ള, വലിയ തോതിൽ പാരമ്പര്യേതര ഊർജ്ജ സാങ്കേതിക വിദ്യ വികസിപ്പിക്കാനാവശ്യമായ പദ്ധതികളാണ് ആവശ്യം . ഈ മേഖലയിൽ വലിയ പഠനങ്ങളും ഗവേഷണങ്ങളുമാണ് ഇന്ത്യയിലെ തന്നെ പല IIT-കളിലും സർവകലാശാലകളിലും ലോകത്തിന്റെ ഇതര ഭാഗങ്ങളിലുള്ള സമാന സ്ഥാപനങ്ങളിലും നടക്കുന്നത് . എന്നാൽ ആ വിജ്ഞാനത്തെ ഉൽപ്പാദനത്തിലേക്ക് പരിവർത്തനം ചെയ്യിക്കാനാവശ്യമായ സംവിധാനമാണ് ഇല്ലാത്തത്. അവിടെയാണ് അനെർട്ടിന്റെ പ്രസക്തി. അത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ഈ മേഖലയിലെ ഗവേഷണങ്ങൾ ഊർജിതപ്പെടുത്താനും ഉൽപ്പാദന സംരംഭങ്ങൾക്ക് തുടക്കമിടാനും ആവശ്യമായ തോതിൽ അനെർട്ടിനെ വികസിപ്പിക്കുകയാണ് വേണ്ടത്. അതിന് ആ സ്ഥാപനത്തിന്റെ ഇപ്പോഴത്തെ ഘടനയിൽ മൗലികമായ മാറ്റം വരുത്തണം.

4. അനെർട്ടിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന സാങ്കേതികവിദ്യകളെ ഉപയോഗപ്പെടുത്തി കാറ്റാടിമില്ലുകൾ, സൗരോർജ്ജ പാനലുകൾ, മുതലായ പാരമ്പരേതര ഊർജ്ജ ഉൽപ്പന്നങ്ങളും സാമഗ്രികളും ഇലക്ട്രിക് വാഹനങ്ങൾക്കാവശ്യമായ ബാറ്ററികളും നിർമിക്കാൻ പറ്റുന്ന കമ്പനികൾ പൊതുമേഖലയിൽ ആരംഭിക്കണം. ഇതിന്റെ സാധ്യതകൾ അപാരമാണ് . ഇന്ത്യൻ പാരമ്പര്യേതര ഊർജ്ജ മേഖല ലോക പാരമ്പര്യേതര ഊർജ്ജ വിപണിയിൽ നാലാം സ്ഥാനത്താണ് . 2016-2020-ൽ ഇന്ത്യയിലെ പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദന സ്ഥാപിത ശേഷിയിൽ ഉണ്ടായ സംയോജിത വാർഷിക വളർച്ചാ നിരക്ക് 17.33 ശതമാനമാണ്. 2030 ആകുമ്പോഴേക്കും ഈ മേഖലയിലെ

ഉൽപ്പാദനം 523 ഗിഗാ വാട്ട്സ് ആക്കി ഉയർത്താനാണ് ഇൻഡ്യാ ഗവണ്മെന്റ് പദ്ധതിയിട്ടിരിക്കുന്നത് ഈ മേഖലയിൽ നല്ല പങ്ക് വഹിക്കാൻ കേരളത്തിലെ വൈദ്യുത ഉപകരണ നിർമാണ മേഖലയ്ക്ക് സാധിക്കും. വരും കാലങ്ങളിൽ ഈ ഉപകരണങ്ങൾക്ക് വലിയ ഡിമാൻഡാണ് ഉണ്ടാകാൻ പോകുന്നത്. ക്ളീൻ എനർജി എന്ന സങ്കൽപ്പനത്തിലേക്ക് ലോകം മുഴുവൻ മാറുകയാണ്. അതിനാവശ്യമായ ഉപകരണങ്ങൾ, വാഹനങ്ങൾ മുതലായവയുടെ നിർമാണത്തിന് വലിയ സാധ്യതകളാണ് ഉണ്ടായിട്ടുള്ളത് . നമ്മുടെ തീരപ്രദേശത്തുള്ള സിലിക്കാ മണൽ ഇതിന് ഉപകാരപ്രദമാവുക യാണെങ്കിൽ വലിയ മുന്നേറ്റം ഈ ദിശയിൽ സൃഷ്ടിക്കാൻ നമുക്ക് സാധിക്കും . അതുപോലെ, ഇലക്ട്രിക് വാഹന ബാറ്ററികൾ പൊതുമേഖലാ ടൈറ്റാനിയം കമ്പനികളുടെ സഹായത്തോടെ നിർമ്മിക്കാവുന്നതാണ്.

5. ഊർജ ഉൽപ്പാദനം പോലെ തന്നെ പ്രധാനപ്പെട്ടതാണ് കിഴിവുണ്ടാകാത്ത വിതരണവും ഉപഭോഗവും. കേരളത്തിലെ ഊർജ ഉപഭോഗത്തെ ശാസ്ത്രീയമായി ക്രമീകരിക്കാൻ ഉത്തരവാദിത്തപ്പെട്ട സ്ഥാപനമാണ് 1996-ൽ സ്ഥാപിച്ച എനർജി മാനേജ്മെന്റ് സെന്റർ. എന്നാൽ ഈ സ്ഥാപനത്തിന്റെ വികസന സാധ്യതകളെ ഇതുവരെ വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തിയിട്ടില്ല എന്നതാണ് യാഥാർഥ്യം. സംസ്ഥാന വൈദ്യുത ഉപകരണ മേഖലയ്ക്ക് വലിയ സംഭാവനകൾ നൽകാൻ കഴിയുന്ന സ്ഥാപനമാണിത്. ഈ മേഖലയിൽ വലിയ പഠനങ്ങളും ഗവേഷണങ്ങളും നടത്താൻ ഈ സ്ഥാപനത്തെ പ്രാപ്തമാക്കുകയാണ് വേണ്ടത് . ഊർജ ഉൽപ്പാദനം, വിതരണം, ഉപഭോഗം എന്നിവയിൽ നവീന ഗവേഷണങ്ങൾ നടത്താനും ഗാർഹിക / വാണിജ്യ / വ്യാവസായിക ഉപഭോക്തൃ നിലവാരത്തെ സംബന്ധിച്ച് നിരന്തരമായ ഓഡിറ്റ് നടത്താനും എനർജി മാനേജ്മെന്റ് സെന്ററിനെ കഴിവുറ്റതാക്കുക എന്നത് ഈ പദ്ധതിയുടെ ഒരു മുഖ്യ ഘടകമാണ്.

6. കേരളത്തിലെ ഊർജമേഖലയുടെ വികസനത്തിനായി 1998-ൽ സംസ്ഥാന സർക്കാരും ഇലക്ട്രിസിറ്റി ബോർഡും സംയോജിതമായി സ്ഥാപിച്ചതാണ് ബാങ്കിതര സാമ്പത്തിക സ്ഥാപനമായ കേരളാ സ്റ്റേറ്റ് പവർ ആൻഡ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ. ഇലക്ട്രിസിറ്റി ബോർഡിന്റെ ഓർഡറുകൾ ലഭിക്കുന്ന സ്ഥാപനങ്ങൾക്ക് ലോൺ കൊടുക്കുക എന്നതാണ് ഈ കമ്പനിയുടെ ഇപ്പോഴുള്ള പ്രവർത്തനം. അതിനായി ഉപയോഗിക്കുന്നത് ഇക്വിറ്റിയായ 27 കോടി രൂപയും ബാങ്കിൽ നിന്ന് എടുക്കുന്ന ലോണും ആണ്.

സ്ഥാപനങ്ങൾക്ക് നൽകുന്ന ലോണിൽ നിന്ന് ലഭിക്കുന്ന പലിശയാണ് കമ്പനിയുടെ മുഖ്യ വരുമാനം. 2018-19-ൽ കമ്പനി 208.4 കോടി രൂപ ലോൺ നൽകുകയും അതിന് 10.49 കോടി രൂപ പലിശയിനത്തിൽ ഈടാക്കുകയും ചെയ്തു. ആ വർഷത്തെ അറ്റാദായം 4.7 കോടി രൂപയായിരുന്നു. പൊതു മേഖലയിലെ വൈദ്യുത ഉപകരണ നിർമാണ പ്രവർത്തനങ്ങൾ വലിയ തോതിൽ വികസിപ്പിക്കാനാവശ്യമായ മുഖ്യ സാമ്പത്തിക സ്രോതസ്സ് ഈ കമ്പനി ആയിരിക്കണം. എന്നാൽ അങ്ങനെ സംഭവിക്കണമെങ്കിൽ ഈ സ്ഥാപനത്തിന്റെ പ്രവർത്തനശേഷിയും വ്യാപ്തിയും ഇപ്പോഴുള്ളതിന്റെ പതിന്മടങ്ങ് വർധിപ്പിക്കേണ്ടതായിട്ടുണ്ട് . അതിനായി നിലവിലുള്ള ഘടന അടിമുടി പൊളിച്ചെഴുതുകയും തികച്ചും പ്രൊഫഷണലായ ഒരു ബാങ്കിതര സാമ്പത്തിക സ്ഥാപനമായി അതിനെ പരിവർത്തനം ചെയ്യുകയും വേണം. ഈ പദ്ധതിയുടെ സാധ്യതകൾ വളരെ വിപുലമാണ്. ഇപ്പോഴുള്ള 1600-ലധികം ജീവനക്കാരുടെ സ്ഥാനത്ത് അതിന്റെ അഞ്ചിരട്ടി ആൾക്കാർക്കെങ്കിലും ഇതിൽക്കൂടി തൊഴിൽ നൽകാനാവും. ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ കുറഞ്ഞ ചെലവിൽ ഉൽപ്പാദിപ്പിക്കാനും അത് സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന് നൽകാനും സാധിക്കും. ഈ മേഖലയിലെ വളർച്ച ചെറുകിട ഇടത്തരം അനുബന്ധ ഉൽപ്പാദന മേഖലകളിൽ വലിയ മുന്നേറ്റമുണ്ടാക്കാനും സഹായകരമാവും. നികുതി, ഡിവിഡൻഡ്, മറ്റ് നികുതിയേതര വരുമാനങ്ങൾ എന്നീ ഇനങ്ങളിൽ സംസ്ഥാന ഖജനാവിന് ഇത് വലിയ മുതൽക്കൂട്ടാവും. രണ്ടാം ഘട്ടത്തിലെ വികസനപ്രവർത്തനങ്ങൾ സംസ്ഥാന ത്തിന് പുറത്തേക്ക് വ്യാപിപ്പിക്കാൻ കഴിഞ്ഞാൽ ഈ നേട്ടങ്ങൾ ഗണ്യമായ തോതിൽ വർധിക്കുകയും ചെയ്യും.

**വിജ്ഞാനകൈരളി,**

**ഒക്ടോബർ 2021.**

ജജജജജജ

*നയജാലകം*

# കുട്ടികളിൽ വളരുന്ന കുറ്റവാസന: നിയമപഠനം പാഠ്യപദ്ധതിയിൽ

അഡ്വ. സി. എസ്. രൂപാ

"ഒരു കുട്ടിക്ക് നമ്മൾ പഠിപ്പിക്കുന്ന രീതി പിന്തുടരാൻ കഴിയുന്നില്ലെങ്കിൽ, അവർക്കു പഠിക്കാൻ അനുയോജ്യമായ പഠനരീതി നമ്മൾ സ്വീകരിക്കണം"

- ഇഗ്നേഷ്യോ നാച്ചോ എസ്ട്രാഡ

നിയമബോധമുള്ള പൗരന്മാരാണ് ജനാധിപത്യ സമൂഹത്തിൽ ക്രമസമാധാനം നിലനിർത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നത്. കൃത്യമായ നിയമാവബോധം പകർന്നുകൊടുക്കുന്നതിലൂടെ മാത്രമേ കുറ്റവിമുക്തമായ, സമാധാനപൂർണ്ണമായ സമൂഹജീവിതം സാധ്യമാവുകയുള്ളൂ. വ്യവസായവൽക്കരണം, നഗരവൽക്കരണം, ആധുനികവൽക്കരണം എന്നിവയുടെ സ്വാധീനത്താൽ സാമൂഹികമൂല്യങ്ങളിൽ ഇളക്കം സംഭവിക്കുകയും കുട്ടികൾ നിയമവിരുദ്ധ പ്രവൃത്തികളിൽ ഏർപ്പെടുന്നതിനുള്ള പ്രവണത കൂടുന്നതായും കണ്ടുവരുന്നു. കുറ്റവാസന വളർത്തുന്ന വിവിധ ഘടകങ്ങൾ കുട്ടികളിൽ എത്രത്തോളം സ്വാധീനം ചെലുത്തുന്നുവെന്ന് മനസ്സിലാക്കുന്നതിനും വിശദീ കരിക്കുന്നതിനുമായി നിരവധി ഗവേഷണങ്ങൾ ലോകമെമ്പാടും നടന്നിട്ടുണ്ട്.

ഫ്രെഡ അഡ്‌ലർ, അലൻ ലെഷൈഡ്, റോൾഫ് ലോബർ, ഡേവിഡ് പി. ഹാരിംഗ്ടൺ എന്നീ ക്രിമിനോളജിസ്റ്റുകൾ കുട്ടികളിലെ ക്രിമിനൽ പെരുമാറ്റം ഭാവിയിൽ മുതിർന്ന കുറ്റവാളികളുടെ വർധനവിന്റെ സൂചകമായി കാണുന്നു. വ്യക്തിത്വത്തിലെ പ്രത്യേകതകൾ, വിശ്വാസങ്ങൾ, സാന്ദർഭികമായ ഘടകങ്ങൾ, പീഡനാനുഭവങ്ങൾ, എന്നിവയ്ക്ക് ഭാവിയിൽ അവർ ഏർപ്പെടുന്ന വിവിധതരം കുറ്റകൃത്യങ്ങളുമായി (ലൈംഗികവും, ഗുരുതരവുമായ കുറ്റകൃത്യങ്ങൾ, പങ്കാളി-ദുരുപയോഗം തുടങ്ങിയവ) പരസ്പരബന്ധമുണ്ടാകുമെന്ന് പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. കുറ്റവാസന വളർത്താൻ കാരണമാകുന്ന കുട്ടികളിലെ പെരുമാറ്റപ്രശ്നങ്ങളും അവരെ തെറ്റായ പാതയിലേക്ക് നയിക്കുന്ന അപകടഘടകങ്ങളും(risk factors), പ്രതിസന്ധിഘട്ടങ്ങളും വളരെ നേരത്തെ തന്നെ കണ്ടെത്തുന്നതിനും അവ പരിഹരിക്കുന്നതിനും കൃത്യമായ നടപടികൾ സ്വീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

കുറ്റകരമായ പ്രവൃത്തികളിൽ ഏർപ്പെടുന്ന കുട്ടികൾക്ക് സംരക്ഷണ ഘടകങ്ങളുടെ (Protective factors), പിൻബലമുണ്ടെങ്കിൽ, അവർ അഭിമുഖീകരിക്കേണ്ടി വന്നേക്കാവുന്ന പരിണിതഫലങ്ങളിൽ നിന്നും അവരെ നിഷ്പ്രയാസം പുറത്തുകൊണ്ടുവരുവാൻ സാധിക്കുമെന്ന് പഠനങ്ങൾ വെളിപ്പെടുത്തുന്നു. ഈ പശ്ചാത്തലത്തിൽ, അവരുടെ അടിസ്ഥാനപരമായ ആവശ്യങ്ങൾ കണ്ടെത്തേണ്ടതും അവ നിറവേറ്റി കൊടുക്കേണ്ടതും സർവ പ്രധാനമാണ്. കുറ്റകൃത്യങ്ങളിൽ അകപ്പെട്ടുപോയ കുട്ടികളെ, 'കുറ്റവാളികൾ' എന്ന് മുദ്രകുത്താതെ, അത്തരം പ്രവൃത്തികളെ വ്യക്തിഗത രോഗലക്ഷണമായി മാത്രം കാണാതെ, അവരെ അങ്ങനെ രൂപാന്തരപ്പെടുത്തുന്ന സമൂഹത്തിന്റെ ഘടനാപരമായ പോരായ്മകളിലേക്കാണ് നമ്മുടെ ശ്രദ്ധ തിരിക്കേണ്ടത്. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കും (children in conflict with law), ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്കും (children in need of care and protection), ലിംഗ-സംവേദനക്ഷമതയോടു കൂടിയ ഇടപെടൽ (gender-sensitive treatment) ഉറപ്പുവരുത്തേണ്ട ചുമതല ഭരണകൂടത്തിനുണ്ട്. കുട്ടികൾ അതിക്രമം നേരിടേണ്ടി വന്നേക്കാവുന്ന സാഹചര്യങ്ങളിൽ, അവർ സ്വയംരക്ഷയ്ക്കുവേണ്ടിയോ പ്രതികാരമനോഭാവത്തോടുകൂടിയോ കൊടുംകുറ്റകൃത്യങ്ങളിൽ ഏർപ്പെടാതിരിക്കുവാൻ അവർക്ക് പ്രത്യേക ശ്രദ്ധ നൽകേണ്ടതുണ്ട്. മാത്രമല്ല, പലവിധത്തിലുള്ള ചൂഷണങ്ങൾക്ക് ഇരയാക്കപ്പെട്ട കുട്ടികൾക്ക് കുടുംബം, ചങ്ങാതിക്കൂട്ടം, വിദ്യാലയം മുതലായ നിയമാനുസൃതമായ സാമൂഹിക സ്ഥാപനങ്ങളിൽ നിന്നും വേർപെട്ടു നിൽക്കേണ്ട അവസ്ഥയും ഉണ്ടായേക്കാം. ഇത്തരം പ്രതിസന്ധിഘട്ടങ്ങളെ എങ്ങനെയാണ് നേരിടേണ്ടതെന്ന അവബോധം കുട്ടികളിൽ സൃഷ്ടിക്കേണ്ടതുണ്ട്. ഈ നിർണായകസന്ധിയിൽ, അടിസ്ഥാന നിയമങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് പ്രദാനം ചെയ്താൽ, കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതിന്റെ ഹാനികരമായ ഭവിഷ്യത്തുകളെക്കുറിച്ചും ആകസ്മികമായ സാഹചര്യങ്ങളിൽ ബന്ധപ്പെട്ട നിയമാധികാരികളുടെ സഹായം തേടാനുള്ള മാർഗങ്ങളും അവർക്ക് മനസ്സിലാക്കാൻ സാധിക്കും. ഇന്ത്യയുടെ പൗരന്മാർ എന്ന നിലയിൽ, കുട്ടികൾക്ക് അവരുടെ അവകാശങ്ങൾ , കർത്തവ്യങ്ങൾ, ഉത്തരവാദിത്വങ്ങൾ എന്നിവയെപ്പറ്റി അവരെ ബോധവാന്മാരാക്കിയാൽ, പ്രായപൂർത്തിയായ ശേഷം, പലതരത്തിലുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടാനുള്ള അവരുടെ പ്രവണതയും തുടർന്നുള്ള തടവുശിക്ഷയും തടയുക എന്ന ഉദ്ദേശലക്ഷ്യം സാധ്യമാകും. ഈ പശ്ചാത്തലത്തിൽ, നിയമം ഒരു പാഠ്യവിഷയമായി പരിഗണിച്ചുകൊണ്ട് കുട്ടികളുടെ പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിന്റെ അനിവാര്യതയെ ആസ്പദമാക്കിയുള്ള ഒരു പഠനം വളരെയേറെ പ്രാധാന്യം അർഹിക്കുന്നു.

**കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട കുട്ടികളുടെ സ്ഥിതിവിവരക്കണക്കുകൾ**

ഇന്ത്യയിൽ വർധിച്ചുവരുന്ന കുറ്റകൃത്യങ്ങളിൽ കുട്ടികളുടെ സജീവ സാന്നിധ്യം വളരെ വേദനാജനകമായ ഒരു യാഥാർഥ്യമാണ്. കഴിഞ്ഞ ഒരു ദശാബ്ദക്കാലത്ത്, നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ (എൻ.സി.ആർ.ബി.) പ്രസിദ്ധീകരിച്ച കുറ്റകൃത്യ സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചാൽ തന്നെ ഈ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാകും. 2010 മുതൽ 2019 വരെയുള്ള കാലഘട്ടത്തിൽ ഇന്ത്യൻ ശിക്ഷാനിയമം, 1860(ഐ.പി.സി.) പ്രകാരവും, സ്പെഷ്യൽ ആൻഡ് ലോക്കൽ ലോസ്(എസ്.എൽ.എൽ.) പ്രകാരവും വിവിധതരത്തിലുള്ള കുറ്റകൃത്യങ്ങളിൽ 18 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ ഏർപ്പെട്ടതിന്റെ ഗതിയും സജീവ പങ്കാളിത്തവും പട്ടിക 1.1-ൽനിന്നും മനസ്സിലാക്കുവാൻ സാധിക്കും

**2010-2019 കാലഘട്ടത്തിൽ 18 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടതിന്റെ സ്ഥിതിവിവരക്കണക്കുകൾ (പട്ടിക 1.1)**

| വർഷം | കുറ്റകൃത്യവിഭാഗം | | | | ആകെ |
|---|---|---|---|---|---|
| | കോഗ്നൈസബിൾ ഐ.പി.സി. കുറ്റകൃത്യങ്ങൾ | | കോഗ്നൈസബിൾ എസ്.എൽ.എൽ. കുറ്റകൃത്യങ്ങൾ | | |
| | ആൺകുട്ടികൾ | പെൺകുട്ടികൾ | ആൺകുട്ടികൾ | പെൺകുട്ടികൾ | |
| 2010 | 26,160 | 1,311 | 2,603 | 229 | 30,303 |
| 2011 | 29,234 | 1,532 | 2,675 | 446 | 33,887 |
| 2012 | 33,793 | 1,672 | 3,971 | 386 | 39,822 |
| 2013 | 37,309 | 1,456 | 4,330 | 411 | 43,506 |
| 2014 | 41,495 | 1,071 | 5,143 | 521 | 48,230 |
| 2015 | 38,221 | 853 | 2,247 | 64 | 41,385 |
| 2016 | 40,777 | 1,049 | 2,312 | 33 | 44,171 |
| 2017 | 37,170 | 232 | 2,985 | 33 | 40,420 |
| 2018 | 35,126 | 254 | 2,858 | 18 | 38,256 |
| 2019 | 34,957 | 257 | 3,448 | 23 | 38,685 |

2010 മുതൽ 2019 വരെയുള്ള കാലഘട്ടത്തിൽ എൻ.ഡി.പി.എസ് ആക്റ്റ്, 1985 പ്രകാരവും ഐ.ടി.പി.എ., 1956 പ്രകാരവുമുള്ള കുറ്റകൃത്യങ്ങളിൽ 18 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ ഏർപ്പെട്ടതിന്റെ ഗതിയും സജീവപങ്കാളിത്തവും പട്ടിക 1.2 ൽ കൊടുത്തിരിക്കുന്നു.

**2010-2019 കാലഘട്ടത്തിൽ എൻ.ഡി.പി.എസ്. ആക്റ്റ്, 1985 പ്രകാരവും ഐ.ടി.പി.എ., 1956 പ്രകാരവും പിടിക്കപ്പെട്ട കുട്ടികളുടെ സ്ഥിതിവിവരക്കണക്കുകൾ പട്ടിക 1.2**

| വർഷം | കുറ്റകൃത്യവിഭാഗം | | | | ആകെ |
|---|---|---|---|---|---|
| | എൻ. ഡി. പി. എസ്. ആക്റ്റ്, 1985 | | ഐ. ടി. പി.എ ആക്റ്റ്, 1956 | | |
| | ആൺകുട്ടികൾ | പെൺകുട്ടികൾ | ആൺകുട്ടികൾ | പെൺകുട്ടികൾ | |
| 2010 | 90 | 3 | 1 | 9 | 103 |
| 2011 | 78 | 9 | 2 | 14 | 103 |
| 2012 | 84 | 8 | 2 | 17 | 111 |
| 2013 | 163 | 3 | 8 | 14 | 188 |
| 2014 | 144 | 3 | 17 | 3 | 167 |
| 2015 | 148 | 3 | 4 | 5 | 160 |
| 2016 | 191 | 4 | 15 | 6 | 216 |
| 2017 | 209 | 1 | 5 | 0 | 231 |
| 2018 | 227 | 3 | 0 | 0 | 230 |
| 2019 | 247 | 2 | 4 | 0 | 254 |

## കുട്ടികളിലെ അപരാധിത്വം : പ്രശ്നങ്ങളും വെല്ലുവിളികളും

സിഗ്മണ്ട് ഫ്രോയിഡ് ഉൾപ്പെടെയുള്ള മനശ്ശാസ്ത്രവിദഗ്ദ്ധരുടെ വാദങ്ങളനുസരിച്ച് ബാല്യകാലത്തുണ്ടായ ക്ലേശകരവും അരോചകരവുമായ സംഭവങ്ങൾ മനുഷ്യന്റെ അബോധ മനസ്സിൽ നിരന്തരാഘാതം സൃഷ്ടിച്ചു കൊണ്ടിരിക്കും. പലതരത്തിലുള്ള പീഡനങ്ങളിൽ നിന്നും ഉടലെടുക്കുന്ന വേദനാജനകമായ അനുഭവങ്ങളും അതുമൂലമുണ്ടാകുന്ന മനോരോഗങ്ങളും കൗമാരപ്രായത്തിൽ കുട്ടികളിൽ കണ്ടുവരുന്ന പെരുമാറ്റ പ്രശ്നങ്ങൾക്ക് കാരണങ്ങളായേക്കാം. പിന്നീട്, ഈ പ്രശ്നങ്ങൾ, ആത്മഹത്യാ പ്രവണത, ലഹരിവസ്തുക്കളുടെ ദുരുപയോഗം, വിഷാദരോഗം, സാമൂഹ്യവിരുദ്ധമായ വ്യക്തിത്വ വൈകല്യങ്ങൾ, മനോരോഗം, വൈകാരിക രോഗങ്ങൾ, ഉത്കണ്ഠാ രോഗങ്ങൾ തുടങ്ങിയ അപകടാവസ്ഥ കളിലേക്ക് കുട്ടികളെ നയിക്കുന്നു.

ജോയ്സെലിൻ എം. പൊള്ളോക്ക് എന്ന ക്രിമിനോളജിസ്റ്റ് കൗമാരകുറ്റവാളി സംഘങ്ങളെ നാലായി തരംതിരിച്ചിരിക്കുന്നു. അവയിൽ സ്കാവെഞ്ചർ ഗാംഗ്സ് (Scavenger Gangs) അവസരങ്ങൾ കിട്ടുന്നതിനനുസരിച്ച് കുറ്റകൃത്യങ്ങളിലേർപ്പെടുന്നു; റ്റെറിറ്റോറിയൽ ഗാംഗ്സ് (Territorial Gangs) സ്വന്തമായി അതിർത്തി ഉണ്ടാക്കുകയും അവിടെ നിയന്ത്രണം ചെലുത്തുകയും ചെയ്യുന്നു; കൊമേർഷ്യൽ ഗാംഗ്സ് (Commercial Gangs) ലഹരിവസ്തുക്കളും മയക്കുമരുന്നുകളും ഉൽപ്പാദിക്കുന്നതിലും അവ വിതരണം ചെയ്യുന്ന പ്രവൃത്തികളിലും ഏർപ്പെടുന്നു; കോർപ്പറേറ്റ് ഗാംഗ്സ (Corporate Gangs) പല സംഘടനകളായി രൂപമെടുത്തുകൊണ്ട് മയക്കുമരുന്ന് വ്യാപാരത്തിൽ പ്രധാന പങ്കു വഹിക്കുകയും അത്തരം കച്ചവടത്തിൽ നിന്നും ലാഭം ഉണ്ടാക്കുകയും ചെയ്യുന്നു. ലഹരി വസ്തുക്കളുടെ ദുരുപയോഗം മൂലം വഴിതെറ്റിയ കുട്ടികൾക്ക് വേണ്ട വിധത്തിൽ ചികിത്സ ലഭിക്കാത്തപക്ഷം, ഭാവിയിൽ അവർ നിയമവിരുദ്ധമായ പ്രവൃത്തികളിൽ ഏർപ്പെടാനും അതുവഴി പുകവലി, അക്രമസ്വഭാവം, ലൈംഗിക വ്യതിയാനങ്ങൾ, അപര്യാപ്തമായ അധ്യയനം, മാനസിക പ്രശ്നങ്ങൾ മുതലായ ദോഷകരമായ പ്രത്യാഘാതങ്ങൾക്ക് വഴിയൊരുക്കുമെന്നും ഗവേഷണങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ദി നാഷണൽ യൂത്ത് പോളിസി, 2014-ന്റെ നയം അനുസരിച്ച്, കുട്ടികൾക്ക് ഉയർന്ന നിലവാരമുള്ള വിദ്യാഭ്യാസം, ക്രിയാത്മകമായ കഴിവുകൾ വികസിപ്പിക്കുവാനുള്ള കാര്യപരിപാടികൾ, സ്പോർട്സ്, വിനോദപരിപാടികൾ, മൂല്യാധിഷ്ഠിത വിദ്യാഭ്യാസം തുടങ്ങിയവ ഉറപ്പുവരുത്തിയാൽ, അനാരോഗ്യകരമായ ശീലങ്ങൾക്കെതിരെയുള്ള സംരക്ഷണ ഘടകങ്ങളായി പ്രവർത്തിക്കും.

വ്യഭിചാരം, മനുഷ്യക്കടത്ത് തുടങ്ങിയ നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ കുട്ടികൾ പങ്കാളികളായി കണ്ടുവരുന്ന സാഹചര്യങ്ങളിൽ അവരുടെ പ്രായവും ദുർബലതയും കണക്കിലെടുത്ത്, അവരെ 'കുറ്റവാളികൾ' എന്നതിന് പകരം 'ഇരകൾ' ആയി കാണണമെന്ന് ഡൽഹി ഹൈകോർട്ട് ലീഗൽ സർവീസസ് കമ്മിറ്റി V/s.യൂണിയൻ ഓഫ് ഇന്ത്യ എന്ന കേസിൽ ഡൽഹി ഹൈക്കോടതി പരാമർശിച്ചു. ഈ വിഷയത്തിൽ കോടതിയുടെ നിരീക്ഷണം ഇങ്ങനെയായിരുന്നു.

"It is highly deplorable and heart rending to note that many poverty stricken children and girls in the prime of youth are taken to 'flesh market' and forcibly pushed into the 'flesh trade', which is being carried on in utter violation of all canon of morality, decency and dignity of humankind. There cannot be two opinions indeed there is none - that this obnoxious and abominable crime committed with all kinds of unthinkable vulgarity should be eradicated at all levels by drastic steps."

കുട്ടികളിൽ വർധിച്ചുവരുന്ന ലഹരിമരുന്ന്, മദ്യം എന്നിവയുടെ ദുരുപയോഗം സംബന്ധിച്ച് പ്രശ്ന പരിഹാരം കണ്ടെത്തുവാൻ ബച്പൻ ബച്ചാവോ ആന്ദോളൻ v/sയൂണിയൻ ഓഫ് ഇന്ത്യ എന്ന കേസിൽ സുപ്രീം കോടതി കേന്ദ്രസർക്കാരിന് വിവിധ നിർദേശങ്ങൾ നൽകിയിരുന്നു. ഈ വിഷയത്തിൽ അന്വേഷണം ഊർജിത മാക്കാനും ഇത്തരം പ്രവൃത്തികളിൽ അകപ്പെട്ടുപോയ കുട്ടികളെ കണ്ടെത്തുന്നതിനും അവരെ നിരീക്ഷിക്കുന്നതിനും പരിശോധിക്കുന്നതിനും രക്ഷപ്പെടുത്തുന്നതിനും പ്രബോധിപ്പിക്കുന്നതിനും അവരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുവാൻ കേന്ദ്രസർക്കാർ മുൻകൈയെടുക്കണമെന്നും കോടതി വ്യക്തമാക്കി. ഈ വിഷയത്തിൽ സുപ്രീം കോടതിയുടെ നിരീക്ഷണം ഇങ്ങനെയായിരുന്നു.-

"Children ... constitute a vulnerable age group for social, educational, moral and physical development. Protecting children from wide - spread prevalence of substance abuse is one of the biggest policy challenges facing India."

നിയമവിരുദ്ധമായ പ്രവർത്തനങ്ങളിൽ വർധിച്ചുവരുന്ന കുട്ടികളുടെ സാന്നിധ്യവും പങ്കാളിത്തവും നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ വിടവുകളെയാണ് പ്രതിഫലിപ്പിക്കുന്നത്. നിയമത്തെക്കുറിച്ച് അവബോധമുള്ള വ്യക്തികൾക്ക് മാത്രമേ അവരുടെ അവകാശങ്ങൾ, കടമകൾ,

പരിമിതികൾ എന്നിവയെക്കുറിച്ച് ബോധ്യമുണ്ടാവുകയുള്ളൂ. നീതിയുടെ സംരക്ഷണവും നടത്തിപ്പും ഉറപ്പുവരുത്തുവാൻ ഔപചാരിക വിദ്യാഭ്യാസത്തിലെ ഇടപെടലുകളിലൂടെ സാധിക്കും. ഒരു സമൂഹത്തിൽ ക്രമസമാധാനം നിലനിർത്തുന്നതിലും നീതിനിർവഹണം സുഗമമാക്കുന്നതിലും അവിടെയുള്ള പൗരന്മാർക്ക് നൽകുന്ന വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിനും അവരിൽ സൃഷ്ടിക്കുന്ന നിയമപരമായ അവബോധത്തിനും പ്രബലമായ സ്വാധീനം ചെലുത്തുവാൻ സാധിക്കും. കുട്ടികളിൽ വളരുന്ന കുറ്റവാസനയുടെ പശ്ചാത്തലത്തിൽ നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ബലഹീനതകളെപ്പറ്റി ധാരണ ഉണ്ടാക്കേണ്ടതും പരിഹാരങ്ങൾ കണ്ടെത്തേണ്ടതും നവീകരിക്കേണ്ടതും അതിന് വേണ്ട പുനഃക്രമീകരണം കൊണ്ടുവരേണ്ടതും അനിവാര്യമാണ്.

ഒരു രാജ്യത്തിന്റെ നീതിന്യായ വ്യവസ്ഥയുടെ പരിഷ്കാരം അവിടെയുള്ള നിയമവിദ്യാഭ്യാസത്തിന്റെ പരിഷ്കാരത്തെ ആശ്രയിച്ചിരിക്കും. ഇന്നത്തെ വിദ്യാർഥിസമൂഹം ഭാവിയിൽ ഈ രാജ്യത്തിന്റെ തൂണുകളാണ്. നിയമ വിദ്യാഭ്യാസം കുട്ടികളിൽ സാമൂഹികമൂല്യങ്ങളെ പ്രബോധിപ്പിക്കുക വഴി, അവരെ ഈ രാജ്യത്തിന്റെ സമ്പന്നമായ പൈതൃകം സംരക്ഷിക്കുവാനും സത്യത്തിന്റെ പാത പിന്തുടരുവാനും ഉത്തരവാദിത്വമുള്ള പൗരന്മാരായി ജീവിക്കുവാനും വഴികാട്ടുന്ന വിളക്കാവുന്നു. ഇതുമൂലം, അവർ ഈ രാജ്യത്തിന്റെ അവിഭാജ്യഘടകമാണെന്ന സത്യം മനസ്സിലാക്കുകയും വ്യക്തിപരവും സാമൂഹികവുമായ പ്രശ്നങ്ങൾ വിവേകത്തോടെ പരിഹരിക്കുവാൻ പ്രാപ്തരാവുകയും ചെയ്യും.

**കുട്ടികൾക്ക് നിയമവിദ്യാഭ്യാസം നൽകേണ്ടതിന്റെ അനിവാര്യത**

ഒരു വ്യക്തി കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ, ആ വ്യക്തിക്ക് ബന്ധപ്പെട്ട നിയമങ്ങളും അവയുടെ ഉള്ളടക്കവും അറിയില്ലായിരുന്നു എന്ന കാരണം വിശദീകരിച്ചതുകൊണ്ടുമാത്രം നിയമലംഘനത്തിന്റെ ഭവിഷ്യത്തിൽ നിന്നും രക്ഷ നേടാനാവില്ല. ഇതുതന്നെയാണ് അതിപുരാതനമായ കോമൺ ലോ(ഇംഗ്ലീഷ് പൊതു നിയമം) തത്വങ്ങളായ ഇഗ്നോറൻഷ്യ ലെജിസ് നെമിനെം എക്സ്കുസാറ്റ്(ignorantia legis neminem excusat), ഇഗ്നോറൻഷ്യ ജൂറിസ് നോൺ എക്സ്കുസാറ്റ ്(ignorantia juris non excusat) എന്നിവ സ്പഷ്ടമാക്കുന്നതും. ഒരു കുറ്റകൃത്യത്തിലേർപ്പെടാൻ മാത്രമുള്ള കുറ്റകരമായ ഉദ്ദേശ്യലക്ഷ്യവും കുറ്റകൃത്യം മുൻ കൂട്ടി ആസൂത്രണം ചെയ്യുവാനുള്ള ബുദ്ധിശക്തിയും നിശ്ചിത പ്രായം തികയുംവരെ സാധാരണ കുട്ടികളിൽ വികസിച്ചുകാണില്ലെന്നുള്ളതാണ്

പൊതുവേയുള്ള അനുമാനം. ഈ ചിന്തയെ കണക്കിലെടുത്തു കൊണ്ട് ഇന്ത്യയിൽ 7 വയസ്സിന് താഴെയുള്ളൊരു കുട്ടി എന്തെങ്കിലും കുറ്റകൃത്യം ചെയ്തിട്ടുണ്ടെങ്കിൽ, ആ കുട്ടിയെ ഡോളി ഇൻകപാക്സ്(Doli Incapax) ആയി കണ്ടുകൊണ്ട്, അത്തരം പ്രവൃത്തികളെ നിയമം ശിക്ഷാർഹമായി കാണുന്നില്ല. എന്നിരുന്നാലും 7 വയസ്സിന് മുകളിലും എന്നാൽ 12 വയസ്സിന് താഴെയുള്ളൊരു കുട്ടി എന്തെങ്കിലും കുറ്റകൃത്യം ചെയ്തതായി കാണപ്പെട്ടാൽ, ആ കുട്ടിക്ക് താൻ ഏർപ്പെട്ട കുറ്റകരമായ പ്രവൃത്തിയുടെ സ്വഭാവവും പരിണതഫലങ്ങളും എത്രത്തോളം മനസ്സിലാക്കുവാൻ സാധിക്കുന്നു എന്നതിനെ അടിസ്ഥാനപ്പെടുത്തിയിട്ടായിരിക്കും ആ കുട്ടിയുടെ പ്രവൃത്തി ശിക്ഷാർഹമാണോ അല്ലയോ എന്ന് നിർണയിക്കുക. കുറ്റകൃത്യങ്ങളിലേർപ്പെടുന്ന ഇത്തരം കുട്ടികളെയും 18 വയസ്സിന് താഴെയുള്ള മറ്റ് കുട്ടികളെയും ബാലനീതി നിയമം അനുസരിച്ച് കൈകാര്യം ചെയ്യുവാൻ ഇൻ ലോക്കോ പാരന്റിസ് (in loco-parentis) ആയി സർക്കാരിന് അധികാരമുള്ളപ്പോൾ, കുട്ടികളിൽ ഈ രാജ്യത്തിന്റെ നിയമസംവിധാനത്തെപ്പറ്റിയും അടിസ്ഥാന നിയമങ്ങളെപ്പറ്റിയും അവബോധം ഉണ്ടാക്കിയെടുക്കേണ്ട ഉത്തരവാദിത്വവുമുണ്ട്.

സാങ്കേതിക വിപ്ലവത്തിന്റെ പ്രതികൂല ഫലങ്ങളായി കുട്ടികൾ ഏർപ്പെടുന്നതും അവർ ഇരകളായി തീരുന്നതുമായ കുറ്റകൃത്യങ്ങൾ വർധിച്ചുവരുന്നതിന് ഈ രാജ്യം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ, നിയമ വിദ്യാഭ്യാസം സുനിശ്ചിതമായും പൊതു ജനക്ഷേമത്തിന് ഗുണം ചെയ്യുമെന്നത് നിസ്സംശയം പറയാം. നിയമ വിഷയത്തിൽ അവബോധം കൈവരിക്കുന്നത് ആജീവനാന്ത നിക്ഷേപമായതിനാൽ, അത് പാഠ്യപദ്ധതിയുടെ ഭാഗമാക്കേണ്ട ഉത്തരവാദിത്വം സർക്കാരിനുണ്ട്. അത് നിറവേറ്റിയാൽ കുട്ടികൾ സാമൂഹിക പ്രതിബദ്ധതയുള്ളവരായി ജീവിക്കുകയും, അവർ നേടിയ അറിവ് ഈ നാടിന്റെ പുരോഗതിക്കായി കാര്യക്ഷമമായി പ്രയോഗിക്കുകയും ചെയ്യും. വിദ്യാഭ്യാസം ഒരു മനുഷ്യാവകാശമാണെന്നും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണെന്നും ദേശീയ-അന്തർദേശീയ നിയമചട്ടക്കൂടും ഇന്ത്യയിലെ കോടതികളും അംഗീകരിച്ചിരിക്കുന്നു. ഇത് സമർഥമായി നടപ്പിലാക്കാൻ സ്വീകരിക്കേണ്ട ആസൂത്രിത പദ്ധതിയെപ്പറ്റിയും സർക്കാർ ഒരു ധാരണ ഉണ്ടാക്കിയെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്തിയാൽ, കുട്ടികൾക്ക് അവരുടെ അവകാശങ്ങളും കടമകളും ഉത്തരവാദിത്വങ്ങളും മനസ്സിലാക്കിക്കൊടുക്കുന്നതിനപ്പുറം അവരെ കുറ്റകരമായ പാതകൾ സ്വീകരിക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കാനും സാധിക്കും.

വിദ്യാഭ്യാസത്തിനുള്ള അവകാശമെന്നു വച്ചാൽ, ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിനുള്ള അവകാശമാണെന്നും വിദ്യാഭ്യാസം കൊണ്ടുദ്ദേശിക്കുന്നത് കുട്ടികളെ അവരുടെ മറ്റ് അവകാശങ്ങളെപ്പറ്റി ബോധവാന്മാരാക്കുക എന്നതുമാണെന്ന് സ്റ്റേറ്റ് ഓഫ് ഉത്തർ പ്രദേശ് V/S ആനന്ദ് കുമാർ യാദവ് എന്ന കേസിൽ സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്. കുട്ടികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് നിലവിലെ സർക്കാർ വിദ്യാലയങ്ങൾ നൽകുന്ന സൗകര്യങ്ങളിലെ അപര്യാപ്തതയിലും കോടതി ആശങ്ക പ്രകടിപ്പിച്ചു. നിയമം ഒരു വിഷയമായി പാഠ്യപദ്ധതിയുടെ ഭാഗമായി സംയോജിപ്പിക്കുകയാണെങ്കിൽ, അത് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് പുറമേ, കുട്ടികളിൽ അവരുടെ അവകാശങ്ങളെയും കർത്തവ്യങ്ങളെയും കുറിച്ച് യുക്തി സഹമായ വീക്ഷണം വളർത്തുവാനും സാധിക്കും. കുട്ടികളുടെ അവകാശങ്ങളും വിശേഷാവകാശങ്ങളും നിയമപരമായി സംരക്ഷിക്കപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കേണ്ടതും ഉറപ്പുവരുത്തേണ്ടതുമായ പൂർണചുമതല സർക്കാരിനും ബന്ധപ്പെട്ട അധികാരികൾക്കുമാണെന്ന് ജസ്റ്റിസ് കെ.എസ്.പുട്ടസ്വാമി V/S യൂണിയൻ ഓഫ് ഇന്ത്യ എന്ന കേസിൽ സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, കുട്ടികൾക്ക് ഉചിതമായ വിദ്യാഭ്യാസം ലഭിക്കുക എന്നുള്ളത് പൊതു താൽപ്പര്യമുള്ള വിഷയമാണെന്നും അത് അവരെ അമൂല്യ പൗരന്മാരായി തീരുവാൻ പ്രാപ്തരാക്കുമെന്നും ഈ കേസിൽ കോടതി ശക്തമായി പ്രതിപാദിക്കുന്നു.

**താഴെത്തട്ടിലുള്ള നിയമവിദ്യാഭ്യാസം : നിലവിലെ സാഹചര്യം**

ബിരുദതലത്തിലും ബിരുദാനന്തര ബിരുദതലത്തിലും നിയമവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുവാനും നിലവാരമുയർത്തുവാനും നിരവധി പ്രയത്നങ്ങൾ നടന്നിട്ടുണ്ടെങ്കിലും വിദ്യാലയതലത്തിൽ കുട്ടികളിൽ നിയമ വിഷയത്തിൽ അവബോധം സൃഷ്ടിക്കുന്നതിൽ സർക്കാർ മതിയായ ശ്രദ്ധ നൽകിയിട്ടില്ലെന്നത് വാസ്തവമാണ്. ചില തത്വങ്ങളെയും നിയമ വ്യവസ്ഥകളെയും കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുകയും അതുവഴി നിയമവൃത്തിയിൽ പ്രവേശിക്കുവാൻ അവരെ പ്രാപ്തരാക്കുന്നതുമായ ഒരു ശാസ്ത്ര മായിട്ടാണ് ലോ കമ്മീഷൻ ഓഫ് ഇന്ത്യ നിയമവിദ്യാഭ്യാസത്തെ കാണുന്നത്. നിലവിലുള്ള നിയമവിദ്യാഭ്യാസവ്യവസ്ഥ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് കേവലം നിയമരംഗത്ത് പ്രവേശിക്കുവാൻ ഉദ്യോഗാർഥികളെ പ്രാപ്തരാക്കുകയെന്ന കാര്യത്തിൽ മാത്രമാണ്. ആകയാൽ, വിദ്യാലയങ്ങളിൽ നിയമ-വിഷയത്തിൽ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ആവശ്യകതയെ അവഗണിക്കുന്നതായി

കണ്ടുവരുന്നു. ഇക്കാര്യത്തിൽ, പുരോഗമനപരമായ മാറ്റം കൊണ്ടുവരാൻ നിയമവിദ്യാഭ്യാസത്തിന്റെ വ്യാഖ്യാനം പരിഷ്കരിക്കുന്നതിനും വിസ്തൃതമാക്കുന്നതിനും കൂടുതൽ സ്പഷ്ടമാക്കിത്തീർക്കുന്നതിനും ലോ കമ്മീഷൻ ഓഫ് ഇന്ത്യ മുൻകൈയെടുക്കേണ്ടതാണ്. ഇതിനോടൊപ്പം, നിയമരംഗത്ത് ഉദ്യോഗസ്ഥരെ സൃഷ്ടിക്കുക തുടങ്ങിയ മറ്റു ലക്ഷ്യങ്ങൾക്ക് പുറമേ `കുട്ടികളിൽ നിയമാവബോധം വളർത്തുക' (raising legal awareness among children) എന്നത് കൂടി നിലവിലുള്ള നിയമവിദ്യാഭ്യാസ-ലക്ഷ്യങ്ങളുടെ കൂടെ കൂട്ടിച്ചേർക്കുവാൻ ലോ കമ്മീഷൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. നിയമം ഒരു നിർബന്ധിത വിഷയമായി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചുള്ള പ്രമേയം ബന്ധപ്പെട്ട നിയമാധികാരി കളുടെ മുന്നിൽ അവതരിപ്പിക്കുവാനും അത് നടപ്പിലാക്കുവാനും ബാർ കൗൺസിൽ ഓഫ് ഇന്ത്യയും അതത് സംസ്ഥാനങ്ങളിലുള്ള ബാർകൗൺസി ലുകളും ബന്ധപ്പെട്ട മന്ത്രാലയങ്ങളും ഒന്നുചേർന്ന് പ്രവർത്തിക്കേണ്ടതുണ്ട്.

താഴെക്കിടയിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തെ നിയന്ത്രിക്കുന്ന നിലവിലെ നിയമ-ചട്ടക്കൂടിന്റെ പിഴവുകളും അപര്യാപ്തതയും പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. പല സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റി നിയമ വിദ്യാഭ്യാസത്തിന്റെ പുരോഗതിക്കു വേണ്ടി വിദ്യാലയങ്ങളിലും കലാലയങ്ങളിലും പഠിക്കുന്ന കുട്ടികൾക്കായി അടിസ്ഥാന നിയമങ്ങളെ പരിചയപ്പെടുത്തുന്നതിനെക്കുറിച്ച് പുസ്തകങ്ങൾ വിതരണം ചെയ്തുവരുന്നു. എന്നിരുന്നാലും അവയൊക്കെ വായിച്ചിരിക്കണമെന്നത് നിർബന്ധമില്ലാത്തതുകൊണ്ട്, അവയുടെ ഉള്ളടക്കം വായിച്ച് മനസ്സിലാക്കണോ, അതോ വായിക്കാതെ പുസ്തകം തന്നെ അവഗണിക്കണോ എന്ന തീരുമാ നമെടുക്കാൻ ഈ സാഹചര്യത്തിൽ കുട്ടികൾ സ്വതന്ത്രരാണ്. ഈ ചുറ്റുപാടിൽ കുട്ടികൾക്ക് ആവശ്യമായ ബോധവൽക്കരണം ലഭിക്കുന്നുണ്ടെന്ന് ഒരിക്കലും ഉറപ്പുവരുത്താനാകില്ല. ഇതിന് പുറമേ, സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷന്റെ (സി.ബി.എസ്.ഇ.) അധികാര പരിധിയിൽ വരുന്ന ചില വിദ്യാലയങ്ങളിൽ നിയമവിഷയം പാഠ്യപദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. ദൗർഭാഗ്യവശാൽ, സി.ബി.എസ്.ഇ. വികസിപ്പിച്ചെടുത്ത ഈ പാഠ്യപദ്ധതി കേവലം ഹയർ സെക്കന്ററി വിഭാഗത്തിൽ ഹ്യുമാനിറ്റീസ് വിഭാഗം തിരഞ്ഞെടുത്ത വിദ്യാർഥികളെ മാത്രമാണുദ്ദേശിച്ചിരിക്കുന്നത്. ഇന്ത്യയിലെ എല്ലാ പൗരന്മാരും ഇവിടെയുള്ള എല്ലാ നിയമങ്ങളെക്കുറിച്ചും അറിഞ്ഞിരി

ക്കണമെന്നും സമൂഹത്തിൽ ക്രമസമാധാനം നിലനിർത്തണമെന്നും ഇവിടത്തെ നിയമവ്യവസ്ഥ പ്രതീക്ഷിക്കുമ്പോൾ, നിയമവിദ്യാഭ്യാസം കേവലമൊരു പ്രത്യേക വിഭാഗത്തിനു മാത്രം പഠിക്കുവാൻ അനുവദിക്കുന്നത്, മറ്റ് വിഭാഗങ്ങൾ തിരഞ്ഞെടുത്ത കുട്ടികളെ വിവേചിക്കുന്നതും യുക്തിരഹിതവും നീതിരഹിതവുമായൊരു പ്രവണതയാണ്. മാത്രമല്ല, നിലവിൽ, നിയമം ഒരു വിഷയമായി ഉൾപ്പെടുത്തിയ പാഠ്യപദ്ധതികളെല്ലാം സൂക്ഷ്മമായി പരിശോധിച്ചാൽ അവയുടെ പ്രധാനോദ്ദേശ്യം നിയമ-വിഷയത്തിൽ അവബോധം സൃഷ്ടിക്കുക എന്നതിലുപരി നിയമമേഖലയിലുള്ള തൊഴിൽ തിരഞ്ഞെടുക്കുവാൻ കുട്ടികളെ ആകർഷിക്കുന്ന തരത്തിലായിപ്പോകുന്നു. ഇതിനുപുറമേ, നിയമം ഒരു നിർബന്ധിത വിഷയമാക്കി വിദ്യാർഥികൾക്കായുള്ള സർക്കാരിന്റെ പാഠ്യപദ്ധതിയുമായി സംയോജിപ്പിക്കാൻ ഇതുവരെ ഒരു സംസ്ഥാനസർക്കാരും മുൻ കൈയെടുത്തിട്ടില്ലെന്നത് നിഷേധി ക്കാനാവാത്തൊരു സത്യമാണ്.

ഒരു ജനാധിപത്യ സമൂഹത്തിൽ നിയമം സുപ്രധാന പങ്ക് വഹിക്കുന്നതിനാൽ, വിദ്യാർഥികൾക്ക് നൽകാനുദ്ദേശിക്കുന്ന നിയമവിദ്യാഭ്യാസം കൂടുതൽ അർഥവത്താക്കേണ്ടതുണ്ട്. ആനുകാലിക സാമൂഹിക പ്രശ്നങ്ങൾ, നിയമ രംഗത്തുള്ള നൂതന സംവിധാനങ്ങൾ, സമകാലിക വെല്ലുവിളികളെ നിയമപരമായി കൈകാര്യം ചെയ്യേണ്ട രീതികൾ എന്നിവയെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കേണ്ടതുണ്ട്. നിയമവിഷയം പാഠ്യപദ്ധതിയുടെ ഭാഗമായി കൊണ്ടുവരുമ്പോൾ അതിൽ നിശ്ചയമായും ഉൾപ്പെടുത്തേണ്ടതായിട്ടുള്ള ചില വിഷയങ്ങൾ ഇവിടെ സൂചിപ്പിക്കുന്നു: ഭരണകൂടത്തിന്റെ ഘടന നിയമവ്യവസ്ഥയുടെ ആവിർഭാവം; കുട്ടികൾ പൊതുവേ ഇരകളായിത്തീരുന്ന കുറ്റകൃത്യങ്ങൾ; ഇന്ത്യയിലെ ശിശുസംരക്ഷണ നിയമങ്ങൾ; ജുവനൈൽ നീതിന്യായവ്യവസ്ഥ; മനുഷ്യാവകാശം; ഇന്ത്യൻ ശിക്ഷാനിയമം 1860, സിവിൽ നടപടി നിയമസംഹിത 1908, ക്രിമിനൽ നടപടി നിയമസംഹിത 1973, ഇന്ത്യൻ തെളിവ് നിയമം 1972 എന്നീ നിയമങ്ങളുടെ സുപ്രധാന ഭാഗങ്ങൾ; ഗാർഹികപീഡന നിരോധനനിയമം; പരിസ്ഥിതി നിയമം; ഇന്ത്യയിലുള്ള നിയമസഹായ സംവിധാനം; അഴിമതിക്കെതിരെയുള്ള നിയമ നടപടികൾ; ഉപഭോക്തൃ സംരക്ഷണ നിയമം; മെഡിക്കൽ നിയമം; ഇതര തർക്ക പരിഹാര സംവിധാനം (Alternative Dispute Resolution Mechanism); ബൗദ്ധിക സ്വത്തവകാശം(Intellectual Propetry Rights); വ്യാവസായിക-തൊഴിൽ നിയമങ്ങൾ; വ്യാപാര നിയമങ്ങൾ എന്നീ വിഷയങ്ങളുടെ അടിസ്ഥാനതത്വങ്ങൾ തുടങ്ങിയവ. ഈ ലക്ഷ്യം ഫലപ്രദമായി നടപ്പിലാക്കണമെങ്കിൽ വിദ്യാലയങ്ങളിൽ നിയമം ഒരു നിർബന്ധിത വിഷയമാക്കുകയും

അവ പഠിപ്പിക്കുന്നതിനായി യോഗ്യതയുള്ള നിയമ ബിരുദധാരികളെ നിയമിക്കുകയും ചെയ്യണം. തുടർനടപടിയായി, അധ്യാപകർക്കായി ഈ പുതിയ പാഠ്യവിഷയം സമർഥമായി കൈകാര്യം ചെയ്യുവാൻ ആധുനികവും നൂതനവും ഇന്റർഡിസിപ്ലിനറി സമീപനത്തോടും കൂടിയ അധ്യാപനരീതികളെ പരിചയപ്പെടുത്തുവാനും അധ്യാപന മേഖലയിലെ പ്രവർത്തന സമ്പ്രദായ ങ്ങളെക്കുറിച്ച് മനസ്സിലാക്കി കൊടുക്കുന്നതിനും സമഗ്ര പരിശീലനം നൽകേണ്ടതുണ്ട്. അതേസമയം തന്നെ, സമൂഹത്തിൽ സംഭവിക്കുന്ന മാറ്റങ്ങളുമായി പൊരുത്തപ്പെട്ടുപോകാൻ നിലവിലെ പാഠ്യപദ്ധതി പൂർണമായും പരിഷ്കരി ക്കുന്നതിനെപ്പറ്റിയും അതിൽ നിയമവിഷയവും മറ്റ് ആനുകാലിക വിഷയങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് ഒരു സന്തുലിതാവസ്ഥ കൊണ്ടുവരുവാനും സംസ്ഥാന സർക്കാരുകൾ മുൻകൈയെടുക്കേണ്ടതുമാണ്.

നിയമവാഴ്ചയാണ് മനുഷ്യരാശിയെ വന്യജീവികളിൽനിന്നും വേർതിരിക്കുന്നത്. നിയമവിദ്യാഭ്യാസവും ബോധവൽ ക്കരണവും നിയമകലാലയങ്ങളുടെ അതിർവരമ്പുകൾക്കുമപ്പുറം സഞ്ചരിച്ചു കൊണ്ട് സർക്കാരിന് നൽകുവാൻ സാധിച്ചാൽ, പൊതുജനങ്ങൾക്ക് നിയമത്തോടും നിയമവാഴ്ചയോടുമുള്ള ആദരവ് ശക്തിപ്പെടുത്തുവാനും അതുവഴി അവർക്ക് ഈ രാജ്യത്തിന്റെ സാമ്പത്തികവും സാമൂഹികവുമായുള്ള വികസനത്തിന്റെ ഭാഗമായി തീരുവാനും സാധിക്കും. നിയമം ഒരു നിർബന്ധിത വിഷയമാക്കി കുട്ടികളുടെ പാഠ്യപദ്ധതിയുടെ ഭാഗമാക്കുകയും അതുവഴി നിയമപരമായ അവബോധം അവരിൽ വളർത്തുവാനും സാധിച്ചാൽ, അവർക്ക് ഈ സമൂഹത്തിലെ പൊതുകാര്യങ്ങളിൽ താൽപ്പര്യം ഉണ്ടാവുകയും നിലവിലെ നിയമ വ്യവസ്ഥയെക്കുറിച്ചും ഈ രാജ്യത്തിന്റെ അടിസ്ഥാന നിയമങ്ങളെക്കുറിച്ചും ആഴത്തിൽ ഗ്രഹിക്കുവാനും ഉയർന്ന തലത്തിലുള്ള അറിവ് സിദ്ധിക്കുവാനും അവസരമുണ്ടാകും. നിയമ പരിജ്ഞാനം എല്ലാ പൗരന്മാരെയും ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ള മൂല്യങ്ങളെ നെഞ്ചിലേറ്റി ജീവിക്കുവാനും ദൈനംദിന വെല്ലുവിളികളെ നിയമാനുസൃതമായി കൈകാര്യം ചെയ്യുവാനും സജ്ജരാക്കും. ഈ ദൗത്യം നിറവേറുകയാണെങ്കിൽ, കുട്ടികളെ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നത് തടയുവാനും അവരെ ശരിയായ ദിശയിൽ നയിക്കുവാനും പ്രയോജനപ്പെടും. കുറ്റകൃത്യരഹിതമായൊരു സമൂഹം സൃഷ്ടിക്കുകയും അവിടെ ക്രമസമാധാനം നിലനിർത്തുകയും നല്ല ഭരണം നിർവഹിക്കുകയും ചെയ്യുന്ന ഒരു സർക്കാരിനു മാത്രമേ ആഗോളതലത്തിൽ ബഹുമതിയും അംഗീകാരവും നേടാൻ സാധിക്കുകയുള്ളൂ.

**വിജ്ഞാനകൈരളി,**
**ജൂലൈ 2021.**

ഛഛഛഛ

*നയജാലകം*

# മാതൃഭാഷ: വിഗ്രഹവൽക്കരണമല്ല വേണ്ടത്

സി. എം. മുരളീധരൻ

നാമിന്ന് കേരളം എന്നു വിളിക്കുന്ന ഭൂപ്രദേശം 1956-ന് മുമ്പ് ഏതെങ്കിലും കാലത്ത് ഒന്നായിരുന്നതായോ, ഏതെങ്കിലും ഭരണാധികാരിയുടെ കേന്ദ്രീകൃതഭരണത്തിൻ കീഴിൽ കഴിഞ്ഞതായോ ഉള്ള ചരിത്രപരമായ തെളിവുകളൊന്നും ഇതുവരെ ലഭ്യമായിട്ടില്ല. പ്രകൃതിയിലെ അതിരുകളായ പുഴകൾ കടന്നാൽ ഭ്രഷ്ടുപോലും ഇവിടെ പലയിടങ്ങളിലും ഉണ്ടായിരുന്നു. പക്ഷേ, കാസർഗോഡ് മുതൽ പാറശ്ശാല വരെയുള്ള ഭൂപ്രദേശങ്ങളെ മറ്റനേകം വ്യത്യസ്ത തകൾക്കിടയിലും ഒന്നിപ്പിച്ചത് മലയാളം എന്ന ഭാഷയല്ലാതെ മറ്റൊന്നുമായിരുന്നില്ല.

പന്ത്രണ്ടാം നൂറ്റാണ്ടാവുമ്പോഴേക്കും തികച്ചും സ്വതന്ത്രമായ ഒന്നായി മലയാളം മാറിയെന്നതിനുള്ള മികച്ച തെളിവാണ് ഭാഷാകൗടലീയം. ഇന്ത്യയിൽ മറ്റൊരു പ്രാദേശികഭാഷയിലും പരിഭാഷ വരുന്നതിന് മുമ്പാണ് മലയാളത്തിൽ കൗടലീയം അടയാളപ്പെടുത്തപ്പെട്ടത്. സംസ്കൃതത്തിന്റെയോ തമിഴിന്റെയോ വലിയ തോതിലുള്ള കലർപ്പില്ലാതെ തന്നെ ഇത്തരമൊരു ഗഹന വിഷയം മലയാളത്തിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞു എന്നത് ചെറിയ കാര്യമല്ല. മിഷണറിമാരുടെ പ്രവർത്തനാരംഭത്തോടെ പുതുഭാവം കൈക്കൊണ്ട മലയാളഗദ്യം പുതിയൊരു പൊതുമണ്ഡലത്തെ മതേതരമായ പൊതുമണ്ഡലത്തെ സൃഷ്ടിക്കുകയായിരുന്നു എന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. കേരളീയത എന്ന സ്വത്വത്തിലൂന്നിയ ഒരു പൊതുസമൂഹം രൂപപ്പെട്ടുവന്നതിലേക്കുള്ള വഴികൾ അതാണ്. ഈ പ്രക്രിയയ്ക്ക് ആക്കംകൂട്ടിയ ഘടകങ്ങളായി 1847 മുതൽ മലയാളത്തിൽ പിറന്നുവീണ ആനുകാലികങ്ങളെയും കേരള വർമ്മ വലിയ കോയിത്തമ്പുരാന്റെ നേതൃത്വത്തിൽ നടന്ന ടെക്സ്റ്റ്ബുക്ക് കമ്മിറ്റി (1867) പ്രവർത്തനങ്ങളെയും നമുക്ക് വിലയിരുത്താം. കേരളവർമ്മയുടെ നേതൃത്വത്തിൽ രൂപപ്പെട്ട പാഠപുസ്തകങ്ങൾ ഉള്ളടക്കത്തിൽ പുരാണങ്ങളെ മാറ്റിനിർത്തി ആധുനികമായ വിഷയങ്ങൾ കൈകാര്യം ചെയ്തതായി ഇ.വി. രാമകൃഷ്ണൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതേസമയം ആനുകാലികങ്ങളാവട്ടെ മലയാളം, മലയാളി എന്നീ സംജ്ഞകളെ പ്രതിനിധാനം ചെയ്യുന്ന ഒരു സമൂഹത്തിന്റെ അടിത്തറ രൂപപ്പെടുത്തി. പുതിയൊരു മാനകഭാഷ, അതിലൂടെ വളർന്നുവന്ന സമ്പർക്കങ്ങൾ, ചർച്ചകൾ, വാദപ്രതിവാദങ്ങൾ.... ഇങ്ങനെ രൂപപ്പെട്ട പൊതുമണ്ഡലമാണ് നവോത്ഥാന

പ്രസ്ഥാനങ്ങളിലൂടെ ദേശീയ പ്രസ്ഥാനത്തിലൂടെ, ഇടതുപക്ഷ പ്രസ്ഥാനങ്ങളിലൂടെ വളർന്നു വികസിച്ച് കേരള ദേശീയത എന്ന സങ്കൽപ്പത്തെ യാഥാർത്ഥ്യമാക്കിയത്. ഒരു വശത്ത് ജന്മിത്തത്തിനും സാമ്രാജ്യത്വത്തിനു മെതിരായ സമരത്തിലൂടെയും മറുവശത്ത് ഐക്യകേരളത്തിന് വേണ്ടിയുള്ള സമരത്തിലൂടെയുമാണ് അത് രൂപപ്പെട്ടത്.

1956-ൽ ഐക്യകേരളം എന്ന സങ്കൽപ്പം യാഥാർത്ഥ്യമായി. ഐക്യകേരള പ്രസ്ഥാനത്തിന്റെ ഏറ്റവും വലിയ നേട്ടം കേരളീയരുടെ ഭാഷയെയും സംസ്കാരത്തെയും കുറിച്ചുള്ള ബോധ്യങ്ങളെ രാഷ്ട്രീയവൽക്കരിക്കാൻ അതിനു സാധിച്ചു എന്നുള്ളതാണ്. സംസ്ഥാന രൂപീകരണത്തോടെ ഐക്യകേരള പ്രസ്ഥാനം അസ്തമിച്ചു. അത് മുന്നോട്ടുവച്ച കൂട്ടായ്മബോധത്തെ നിലനിർത്തുന്നതിനും സജീവമാക്കി മുന്നോട്ടുകൊണ്ടുപോകുന്നതിനും നമുക്ക് കഴിഞ്ഞുവോ? നമ്മുടെ സ്വപ്നങ്ങൾക്ക് - കേരളത്തെക്കുറിച്ചും അതിനടിസ്ഥാനമായി വർത്തിച്ച മലയാളത്തെക്കുറിച്ചുമുള്ള സ്വപ്നങ്ങൾക്ക് എന്ത് സംഭവിച്ചു?

സാമൂഹിക വികസന സൂചികകളിൽ കേരളം എക്കാലത്തും ഇന്ത്യയിലെ പൊതു അവസ്ഥയേക്കാൾ മെച്ചപ്പെട്ട നിലവാരം പുലർത്തി. പുതിയ ചരിത്രങ്ങൾ സൃഷ്ടിച്ച കഥയാണ് കേരളത്തിന്റേത്. സാമ്പത്തികമായ മുന്നേറ്റം സൃഷ്ടിക്കാൻ കഴിയാത്തപ്പോൾ പോലും സാമൂഹികമായി മുന്നേറാൻ സംസ്ഥാനത്തിന് കഴിഞ്ഞു . ആരോഗ്യം, സാക്ഷരതാ വിദ്യാഭ്യാസം, കുടിവെള്ളം, പാർപ്പിടം, ഭക്ഷണം തുടങ്ങി ജീവിതത്തിന്റെ മിക്ക മേഖലകളിലും മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ കവച്ചുവച്ചു കൊണ്ടുള്ള കുതിപ്പാണ് കേരളം രേഖപ്പെടുത്തിയത്. വികസിത രാജ്യങ്ങളോട് ഒപ്പമെത്തുന്ന വികസന സൂചികകൾ നാം കൈവരിച്ചു. സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ, ദേശീയ പ്രസ്ഥാനം, കമ്യൂണിസ്റ്റ് പ്രസ്ഥാനം എന്നീ ധാരകളുടെ ഇടപെടലുകളുടെ ഫലമായാണ് ഇത്തരമൊരവസ്ഥ ഇവിടെ ഉണ്ടായതെന്ന് വികസനപഠന രംഗത്തെ വിദഗ്ദ്ധർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. 1980-കളുടെ അവസാനത്തോടെയാകട്ടെ സാമ്പത്തിക വികസനരംഗത്തും കേരളം മുന്നേറി ത്തുടങ്ങി.

നേട്ടങ്ങൾ എടുത്തുപറയുമ്പോൾ തന്നെ കേരളം ഒരു വികസന പ്രതിസന്ധിയിലാണ് എന്ന് ഇന്ന് പൊതുവെ അംഗീകരിക്കപ്പെട്ടിരിക്കുന്നു . അതിനെ സമർഥിക്കുന്ന നിരവധി സൂചകങ്ങളുണ്ട്. അതിന്റെ കാരണങ്ങളെ ക്കുറിച്ചുള്ള ചർച്ചകളും സജീവമാണ്. എന്നാൽ, കേരളവികസന പ്രതിസന്ധി കളെക്കുറിച്ചുള്ള ചർച്ചകളിൽ ഒരിക്കലും കടന്നുവരാത്ത ഒന്നുണ്ട്. അത് കേരളത്തെ കെട്ടിപ്പടുത്ത അടിത്തറയെ ക്കുറിച്ചാണ്. നമ്മെ നാമാക്കിയ മലയാളത്തെ മറന്നു കൊണ്ടുള്ള വികസനമായിരുന്നു നമ്മുടേത്.

ജീവിതത്തിന്റെ സകല മണ്ഡലങ്ങളിൽ നിന്നും മലയാളത്തെ ഒഴിവാക്കുന്ന പ്രവർത്തനങ്ങളിലാണ് അറിഞ്ഞോ അറിയാതെയോ നാം ഭാഗഭാക്കായത് .

ഉപജീവന ഉൽപ്പാദന വ്യവസ്ഥയിലുള്ള ഭാഷയുടെ ഉപയോഗത്തിന്റെ സജീവതയാണ് ഭാഷയുടെ ഭൗതികത എന്ന് പി. ശ്രീകുമാർ ചൂണ്ടിക്കാട്ടുന്നു. ഇന്ന് കേരളത്തിലെ ഉൽപ്പാദന മേഖലയിലെ ഭാഷ മലയാളമല്ല. കാർഷിക സമ്പദ് വ്യവസ്ഥയിൽനിന്ന് കേരളം പതിയെ മാറിയപ്പോൾ ഉൽപാദനമണ്ഡലവും ഭാഷയുമായുണ്ടായ ബന്ധം നഷ്ടപ്പെട്ടു എന്ന് പറയാം. ഉൽപ്പാദനമേഖലയ്ക്കു പകരമായി വളർന്നു വന്നതാകട്ടെ സേവന മേഖലയാണ്; ഉപഭോഗസംസ്കാരമാണ്. വികസിച്ചുവന്ന സേവനമേഖലയുടെ ഭാഷ മലയാളമായി മാറിയില്ല . ഭരണഭാഷാ മാറ്റത്തെക്കുറിച്ചുള്ള പ്രഖ്യാപനങ്ങൾ ഇടയ്ക്കിടെ ഉണ്ടായെങ്കിലും പതിറ്റാണ്ടുകളോളം മാറ്റമൊന്നുമുണ്ടായില്ല. തൊണ്ണൂറുകൾവരെ സമാന്തര ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങൾ ഉയർത്തുന്ന വെല്ലുവിളിയെക്കുറിച്ചായിരുന്നു നമ്മുടെ ചർച്ചകൾ. ഇന്നാകട്ടെ കേരളത്തിന്റെ അഭിമാനസ്തംഭമായിരുന്ന പൊതു വിദ്യാഭ്യാസ മേഖലയെത്തന്നെ ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ എന്ന പുതിയ ഭൂതം പിടികൂടിയിരിക്കുന്നു. കഴിഞ്ഞ വർഷം എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയവരിൽ ഏതാണ്ട് പകുതിയോളം ഇംഗ്ലീഷ് ഭാഷയിലാണ് ഉത്തര മെഴുതിയതെന്നാണ് പത്രവാർത്തകൾ സൂചിപ്പിച്ചത്. ഉന്നതവിദ്യാഭ്യാസം കിട്ടി വളർന്നു വലുതായ വിഭാഗം തങ്ങളുടെ അടുത്ത തലമുറയുടെ ജീവിതസുരക്ഷ ഉറപ്പാക്കാൻ ഇംഗ്ലീഷ് ഭാഷയിലൂടെയുള്ള വിദ്യാഭ്യാസം വേണമെന്ന് ആത്മാർഥമായും വിശ്വസിച്ചു. ഇതിനിടെ ഇംഗ്ലീഷ് ഭാഷയിലുള്ള പരിജ്ഞാനം തൊഴിൽ പരമായ, സാമ്പത്തികമായ ഒരാവശ്യമായി കേരളത്തിൽ രൂപപ്പെടുകയും ചെയ്തു. കേരളത്തിന്റെ വികസനമുരടിപ്പു മൂലം മറ്റ് പ്രദേശങ്ങളിലേക്ക് തൊഴിലന്വേഷിച്ചാലേ ഗതി കിട്ടു എന്ന സ്ഥിതിയും വന്നുചേർന്നു. തൊഴിൽ കമ്പോളത്തിൽ മേൽക്കൈ നേടാൻ, 'മെച്ചപ്പെട്ടത്' എന്ന് തങ്ങൾ കരുതുന്ന ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭ്യമാക്കാൻ ഏതറ്റം വരെയും പോവുക എന്ന ബോധമാണ് കേരളത്തിലെ മധ്യവർഗത്തിനിടയിൽ രൂപപ്പെട്ടത്.

മറ്റൊരുവശത്ത് കമ്പോളം പൂർണമായും ഇംഗ്ലീഷിന് കീഴ്പ്പെട്ട കാഴ്ചയാണ് നമുക്ക് കാണാനുള്ളത്. ഉപഭോഗവസ്തുക്കൾ മുഴുവൻ നമ്മോട് ഇംഗ്ലീഷിലാണ് സംസാരിക്കുന്നത്. റാപ്പറുകൾ, മറ്റുതരത്തിലുള്ള പാക്കിങ് വസ്തുക്കൾ, അവയുടെ ബില്ലുകൾ, പരസ്യങ്ങൾ .... എന്തിനേറെ കടകളുടെ പേരെഴുതിയ ബോർഡുകളും കൂറ്റൻ പരസ്യബോർഡുകളും ഇംഗ്ലീഷിലാണ്

കൂടുതലും നമ്മോട് സംസാരിക്കുന്നത്. തെരുവുകളിലെ അടയാള ബോർഡുകൾ വരെ മലയാളത്തോട് വിട പറഞ്ഞിരിക്കുന്നു. ചുരുക്കത്തിൽ , ഉൽപ്പാദനമേഖല, സേവനമേഖല എന്നിവിടങ്ങളിൽ മാത്രമല്ല, പൊതു ഇടങ്ങളിൽപ്പോലും മലയാളം ചുരുങ്ങിച്ചുരുങ്ങിവരുന്ന കാഴ്ച അതിനെ പ്രോത്സാഹിപ്പിക്കുന്ന ഒരു വികസന പാതയിലൂടെയാണ് നാം സഞ്ചരിച്ചു കൊണ്ടിരിക്കുന്നത്.

'ഒരു ഭാഷയുടെ വികസ്വരക്ഷമതയും അതു സംസാരിക്കുന്ന ജനതയുടെ ഭൗതിക പരിസരവും തമ്മിൽ ഗാഢമായ ജൈവബന്ധമുണ്ടെങ്കിൽ ഭാഷാപരമായ പ്രതിസന്ധികൾക്ക് ആ ജനത നേരിടുന്ന സാമൂഹികവും സാമ്പത്തികവുമായ പ്രതിസന്ധികളുമായി ബന്ധമുണ്ടാവാനാണ് സാധ്യത' എന്ന് ടി.ടി. ശ്രീകുമാർ നിരീക്ഷിച്ചിട്ടുണ്ട്. 'ഒരു ജനതയുടെ യഥാർഥ ജീവിതത്തിന്റെ ഉൽപാദനവും പ്രത്യുൽപ്പാദനവുമായി ബന്ധമില്ലാത്ത കേവലമായ ഒരു ഭാഷാപ്രതിസന്ധി നിലനിൽക്കുകയില്ല' എന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. ഭാഷ നേരിടുന്ന പ്രശ്നം ഒരു വികസനപ്രശ്നമാണ്. സാമ്പത്തിക പ്രശ്നമാണ് എന്ന് തിരിച്ചറിഞ്ഞുകൊണ്ട് അതിനെ അഭിമുഖീകരിക്കാൻ തയ്യാറായാലേ ഇന്ന് മലയാളഭാഷ നേരിടുന്ന പ്രശ്നത്തിന് ഒരു പരിഹാരം കണ്ടെത്താൻ കഴിയൂ.

മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് ജനസംഖ്യയിൽ ഏറ്റവും കൂടുതൽ ശതമാനം ആളുകൾ ഉപയോഗിക്കുന്നത് മലയാള ഭാഷയാണ്. 96% കേരളീയർ മലയാളം സംസാരിക്കുന്നു. കർണാടകയിൽ 65% പേരും ആന്ധ്രയിൽ 83% പേരും തമിഴ്നാട്ടിൽ 89% പേരുമേ കന്നഡയും തെലുങ്കും തമിഴും ഉപയോഗിക്കുന്നുള്ളൂ. അതേ അവസരത്തിൽ തന്നെ മാതൃഭാഷയോട് നിസ്സംഗതയോ പുച്ഛമോ പുലർത്തുന്ന കാര്യത്തിലും മലയാളികൾ മുന്നിൽത്തന്നെ. മലയാളി കളെപ്പോലെ മാതൃഭാഷയോട് കൂറില്ലാത്ത ജനതയെ മറ്റൊരിടത്തും കാണില്ല എന്ന് ഡോ.യു.ആർ.അനന്തമൂർത്തി പ്രസ്താവിച്ചത് ഇത്തരുണത്തിൽ ഓർക്കാവുന്നതാണ്. മാതൃഭാഷയെ മുൻനിർത്തി മൗലിക വാദമുയർത്തണമെന്നല്ല ഇവിടെ സൂചിപ്പിക്കുന്നത്. മാതൃഭാഷയെ സ്നേഹിക്കണമെന്നാണ്; അതിനെ നശിപ്പിക്കരുതെന്ന് മാത്രമാണ്.

കാലങ്ങളായി മലയാളത്തോടുള്ള മലയാളിയുടെ സമീപനത്തെക്കുറിച്ച് പരിശോധിക്കുന്നത് രസാവഹമായ ചില കാര്യങ്ങളിലേക്ക് നമ്മെ നയിക്കും. തന്റെ കുട്ടിക്കാലത്ത് മലയാളത്തിന് മാന്യമായൊരു സ്ഥാനമുണ്ടായിരുന്നില്ല എന്ന് പ്രൊഫ. എം. കെ. സാനു (ജനനം 1928) ഒരു ലേഖനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു

പാഠ്യവിഷയമെന്ന നിലയിൽ തികഞ്ഞ അവജ്ഞയായിരുന്നു മലയാളത്തോട് അക്കാലത്തുണ്ടായിരുന്നത്. പള്ളിക്കൂടങ്ങളിൽ കണക്കും സയൻസും ഇംഗ്ലീഷും പഠിപ്പിച്ചിരുന്ന അധ്യാപകർക്കുള്ള സ്ഥാനമോ മാന്യതയോ മലയാളം അധ്യാപകർക്ക് ലഭിച്ചിരുന്നില്ല എന്നദ്ദേഹം ഓർക്കുന്നു. അവരെ മുൻഷിമാരെന്ന ഓമനപ്പേരിലാണ് അടയാളപ്പെടുത്തിയിരുന്നത് തന്നെ. മൊയാരത്ത് ശങ്കര (ജനനം 1889)-ന്റെ ആത്മകഥയിലും സമാനമായ കാര്യങ്ങൾ പറയുന്നുണ്ട്. അക്കാര്യങ്ങൾ സൂചിപ്പിക്കുമ്പോൾ മറ്റൊരു കാര്യം കൂടി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. 'ബംഗാളികൾ, എം.എ. ക്കാരനായാലും അന്യോന്യം കത്തെഴുതുന്നത് അവരുടെ മാതൃഭാഷയിലല്ലാതെ ഒരിക്കലും ഇംഗ്ലീഷിലെഴുതുകയില്ല. രാജ്യാഭിമാനത്തെപ്പോലെ ഭാഷാഭിമാനത്തെയും അവർ ആദരിച്ചുപോന്നു.' സ്വാതന്ത്ര്യപൂർവ കാലത്ത് പല കാലഘട്ടങ്ങളിൽ ജനിച്ചവരുടേയും അനുഭവങ്ങളിൽ നമുക്ക് സമാനമായ പരാമർശങ്ങൾ കാണാം.

മലായാളത്തിലെ ആദ്യകാല ആനുകാലികങ്ങളുടെ കൂട്ടത്തിൽ സവിശേഷമായൊരു സ്ഥാനമാണ് 1890 -ൽ പുറത്തിറക്കിയ വിദ്യാവിനോദിനിക്കുള്ളത്. വിദ്യാവിനോദിനിയുടെ ആദ്യലക്കത്തിലെ പത്രാധിപക്കുറിപ്പ് വിലപിക്കുന്നത് 'നമ്മുടെ വിദ്വാൻമാർക്കുള്ള ഉദാസീനത ഹേതുവായിട്ട് മലയാളഭാഷ ഇപ്പോളും വളരെ അപരിഷ്കൃതമായ രീതിയിൽ തന്നെ ഇരിക്കുന്നു' എന്നാണ്. ഭാഷാഭിമാനികളായ ആളുകളുടെ ശ്രമഫലമായി ഇംഗ്ലീഷുഭാഷ അപരിഷ്കൃതമായ അവസ്ഥയിൽ നിന്ന് എങ്ങനെയാണ് വളർന്നത് എന്ന് ചൂണ്ടിക്കാട്ടാനും പത്രാധിപർ തുനിയുന്നു.

1883-ലാണ് മലയാളത്തിലെ ആദ്യ ഭൗതികശാസ്ത്ര ഗ്രന്ഥമെന്ന് വിശേഷിപ്പിക്കപ്പെടുന്ന പ്രകൃതിശാസ്ത്രം പുറത്തിറങ്ങുന്നത് . ഗ്രന്ഥകാരനായ ഫാദർ ജൊഹനാസ് ഫ്രേഓൺ മെയർ തിരുവിതാംകൂർ മഹാരാജാവിന് തന്റെ പുസ്തകം സമർപ്പിച്ചുകൊണ്ടെഴുതിയ ആമുഖക്കുറിപ്പിൽ ഖേദിക്കുന്നതും മലയാളികളുടെ ഭാഷയോടുള്ള സമീപനത്തിലാണ്. "ഇന്നത്തെ രീതിയിലാണ് കാര്യങ്ങൾ നടക്കുന്നതെങ്കിൽ ഭാഷയ്ക്ക് തന്നെ അതൊരു ദുരന്തമായിരിക്കും. എന്തുകൊണ്ടാണ് പൊതുരംഗത്ത് മാതൃഭാഷ ഉപയോഗിക്കാത്തതെന്ന് ചോദിച്ചാൽ വിദ്യാസമ്പന്നരായ നാട്ടുകാർ പറയും മലയാളത്തിൽ ശരിയായ രീതിയിൽ ആശയപ്രകാശനം സാധിക്കുന്നില്ല എന്ന്. സംശയമില്ല തന്നെ; പുതിയ കാര്യങ്ങൾ ഭാഷയിൽ പരിചയപ്പെടുത്തുന്നില്ലെങ്കിൽ, വീട്ടുകാര്യങ്ങളും അങ്ങാടി കാര്യങ്ങളും നടത്താൻ മാത്രം മലയാളം

ഉപയോഗിക്കുന്നുവെങ്കിൽ, ഏതാണ്ടെല്ലാ ആത്മനിഷ്ഠവിനിമയവും മറ്റൊരു ഭാഷയിൽ നടത്തുന്നുവെങ്കിൽ മലയാളം ആത്യന്തികമായും ദരിദ്രമാകും.''

പറഞ്ഞുവരുന്നത്, കാലങ്ങളായി മലയാളികളുടെ മലയാളത്തോടുള്ള സമീപനമാണ്. ഒരു സമൂഹത്തിന്റെ സമീപനത്തിലുള്ളടങ്ങിയ 'ജനിതകമായ ഘടകമാണോ ഇത് വെളിപ്പെടുത്തുന്നത്? എവിടെയാണ് പ്രശ്നത്തിന്റെ വേര് കിടക്കുന്നത്?' ചരിത്രപരമായും ഈ വിഷയത്തെ പരിശോധിക്കേണ്ടതുണ്ട്.

മുകളിൽ സൂചിപ്പിച്ച തരത്തിൽ, സാമൂഹിക സാമ്പത്തിക ചരിത്ര ഘടകങ്ങളെ മുൻനിർത്തിയുള്ള അന്വേഷണങ്ങളിലൂടെയും അവയിലൂടെ സൂചിതമാകുന്ന കാര്യങ്ങളെ മുൻനിർത്തിയുള്ള വിശകലനങ്ങളിലൂടെയും വേണം മലയാളത്തിന്റെ ഇന്നത്തെ അവസ്ഥയെ മറികടക്കാൻ. ദൗർഭാഗ്യകരമെന്ന് പറയട്ടെ, ശാസ്ത്രീയമായ സമീപനത്തിനു പകരം കാൽപ്പനികമായ സമീപനവും വിഗ്രഹവൽക്കരണവുമാണ് മാതൃ ഭാഷയുടെ കാര്യത്തിൽ പലകോണുകളിൽ നിന്നും ഉണ്ടാവുന്നത്. 'അമ്മ മലയാള' മെന്നുള്ള ചൊല്ലുകളും കണ്ണീർ പൊഴിക്കലും വലിയതോതിൽ നടക്കുന്നു. 'അമ്മ മലയാളമെന്ന' വിളി അപകടകരമായ ഒരു കാര്യമാണെന്നല്ല പറയുന്നത് . പക്ഷേ, അതു മാത്രമായി അവശേഷിക്കുന്നതാണ് പ്രശ്നം. മാതൃഭാഷയെ കാൽപ്പനികമായി സമീപിക്കുമ്പോൾ ഒരാൾക്ക് മലയാളത്തിനുവേണ്ടി ഘോരഘോരം പ്രസംഗിക്കാം. എന്നിട്ട് തന്റെ എല്ലാ ജീവിതവ്യവഹാരങ്ങളെയും ഇംഗ്ലീഷിനെ അല്ലെങ്കിൽ മറ്റൊരു ഭാഷയെ മുൻനിർത്തി ചെയ്യാം. ഒരു രക്ഷിതാവെന്ന നിലയിൽ ഒട്ടും മനഃസാക്ഷിക്കുത്തില്ലാതെ സ്വന്തം മക്കളുടെ വിദ്യാഭ്യാസത്തിന് ഇംഗ്ലീഷ് മീഡിയം തെരഞ്ഞെടുക്കാം. ഒരധ്യാപകനെന്ന നിലയിൽ, പി.ടി.എ ഭാരവാഹിയെന്ന നിലയിൽ പൊതു വിദ്യാലയങ്ങളെ കാർന്നുതിന്നുന്ന ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾക്കു മുമ്പിൽ ഒരക്ഷരമുരിയാടാതെ മാപ്പുസാക്ഷിയായി മാറാം. അമ്പത് ശതമാനം വിദ്യാർഥികളും ഇംഗ്ലീഷ് മീഡിയത്തിൽ പരീക്ഷയെഴുതു മ്പോൾ നിർനിമേഷനായി നിൽക്കാം. സ്വന്തം മക്കളെ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലയച്ച്, ആവേശത്തോടെ മാതൃഭാഷാ സമരത്തിന് പിന്തുണ സാമൂഹികമാധ്യമങ്ങളിൽ ഉറപ്പുവരുത്തിയ വലിയൊരു നിരയെ ഈയിടെ നാം കണ്ടതാണ്. അത് ഭാഷയെ പൈങ്കിളിവൽക്കരിച്ചുകൊണ്ടുള്ള സമീപനത്തിൽ നിന്നാണ് രൂപം കൊള്ളുന്നത്; വിഗ്രഹവൽക്കരിച്ചുള്ള സമീപനത്തിൽ നിന്നാണ് രൂപം കൊള്ളുന്നത്. വിഗ്രഹവൽക്കരണം വാസ്തവത്തെ പൊതുമണ്ഡലത്തിലേ ക്കെത്തിക്കുന്നതിൽ തടസ്സം സൃഷ്ടിക്കുന്നു എന്നതാണ് വാസ്തവം.

ചുരുക്കത്തിൽ ഭാഷ വളരുകയും വികസിക്കുകയും ചെയ്യുന്നത് ഉൽപ്പാദന വിതരണ വ്യവസ്ഥയുടെ വികാസത്തിനൊപ്പമാണ്. ഭാഷ പൂർണ്ണമായും ഒരു രാഷ്ട്രീയപ്രശ്നമാണ്. കേരളീയ സമൂഹം ഇന്നനുഭവിക്കുന്ന വികസന പ്രതിസന്ധികളുടെ പശ്ചാത്തലത്തിലാണ് ഭാഷയുടെ പ്രതിസന്ധിയുടെ വേരന്വേഷിക്കേണ്ടത് എന്ന് അംഗീകരിക്കാൻ എത്ര വൈകുന്നുവോ, അത്രയും ഗുരുതരമായിരിക്കും മലയാളഭാഷയുടെ ഭാവി.

**വിജ്ഞാനകൈരളി,**

**ഒക്ടോബർ 2021.**

ဃဃဃ

*നയജാലകം*

# പഠനമുറിയിൽ പതിയിരിക്കുന്ന കൊലയാളി ഗെയിം

സി. എം. മുരളീധരൻ

കുട്ടികളെ മരണത്തിലേക്ക് തള്ളി വിടുന്ന കൊലയാളി ഗെയിമുകൾ വീണ്ടും വാർത്തകളിൽ നിറയുകയാണ്.

ഓൺലൈൻ ഗെയിമിന് അടിമയായ ഇരിങ്ങാലക്കുടയിലെ പതിനാലുകാരൻ ആകാശ് കുളത്തിൽ ചാടി ആത്മഹത്യ ചെയ്ത സംഭവമാണ് ഏറ്റവും ഒടുവിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്.

ഗെയിം കളിച്ച് പണം നഷ്ടപ്പെട്ടതിലുള്ള മനോവിഷമത്തെ തുടർന്ന് വീടുവിട്ട ആകാശിനെ കുളത്തിൽ മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. 2021 നവംബർ 14-ന് ഓൺലൈൻ ഗെയിം കളിക്കാൻ കുട്ടി പിതാവിന്റെ ഗൂഗിൾ അക്കൗണ്ടിൽ നിന്ന് പണം ഉപയോഗി ച്ചിരുന്നു. പിതാവ് കടയിൽ നിന്ന് വാങ്ങിയ സാധനങ്ങളുടെ പണം ഗൂഗിൾപേ വഴി നൽകാൻ ശ്രമിച്ച പ്പോഴാണ് അയ്യായിരം രൂപ നഷ്ടമായതായി മനസിലായത്. ഇതേക്കുറിച്ച് ചോദിച്ചതോടെ കടുത്ത മാനസികസമർദ്ദത്തിലായ ആകാശ് വീടുവിട്ടിറങ്ങുകയും കുളത്തിൽ ചാടി ജീവനൊടുക്കുകയും ചെയ്തെന്നാണ് പൊലീസ് അന്വേഷണത്തിൽ വ്യക്തമായത്.

ഈ സംഭവത്തിന് ഒരാഴ്ച മുമ്പ് ആറ്റിങ്ങലിലെ ചിറയിൻകീഴിൽ കില്ലർ ഗെയിം കളിച്ച പതിനാലുകാരനായ സാബിത്ത് മുഹമ്മദിനെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയിരുന്നു. ഇക്കഴിഞ്ഞ ഒക്ടോബറിലാണ് കരുനാഗപ്പള്ളി കുലശേഖരപുരത്ത് മൊബൈലിൽ അമിതമായി ഗെയിം കളിക്കുന്നതിന് വീട്ടുകാർ വഴക്കുപറഞ്ഞതിൽ മനംനൊന്ത് പതിനഞ്ചുകാരനായ ആദിത്യൻ ജീവനൊടുക്കിയത്. ആദിത്യന്റെ മരണത്തിൽ മനംനൊന്ത് അമ്മയും കുഴഞ്ഞുവീണ് മരിക്കുക യായിരുന്നു. ഓൺലൈൻ ഗെയിമുകൾക്ക് അടിമയായി കുട്ടികൾ ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ കോവിഡ് കാലത്ത് വർദ്ധിച്ചുവരികയാണ്. കോവിഡ് പശ്ചാത്തലത്തിൽ ഒന്നരവർഷക്കാലം സ്കൂളുകളും കോളേജുകളും അടഞ്ഞു കിടന്നതോടെ ഓൺലൈൻ പഠനം വ്യാപകമാകുകയും എല്ലാ വിദ്യാർഥികൾക്കും സ്മാർട്ട് ഫോൺ ഉപയോഗിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുകയുമായിരുന്നു. എന്നാൽ വലിയ ശതമാനം കുട്ടികളും പഠനത്തെക്കാൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് ഗെയിം കളിക്കാനാ ണെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്.

തിരുവനന്തപുരത്തും കട്ടപ്പനയിലും രണ്ട് വിദ്യാർഥികൾ ഫ്രീഫയർ ഗെയിമിന് അടിമപ്പെട്ട് ജീവനൊടുക്കിയത് ഈയിടെയാണ്. തിരുവനന്തപുരത്ത് ഒന്നാം വർഷ ബിരുദവിദ്യാർഥിയായ അനുജിത്ത് ദിവസവും രാത്രി ഉറക്കം പോലും നഷ്ടപ്പെടുത്തിയാണ് ഫ്രീഫയർ കളിച്ചിരുന്നത്. മുമ്പ് പഠിക്കാൻ മിടുക്കനായിരുന്ന അനുജിത്ത് പഠനത്തിൽ ശ്രദ്ധ പുലർത്താതെ ഗെയിമിന് വേണ്ടി ഊണും ഉറക്കവും ഉപേക്ഷിക്കുകയായിരുന്നു. ഗെയിം ഭ്രാന്തിനെ രക്ഷിതാക്കൾ ചോദ്യം ചെയ്തപ്പോഴാണ് ഈ വിദ്യാർഥിയും സ്വയം മരണത്തെ വരിച്ചത് .

ആലുവയിൽ ഒമ്പതാം ക്ലാസുകാരൻ മാതാവിന്റെ ഫോണിൽ ഓൺലൈൻ ഗെയിം കളിച്ചതിനെ തുടർന്ന് മാതാവിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്ന് നഷ്ടമായത് മൂന്നുലക്ഷം രൂപയാണ്. അധ്യാപികയായ അമ്മയുടെ അക്കൗണ്ടിൽ നിന്ന് ഗെയിം കളിച്ച് ഒരു ലക്ഷം രൂപ നഷ്ടപ്പെടുത്തിയ കുട്ടിയുമുണ്ട്. ഇതൊക്കെ പുറത്തറിഞ്ഞ ചില കാര്യങ്ങൾ മാത്രം. കുട്ടികൾ ഗെയിം കളിക്കുന്നതു കൊണ്ടുള്ള പ്രശ്നങ്ങളുംസാമ്പത്തികനഷ്ടങ്ങളും പുറംലോകത്തെ അറിയിക്കാതെ രഹസ്യമാക്കിവെക്കുന്ന രക്ഷിതാക്കൾ ഏറെയാണ്.

മൊബൈൽ ഫോണുകൾ വ്യാപകമാകുന്നതിന് മുമ്പ് കുട്ടികൾ വീഡിയോ ഗെയിമുകൾ കളിച്ചിരുന്നു. എന്നാൽ വീഡിയോ ഗെയിമുകൾ കളിക്കുന്നതിന് പരിമിതികളുണ്ടായിരുന്ന തിനാൽ ഇത് വലിയ ദോഷമൊന്നും ചെയ്തിരുന്നില്ല. സാധാരണ മൊബൈൽ ഫോണുകളിലും ഗെയിമുകളുണ്ടെങ്കിലും ഇത് ഭ്രാന്തമായ രീതിയിലുള്ള ആകർഷണം കുട്ടികളിലുണ്ടാക്കിയിരുന്നില്ല. സ്മാർട്ട് ഫോണുകളുടെ ആവിർഭാവ ത്തോടെയാണ് ഓൺലൈൻ ഗെയിമുകൾക്ക് കുട്ടികൾ അടിമപ്പെടുന്ന സാഹചര്യം രൂപപ്പെട്ടത്. കോവിഡിന് മുമ്പുവരെ മിക്ക കുട്ടികളുടെയും കൈവശം സ്വന്തമായി മൊബൈൽ ഫോണുകൾ ഇല്ലാതിരുന്ന തിനാൽ മണിക്കൂറുകളോളം ഗെയിം കളിക്കുന്നതിനുള്ള അവസരമുണ്ടാ യിരുന്നില്ല. ഓൺലൈൻ ക്ലാസുകളുടെ പേരിൽ കുട്ടികൾക്ക് ഏത് നേരവും ഉപയോഗിക്കാൻ സ്മാർട്ട് ഫോണുകൾ സ്വന്തമായി കിട്ടിയതോടെ എത്ര സമയം വേണമെങ്കിലും ഗെയിം കളിക്കാനുള്ള അവസരമാണ് കൈവന്നിരിക്കുന്നത്. 2017-ൽ തിരുവനന്തപുരത്ത് ബ്ലൂവെയിൽ എന്ന കൊലയാളി ഗെയിമിന് അടിമയായ പതിനാറുകാരൻ ആത്മഹത്യ ചെയ്ത സംഭവത്തോടെയാണ് ഗെയിം കുട്ടികളുടെ ജീവനെടുക്കുന്ന അപകടകാരിയാണെന്ന തരത്തിലുള്ള ചർച്ച കേരളത്തിൽ ആദ്യമായി ഉയർന്നുവന്നത്. പ്ലസ് വൺ-ന് പഠിക്കുകയായിരുന്ന ഈ കുട്ടി കോമ്പസുകൊണ്ട് സ്വന്തം കൈത്തണ്ട

കുത്തിക്കീറിയ ശേഷമാണ് ആത്മഹത്യ ചെയ്തത്. ബ്ലൂവെയിൽ കളിച്ച പാലക്കാട്ടെ നാല് കുട്ടികൾ ഗെയിമിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് കടലിൽ ചാടാനായി ചാവക്കാട്ട് എത്തിയതും കുട്ടികളെ നാട്ടുകാർ രക്ഷപ്പെടുത്തിയതും മാധ്യമങ്ങളിൽ വാർത്തയായിരുന്നു. അന്ന് കേരളത്തിൽമാത്രം രണ്ടായിരത്തോളം കുട്ടികളാണ് ബ്ലൂവെയിൽ ഗെയിമിന് അടിമകളായിരുന്നത്. ലോകത്തെ വിവിധ രാജ്യങ്ങളിലായി ബ്ലൂവെയിൽ ഗെയിം കളിച്ച് ജീവനൊടുക്കിയത് 530 കുട്ടികളായിരുന്നു.

ബ്ലൂവെയിൽ നിരോധിക്കപ്പെട്ടതോടെ മറ്റൊരു ഗെയിമായ പബ്ജി കുട്ടികളുടെ മനസിനെ സ്വാധീനിച്ചു. പബ്ജി നിരോധിച്ചതോടെയാണ് ഫ്രീഫയറിലേക്ക് കുട്ടികൾ കളംമാറിയത്. ഇന്ന് കൂടുതൽ കുട്ടികളും കളിക്കുന്നത് ഫ്രീഫയറാണ്. ഒരു ദിവസം എട്ട് കോടി ആളുകൾ ഫ്രീഫയർ കളിക്കുന്നുവെന്നാണ് കണക്ക്. ഇതിൽ ഭൂരിഭാഗവും കുട്ടികളാണ്. ഒരു ദ്വീപിലേക്ക് കുറച്ചുപേർ എത്തുകയും തോക്കുപയോഗിച്ച് പരസ്പരം വെടിവെക്കുകയും ചെയ്യുന്നതും കൊല്ലപ്പെടുന്നതും അവസാനം ഒരാൾ മാത്രം അവശേഷിച്ച് നടത്തുന്ന കസർത്തുകളുമാണ് ഫ്രീഫയർ ഗെയിമിലുള്ളത്. മത്സരബുദ്ധിയോടെയുള്ള കളിക്കിടെ എവിടെയോ ഉള്ള അപരിചിതരുമായി സംസാരിക്കാനും കഴിയുമെന്നാണ് ഇതിന്റെ പ്രത്യേകത. ഫ്രീഫയർ കളിക്കുന്ന മൊബൈലുകളിലെ വ്യക്തിഗത വിവരങ്ങൾവരെ ചോർത്താനും കുട്ടികളെ കടക്കെണിയിൽപെടുത്താനും വരെ സാധിക്കുമെന്ന അപകടവും ഇതിന് പിന്നിലുണ്ട്.

പല തരത്തിലുള്ള പേരുകളിൽ അറിയപ്പെടുന്ന ഗെയിമുകൾ വേറെയുമുണ്ട്. പണം നഷ്ടപ്പെടുത്താത്ത ഗെയിമുകളും വൻ സാമ്പത്തികനഷ്ടമുണ്ടാക്കുന്ന ഗെയിമുകളുമുണ്ട്. ഏതുതരം ഗെയിമായാലും കുട്ടികൾക്ക് അത് ശാരീരികമായും മാനസികമായും ദോഷകരമായി മാറുകയാണ് ചെയ്യുന്നത്. സ്മാർട്ട് ഫോണുകളിൽ നിന്ന് കണ്ണെടുക്കാതെ മണിക്കൂറുകളോളം ഗെയിം കളിക്കുന്നത് കുട്ടികളുടെ കാഴ്ച ശക്തിയെയും കർമ്മശക്തിയെയും പ്രതികൂലമായി ബാധിക്കുമെന്നതിൽ തർക്കമില്ല. ജീവിതത്തിലെ മറ്റൊരു കാര്യത്തിലും ശ്രദ്ധയുണ്ടാകില്ല. പഠനത്തിൽ പിന്നോക്കം പോകും. കുട്ടികളിൽ അന്തർലീനമായിട്ടുള്ള കലാപരവും കായികപരവുമായ കഴിവുകളും മുരടിക്കും. കുട്ടികളുടെ ഭാവി ജീവിതത്തെത്തന്നെ പ്രതിസന്ധിയിലാക്കുന്ന മാരകവിപത്തായി ഓൺലൈൻ ഗെയിമുകൾ മാറുന്നു. കുട്ടികളുടെ കഴിവും ചിന്താശേഷിയും മന്ദീഭവിപ്പിക്കുന്ന ഗെയിമുകളുടെ വലയത്തിൽപ്പെട്ട നിരവധി കുട്ടികൾ അതിൽനിന്നും മോചിതരാകാതെ മാതാപിതാക്കൾക്ക് തലവേദന സൃഷ്ടിക്കുകയാണ്.

ഗെയിമിന് തടസ്സം നിൽക്കുന്ന മാതാപിതാക്കളെ അവർ ശത്രുക്കളെ പോലെയാകും കാണുക. അതേ സമയം ഗെയിമിൽ മുഴുകുന്ന കുട്ടികളെ അതിൽ നിന്ന് പിന്തിരിപ്പിക്കാൻ ശ്രമിക്കാത്ത മാതാപിതാക്കളും ഏറെയുണ്ട്. ഇതേക്കുറിച്ച് വലിയ ധാരണ യില്ലാത്തവരാണ് മൗനം പാലിക്കുന്നത്. ഗെയിമുകളുടെ പേരിൽ കുട്ടികളെ അമിതമായി വഴക്കു പറയുന്നതും ഒന്നും മിണ്ടാതിരിക്കുന്നതും ഒരു പോലെ തെറ്റാണ്. വിവേകവും തിരിച്ചറിവും പക്വതയും വരാത്ത പ്രായത്തിലുള്ള പ്രവൃത്തി യായതിനാൽ കുട്ടികളുടെ ഗെയിം ഭ്രാന്തിനെ സമീപിക്കേണ്ടത് നയപരമായിട്ടായിരിക്കണം.

മക്കൾ ഗെയിം കളിക്കുന്നതുമൂല മുണ്ടാകുന്ന സാമ്പത്തികനഷ്ടം മാതാ പിതാക്കളെ വിഷമിപ്പിക്കുക സ്വാഭാവികം. നിലവിട്ട് പെരുമാറുന്ന വിധത്തിലേക്ക് ഈ വിഷമം മാറാതിരിക്കാൻ രക്ഷിതാക്കൾ ജാഗ്രത കാണിച്ചേ മതിയാകൂ. ഫോൺ പിടിച്ചുവാങ്ങി നിലത്ത് എറിഞ്ഞുടക്കുന്നതും പൊതിരെ തല്ലുന്നതും കുട്ടികളിൽ രക്ഷിതാക്കളോട് പ്രതികാരം നിറഞ്ഞ വാശി ജനിപ്പിക്കും. കുട്ടികൾ ജീവനൊടുക്കുന്നത് ഇത്തരം സന്ദർഭങ്ങളിലാണ്. കുട്ടികളെ രക്ഷിക്കാൻ വേണ്ടി സ്വീകരിക്കുന്ന നിലപാടുകൾ അവരെ മരണത്തിലേക്ക് നയിക്കുന്ന അബദ്ധമായി മാറാൻ പാടില്ല.

കുട്ടികളുടെ ഗെയിംഭ്രാന്ത് പടിപടിയായി കുറച്ചു കൊണ്ടുവരുന്നതിനുള്ള വിവേക പൂർണമായ ഇടപെടലുകളാണ് രക്ഷിതാക്കളുടെ ഭാഗത്തുനിന്നുണ്ടാകേണ്ടത്. അധ്യാപകരുടെ സഹായവും തേടാവുന്നതാണ്. സ്കൂളുകൾ തുറന്ന സാഹചര്യത്തിൽ കുട്ടികളുടെ മൊബൈൽ ഗെയിമുകളോടുള്ള ആസക്തിയെക്കുറിച്ച് സ്കൂൾ അധികൃതരുടെ ശ്രദ്ധയിൽപെടുത്താ വുന്നതാണ്. എന്നാൽ കുട്ടിക്ക് അപമാനം തോന്നുന്ന വിധത്തിൽ ഈ വിഷയം കൈകാര്യം ചെയ്യാതിരിക്കാൻ സ്കൂൾ അധികൃതർ ശ്രദ്ധ പുലർത്തണം. അധ്യാപക-രക്ഷാകർതൃയോഗങ്ങളിൽ പ്രശ്നം ചർച്ച ചെയ്യണം. സ്നേഹ പൂർണമായ സമീപനത്തിലൂടെ കുട്ടികളെ കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തണം. ഒരു കുട്ടിയും ഗെയിമിന്റെ കാര്യത്തിൽ ജീവൻ കളയാതിരിക്കാനുള്ള കരുതലാകണം ഇനിയുള്ള ഓരോ നീക്കങ്ങളും.

**കലാകൗമുദി,**
**12-19 ഡിസംബർ, 2021.**

ഞഞഞ

# A MILLION SHADES OF GREY

JUGAL MOHAPATRA AND SIRAJ HUSSAIN

*India is ageing fast. It's time the government ensured that the old-age pension schemes offer adequate social security to all the elderly poor*

Sometime in June this year, an 85-year-old visually-impaired woman from Odisha's Ganjam district was reportedly abandoned by her sons at a secluded spot by the riverside. The siblings had lost jobs during the covid-19-induced lockdown and were struggling financially. Though the woman was rescued after local people informed the police, such cases of abandonment and neglect get regularly reported from across the country.

Traditionally, the institution of joint family used to take care of the elderly when they reached the stage of not being able to work and contribute to the household earnings or participate actively in daily chores. Over time, the joint family system has by and large weakened, even in rural areas. Consequently, it is not un-common to find a large number of older persons left to fend for themselves. This is a cause of serious concern, as the number of elderly people in the country is growing at a much faster rate than the total population. As per the Census 2011, some 104 million people were at the age of 60 or above. Their number is expected to cross 173 million by 2026, as per the 2013 projection by the Registrar General of India. Another estimate by the UN Population Fund (UNFPA), in its report "Social Security for the Elderly in India", notes that be tween 2000 and 2050, the overall population of India would grow by 60 per cent, whereas the number of elderly people could swell by 360 per cent.

These demographic project ions provide compelling reasons to review the financial status of the elderly poor who hardly have recourse to any other means of livelihood. In the absence of any recent official study, a 2016 survey by Agewell Foundation, a non-profit in Delhi, offers a peek into the kind of vulnerabilities older adults face.

Of the 15000 respondents interviewed during the survey, two-thirds (65.7 per cent) said that they lived alone with their spouses; only 16.34 per cent claimed to be living in joint families. About two-thirds (67 percent) also reported varying degrees of financial insecurity- they were either dissatisfied or not adequately satisfied with their financial status and 44 per cent were financially dependent on others. For about 12 per cent of the elderly 22.33 per cent from rural areas and 2.39 per cent from urban areas-old-age pension (OAP) was the main source of income. Another such survey by UNFPA, the Institute of Economic Growth, the Institute of Social and Economic Change and the Tata Institute of Social Sciences, conducted in seven selected states in 2011, also found that half of the elderly were financially fully dependent of others.

This is appalling, given the fact that the Article 41 of the Constitution of India requires the government to provide assistance to its citizens in case of old age. Since the provision of social security and old age pension is listed in item 23 and 24 of the Concurrent list of the 7$^{th}$ Schedule, both the Union and state governments are responsible for ensuring that the elderly citizens do not suffer on account of acute poverty and destitution.




To fulfil the obligation, majority of states and Union Territories have old-age pension (OAP) schemes in place since the 1970s, with Uttar Pradesh being the first one to introduce it in 1957 and Andhra Pradesh and Kerala in 1960.

The Centre has also introduced the National Old Age Pension Scheme (NOAPS) as part of the National Social Assistance Programme (NSAP), launched in 1995. Then why do the elderly poor fail to benefit from these schemes? To understand this we analyse three factors: one, whether the extent of coverage of the elderly poor under the social security pension (OAP) schemes is adequate; two, whether the pension amount provides reasonable subsistence support to them; and three, whether the protection is available to the deserving elderly.

**COVERAGE GAPPED**

First, let's analyse if OAP schemes put in place by both the Centre and the states adequately cover the growing elderly population.

As per the projections by the Unique Identification Authority. of India (UIDAI), the country's population in 2021 is 133.615 million. Assuming that

the share of 60+ is the same as it was during the 2011 Census-8.59 per cent-the cur rent size of the older adults would be 115 million. Data with NSAP portal shows that the current coverage of NOAPS (renamed Indira Gandhi National Old Age Pension Scheme or IGNOAPS in 2005) is 24.9 million about 21.65 per cent of the current elderly population. It is, however, difficult to estimate the actual coverage of the elderly poor under OAP schemes of the Centre as well as the states, because NSAP portal has data only for Assam, Bihar, Chhattisgarh, Jharkhand and Odisha.

To assess if the schemes offer social security to an adequate number of elderly poor, we consider the prescribed coverage of the elderly under the National Food Security Act 2013 (NFSA) as the standard; after all, it is a fair index of the proportion of severely deprived population. We find that around 67 per cent of the elderly are covered under NFSA; by comparison IGNOAPS covers only 21.65 per cent. Since we do not have authentic data for all state OAPS, we assess the actual coverage of the elderly poor (by considering IGNOAPS and state OAPS) only for those five poorer states for which data is available on the NSAP portal, ‘ and then compare it with the standard coverage offered by NFSA. While the coverage of pension schemes seems adequate in Assam, Jharkhand and Odisha, it is poor in Bihar and Chhattisgarh (see ‘Level it up’, *p47).* We thus suggest that the Ministry of Rural development (MORn), which implements NSAP, and state governments should jointly review the coverage of OAPS in other states and expand it wherever required, at least to match NFSA coverage in the absence of a more robust and updated measure of poverty.

## AMOUNT INADEQUATE

The next concern is related to the adequacy of the pension amount. Under IGNOAPS, the Union government provides a measly sum of ₹ 200 a month to the beneficiaries in the age group of 60-79 (60+) and 500 to those at 80 or above (80+). States are expected to supplement these monthly entitlements.




Data informally collected from various states through personal contacts reveals that the monthly pension amount varies between ₹ 200 and ₹2,000 for the 60+ group (lowest in Nagaland and highest in Goa); for the 80+ group it ranges between ₹500 (Nagaland) and ₹ 2000 (Goa). Is this amount sufficient to provide subsistence support to an elderly poor? To assess this, we have updated the official poverty line (Tendulkar Committee estimates of 2011-12) for the states using the consumer price index (CPI) for rural for August 2021, and compared it with the pension amount being paid by the respective states, chosen from the high, medium- and low income categories.

Except in Andhra Pradesh, Jharkhand and Goa, the monthly pension amount does not provide a reasonable level of subsistence support to the elderly poor even in richer states like Gujarat, Maharashtra and Karnataka (see 'Woefully insufficient', *p48)*. Hence, our second suggestion to MORD and state governments is to raise the total pension to at least ₹1,000 per month in all states

by increasing the Centre's contribution to at least ₹ 600. A system of periodic revision of the pension entitlement at least once in three years, factoring in the change in the CPI, should also be put in place.

**FIX THE ERROR**

Finally, we examine the targeting of these schemes. Originally, "destitution" was used as the eligibility criterion for identifying beneficiaries of IGNOAPS. Subsequently, in 2007 it was replaced by the "below-the-poverty line" (BPL) criterion. State governments have increasingly switched over to BPL criterion for their OAPS. According to a working paper of the Asian Development Bank Institute, published in September 2017, two-thirds of the elderly poor continued to be left out (exclusion error) of these schemes and two-fifths of the beneficiaries included were ineligible being non-poor or under-aged (inclusion error). During the field visits, we have also come across such beneficiaries. Thus, the eligibility norms for these schemes warrant revision and a fresh survey needs to be carried out to identify the elderly poor based on robust proxies of severe deprivation.

To sum up, the Centre and States would review, verify and expand coverage of OAP schemes to ensure , that the deserving population is covered and the inclusion and exclusion errors are corrected. The number of the beneficiaries should be on par with NFSA coverage. And the minimum monthly pension should be raised to at least ₹1,000 and revised once in three years to neutralise the rise in the cost of living.

*(Jugal Mohapatra is former union Rural Development Secretary. Siraj Hussain is Visiting Senior Fellow at the Indian Council for Research on International Economic Relations)*

**Down To Earth,**

**16-30 November, 2021.**

# OUT-OF-SCHOOL GENERATION

MEENA T. PILLAI

The COVID-19 pandemic and the series of lockdowns have ripped off the makeshift bandages covering the sores of India's educational system. Millions of school-age children are falling off the education map owing to a lack of access to online education, giving rise to new structures of caste and class oppression.

On A sun-drenched morning in Himachal Pradesh's highest village of Komic, with the distant snow-capped peaks tugging at my heartstrings, I stopped for a cup of tea by a small shanty. Little children trooped around, sprightly like birds of spring in a rolling cloud, idling around without a care. To my question of when they would begin their online classes, their hapless parents stared at me blankly. My smartphone had gone dead since we set out to explore these small Himalayan hamlets in Spiti Valley. These little ones had probably never been to a school. Neither could the parents tutor them at home, unlettered as most of them were. The tea shop owner told me wistfully about a woman from Delhi who had come as a tourist but stayed on to teach the children in another village after seeing their dismal plight. In that epiphanic moment in the Himalaya, I realised with dismay that I too, like many other privileged Indians, had bought into this fantasy called online education.

For nearly one and half years, schools in India have remained closed, in what could be one of the worst social casualties of the COVID-19 pandemic. Beyond the losses of lives and livelihoods, a state of emergency in education might taint the future prospects of millions of children and create significant negative impacts for prosperity. Denying millions of children in the country a fair chance to acquire an inclusive and accessible education will wreak more havoc than just threatening their individual futures.

In a country where the vulnerable and the marginalised far outnumber its dominant elite, the future of the disadvantaged majority hangs in a perilous balance, and they themselves remain unaware of the dangers to come, preoccupied as most are with eking out a bare living amidst a massive disaster. This persistent phenomenon will spark off intergenerational cycles of disadvantage, holding at stake the future of entire societies and of the nation itself. Inequality in education, currently so blatantly tied to unequal access to technology, can be a deeply traumatic childhood experience, especially one that in current crisis-ridden times can create lasting personal and social consequences.

**RISE IN CHILDREN'S STRESS**

There are numerous studies across India reporting a massive rise in children's stress, anxiety, fear and worry over pandemic-induced uncertainties and loss of peer support and sociality.

What does this portend for a country where a student commits suicide every hour? Since the beginning of the pandemic, suicide rates have been on an alarming rise, often amid gross under-reporting and the authorities displaying a persistent reluctance to focus on the root causes of the problem. The silent pleas for help from many, who stretch their hands out imploringly to an unseeing world, remain immured within their homes. Many little ones have fallen along the way, yearning for a mobile phone, longing to share the joy of a class, perhaps too proud to admit that their mothers who are domestic helps or fathers who are migrant labourers cannot get them even the cheapest of phones or 2 gigabytes of data, without which they simply cannot belong.

They had already ceased to exist amidst `dropped connections' and `out of network coverage areas'. There are no roll calls to bring them back to the classes they dreamt of sitting in. To think that festivals of learning continue unabashedly without them, that these stripling martyrs of learning, who died too young and without a cause, and will remain unmourned in the annals of larger histories of `progress' towards 'world-class education', is part of the tragedy of our times.

'Locked Out: Emergency Report on School Education', a school survey conducted in 15 States and Union Territories in August 2021, presents a dismal picture, one that is dreary and bleak in its portrayal of a heart-wrenching panorama of utter helplessness and social apathy. (The survey was carried out in Assam, Bihar, Chandigarh, Delhi, Gujarat, Haryana, Jharkhand, Karnataka, Madhya Pradesh, Maharashtra, Odisha, Punjab, Tamil Nadu, Uttar Pradesh and West Bengal.)

**EMERGENCY REPORT**

It archives the lament of an age when nearly 37 per cent of the children in rural India are not studying at all, with half of all the children in the sample unable to read more than a few words. A meagre 24 per cent of urban children and 8 per cent of rural children are able to study `online' regularly. Nearly 92 per cent of children from the villages, who are in their formative years, have largely been left in the lurch, crippled not only in accessing knowledge but also in finding comfort in the `other' and learning organic models of sociality. Perhaps the privileged of this land will create a deprecatory history in having remained immune and mute to such a generation's plight, a society which failed to stand up for adjust and inclusive future.

The emergency report compared the literacy rates of school children from the 2011 population Census and came up with shocking revelations. Even after a decade of education, the pandemic caused a very significant dip in the literacy rate, the illiteracy rates climbing four times higher than 2011 for the same age group, with Dalit and Adivasi children being the worst affected.

Education is not a privilege but a birthright, and can we really say with a clear conscience that we have, in the last 550-odd days, granted it to the most dispossessed and the vulnerable

of this country, the ones who need it most? This pandemic has ripped off the makeshift bandages covering the oozing sores of our educational systems, revealing the canker at their core and the utter fragility of their claims to robustness. In a land with the burden of a history that dictated the pouring of molten lead into the ears of those in the lowest echelons of caste hierarchy, the rise of new kinds of technological Brahminism once again invokes the very structures of oppression that we, more than seven decades after Independence, are still fighting to eradicate, at least for all appearances.

Or are we, like the `gurus' of the past, demanding the writing thumbs of a new generation of Ekalavyas, so that our privileged children remain the `heroes' of contemporary epics and developmental sagas? How else can we interpret our own insensitivity to the certain , knowledge that poverty and caste are the biggest blots on the world's most populous democracy, a country where 364 million people are extremely poor, where the politics of the everyday is riven by structural inequalities, unemployment and gender marginalisations?

The pandemic has pushed millions of people in India's urban margins too into deep poverty, with studies reporting that it would take seven generations for India's persistently poor to reach anywhere near the country's mean income.

Without inclusive institutions and mindsets that ensure access to education to the most needy, how can social mobility be attained?

For over 220 million people of this nation with the ability to spend less than Rs.32 a day, what does the closure of public schools, accompanied by the stoppage of free education and midday meals and the removal of a climate of equitable socialisation, mean? By what magical trick of economics will they be able to afford a phone or a computer with network access, given their income? But, for a world divided and the privileged enclosed in the cocoons of booming middle class aspirations and comfort,

these are probably irrelevant questions, as expendable as the lives and realities they evoke.

For many girl children, the end of school is also the end of childhood. Escalating poverty and systemic violences might all result in harnessing the girl child to the burdensome yoke of domestic labour, in effect nullifying the gender empowerment achievements of the nation post-Independence. In a country where an estimated 1.5 million girls under 18 get married every year (according to the UNICEF), the denial of education might end in many never returning to school at all again, turning back the wheels of national progress in terms of half of its population by many decades. It is high time we begin to think in terms of gendering the digital divide.

New networked feminisms and online gender alliances can be seen as harbingers of change and hope, but with the statutory warning that while many have found a voice in the digital public sphere, there are multitudes of girls and gender marginals for whom digital literacy and inclusivity are impossible dreams. Gender inequality in the physical world is being replicated in digital terrains too, clipping wings and cutting tongues even before flights are dreamt of or songs are sung. What does this bode for. the world's largest democracy? For many, the underlining caution that without education democracy is meaningless might indeed sound cliched in a post-truth era which measures progress using the yardsticks of beliefs, ideologies and jingoisms, but the fact remains that uninformed zealots, misguided reactionaries, and hate-mongering varieties of nationalists, among others of this ilk, can hold entire populations under siege.

The so-called shift to a digital democracy will sadly come undone if we do not empower citizens to be digital citizens, giving them the necessary literacy and means to negotiate digital worlds and economies, a rather impossible task in a country where around 350 million people-nearly a quarter of the total population still have no access to the Internet. But

we do rush in where `angels would fear to tread, and the current mess is proof enough.

Across the world the pandemic has already normalised, under the garb of a "new normal", some of the most dubious policies and decisions-some that should have been debated long and deep within the structures of deliberative democracy have gone on to become bills and laws. All this, while the pandemic lay bare the social fault lines, where class, caste, gender have exacerbated the vulnerabilities.

**BRIDGING DIGITAL DIVIDE**

Probing beyond morbidity and mortality also reveals how injustices and inequities, which existed before the pandemic, have further enfeebled populations, bringing down their resilience and reinforcing precarity. Where historically disadvantaged groups have already been severely affected by pandemic precarity, their young ones  might beat the virus, but they certainly cannot attain herd immunity from poverty. How do we bridge the digital chasm when it comes to the children of migrant labourers, poor farmers, daily wage earners, rickshaw pullers, street hawkers, and others, the wretched and dispossessed of this land?

No one can discount the immense benefits of online education, as also the necessity to initiate the shift towards it in an increasingly globalised and digitised knowledge economy. Yet, it must be hastily added that the Indian soil seems still unripe for that fantasy called technological utopianism, and bureaucrats need to be socially realistic before hitching their wagons to impossible slogans and catchy captions, at the risk of jeopardising entire generations.

Technology is Janus-faced, which can improve or undermine democracy, depending on who uses it and how, and who controls it. In India, the democratisation of technology is still moot, with millions of people outside its fold, and control vested in the hands of too few, a condition that does not augur well for democracy, as history has borne witness across ages and civilisations.

By no stretch of misanthropic imagination can we think of the millions of underprivileged children of this land as collateral damage, ritualistic scapegoats at the altar of future techno-democracies. Perhaps technology will democratise humankind tomorrow. But today's lives, no matter how insignificant, cannot be sacrificed in the killing fields of technocracies. The dreams of marginal lives, with bare aspirations of the here and the now, are not expendable in this hurry to write ourselves into a free market global economy.

If the destiny of a nation, that in the past was shaped in those amazing and vibrant social institutes called classrooms, is to be crafted in unequally accessed, non-inclusive technologically enhanced digital spaces written over with different degrees of privilege, ones that cannot connect with large sections of its teeming millions-then to misquote E.M. Forster out of context, two cheers for Indian democracy, for without a necessary critical introspection on the structural exclusions built into its practices and policies of creating literate citizens essential for democracy, it does not call for a third cheer.

**Frontline,**

**October 8, 2021.**

*നയജാലകം*

# ജി.എസ്.ടി. ക്ക് ഒരു പൊളിച്ചെഴുത്ത്

ഡോ. ടി.എം. തോമസ് ഐസക്

ജി.എസ്.ടി. നാലാം വാർഷിക ത്തിലേക്ക് കടക്കുമ്പോൾ കേന്ദ്ര ധനമന്ത്രി ഒഴികെ ബാക്കിയെല്ലാവരും അസംതൃപ്തിയും നിരാശയുമാണ് പങ്കുവക്കുന്നത്. വർഷം നാല് കഴിഞ്ഞിട്ടും ജി.എസ്.ടി. യുടെ ഐ.ടി സംവിധാനം പൂർണ്ണ പ്രവർത്തന ക്ഷമമായിട്ടില്ല. നികുതി വരുമാനവർധന പ്രതീക്ഷിച്ചതിനേക്കാൾ എത്രയോ താഴെയാണ്. നഷ്ടപരിഹാരത്തിനു പകരം വായ്പയെടുക്കാൻ സംസ്ഥാനങ്ങൾക്കു സമ്മതിക്കേണ്ടിവന്നു. ആറുമാസം ജി.എസ്.ടി കൗൺസിൽ യോഗം ചേർന്നില്ല. കൗൺസിൽ ഇപ്പോൾ രാഷ്ട്രീയ ചേരിതിരിവിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. വിശ്വാസരാഹിത്യമാണ് ഇപ്പോൾ കൗൺസിലിന്റെ മുഖമുദ്ര.

ഈ പശ്ചാത്തലത്തിൽ ജി.എസ്.ടി. യിൽ ഒരു പൊളിച്ചെഴുത്തുവേണം എന്ന വാദം ശക്തിപ്പെടുന്നുണ്ട്. ഇതൊരു അവസരമാക്കി ജി.എസ്.ടി നിരക്കുകളുടെ എണ്ണം നാലിൽ നിന്ന് രണ്ടായി കുറയ്ക്കുന്നതിനുള്ള നിർദ്ദേശം കോർപ്പറേറ്റുകൾ മുന്നോട്ടുവെച്ചുകഴിഞ്ഞു. കേന്ദ്ര സർക്കാരും ഇതിന് സമ്മതം മൂളിയിരിക്കുകയാണ്.

### കാറിനും ബിസ്കറ്റിനും ഒരേ നിരക്കോ ?

തികച്ചും പ്രതിലോമപരമാണ് ഈ നിർദ്ദേശം. ഇപ്പോൾതന്നെ അഡംബര വസ്തുക്കളുടെ മേൽ ജി.എസ്.ടി.ക്ക് മുമ്പുണ്ടായിരുന്ന നികുതി നിരക്കുകൾ ഗണ്യമായി വെട്ടിക്കുറച്ചു. ജി.എസ്.ടി.-ക്കുമുമ്പ് കാറുകൾ, എയർകണ്ടീഷണറുകൾ തുടങ്ങിയ ആഡംബരവസ്തുക്കളുടെ മേൽ കേന്ദ്ര-സംസ്ഥാന നികുതികൾ 30-45 ശതമാനം വരുമായിരുന്നു. ഇവയിൽ ഭൂരിപക്ഷത്തിനുമേലും ഇപ്പോൾ 18 ശതമാനമേ നികുതിയുള്ളൂ. രണ്ട് നിരക്കുകളാക്കുമ്പോൾ ആഡംബര വസ്തുക്കളുടെ മേലുള്ള നികുതി ഇനിയും കുറയും. ഇന്നിപ്പോൾ അഞ്ച് ശതമാനം നിരക്കിന് വിധേയമായ സാധാരണക്കാർ ഉപയോഗിക്കുന്ന ഉത്പന്നങ്ങളുടെ നികുതി 12 ശതമാനമായി ഉയരും. എത്ര പിന്തിരിപ്പനാണ് ഈ നികുതി ഘടന?

ഒറ്റ നികുതി നിരക്ക് ആക്കിയാൽ കണക്കുകൂട്ടാൻ എളുപ്പമാകുമെന്നാണ് ഈ വിദഗ്ധർ പറയുന്നത്. ഈസ് ഓഫ് ഡൂയിങ് ബിസിനസിനപ്പുറം സാമ്പത്തിക

നീതിയുടേതായിട്ടുള്ള ധാർമിക പ്രശ്നങ്ങൾ അവർക്ക് പരിഗണനാ വിഷയമേയല്ല. ജി.എസ്.ടി.-ക്കു മുമ്പ് ഉണ്ടായിരുന്ന ഒരു ഡസൻ നികുതികളും അവയുടെ അസംഖ്യം നിരക്കുകളും ഏകീകരിച്ചാണ് ഇപ്പോഴത്തെ നാല് നിരക്ക് ഉണ്ടാക്കിയിട്ടുള്ളത്. തത്കാലം ഇതിനപ്പുറം കണക്കുക്കൂട്ടൽ എളുപ്പമാക്കാൻ ശ്രമിക്കുന്നത് അധാർമികമാണ്. ആഡംബര കാറിനും പാവപ്പെട്ടവർ ഉപയോഗിക്കുന്ന ബിസ്കറ്റിനും ഒരേ നിരക്ക് എന്നത് അശ്ലീലമാണ്.

ഫെഡറൽ സംവിധാനത്തിന്റെ അന്തസ്സത്ത നിലനിർത്താനുതകുന്ന പൊളിച്ചെഴുത്ത് ജി.എസ്,ടി.-യിൽ വേണം. അത്തരമൊരു ജി.എസ്.ടി. യാണ് ബംഗാൾ ധനമന്ത്രി അധ്യക്ഷനായ സംസ്ഥാന ധനമന്ത്രിമാരുടെ കമ്മിറ്റി നിർദ്ദേശിച്ചത്. എന്നാൽ, അതുപോലും സംസ്ഥാനാധികാരം കവരുമെന്ന് പറഞ്ഞ് നിർത്തിവെപ്പിക്കുകയാണ് ബി.ജെ.പി. ധനമന്ത്രിമാർ 2010-ൽ ചെയ്തത്. ബി.ജെ.പി അധികാരത്തിൽ വന്നതോടെ തികച്ചും കേന്ദ്രീകൃതമായ ഒരു ജി.എസ്.ടി. യാണ് രൂപകല്പന ചെയ്തത്. അതിന്റെ അടിസ്ഥാനത്തിലുള്ള ഭരണഘടനാ ഭേദഗതിയാണ് ലോക്സഭ പാസ്സാക്കിയത്. ഇതിനൊരു തിരുത്ത് വേണം.

## സംസ്ഥാനത്തിന് അധിക നികുതി അവകാശം

ജി.എസ്.ടി.-ക്ക് മുമ്പ് നിലവിലുണ്ടായിരുന്ന വാറ്റ് സമ്പ്രദായത്തിലും ഏകീകൃത നികുതി നിരക്കുകൾ ആയിരുന്നു. എന്നാൽ, അന്ന് നികുതി നിരക്കുകളിൽ ചില ഏറ്റക്കുറച്ചിലുകൾ വരുത്തുന്നതിന് സംസ്ഥാനങ്ങൾക്ക് അവകാശമുണ്ടായിരുന്നു. ഈ ന്യായം പറഞ്ഞാണ് എന്റെ ആദ്യ ബജറ്റിൽ ആഡംബര വസ്തുക്കൾക്കുള്ള നികുതി നിരക്ക് 12.5 ശതമാനത്തിൽ നിന്ന് 20 ശതമാനമായി ഉയർത്തിയത്. പക്ഷേ പിറ്റേവർഷം ഈ വർധന പിൻവലിക്കേണ്ടിവന്നു. കച്ചവടത്തെ തമിഴ്നാട്ടിലേക്കും കർണാടകത്തിലേക്കും മാറ്റിയതല്ലാതെ നമ്മുടെ നികുതി വരുമാനം ഉയർത്തിയില്ല. പ്രവേശന നികുതി നിയമവിരുദ്ധമാക്കപ്പെട്ടതോടെ സ്വന്തം ആവശ്യത്തിനെന്നു പറഞ്ഞ് അയൽസംസ്ഥാനങ്ങളിൽ നിന്ന് സാധനങ്ങൾ വാങ്ങിക്കൊണ്ടു വരുന്നതിനുമേൽ നികുതി ചുമത്താൻ നമുക്ക് അവകാശമില്ലാതായി.

പക്ഷേ വാറ്റ് നികുതി നിരക്കുകളിൽ സംസ്ഥാനങ്ങൾ തമ്മിൽ 1-2 ശതമാനം വരെ നിരക്ക് വ്യത്യാസം സാധാരണ മായിരുന്നു. ഈ ചെറിയ വ്യത്യാസം കൊണ്ട് കച്ചവടമൊന്നും വഴിമാറിപ്പോവില്ല. പ്രളയകാലത്ത് ജി.എസ്.ടി.-യുടെ മേൽ ഒരു ശതമാനം പ്രളയസെസ്സ് കേരളം ഏർപ്പെടുത്തുകയുണ്ടായല്ലോ. അതുകൊണ്ട് ഒരു കച്ചവടത്തിനും ദോഷം വന്നില്ല.

ജി.എസ്.ടി.-യിൽ സെസ്സ് ഏർപ്പെടുത്തുന്നതിന് കൗൺസിലിന്റെ അംഗീകാരം വേണം. ഇത് ഒഴിവാക്കി ഒന്നോ രണ്ടോ ശതമാനം നികുതി കൂട്ടാനും കുറയ്ക്കാനുമുള്ള അവകാശം സംസ്ഥാനങ്ങൾക്ക് നൽകുക. ഒരു രാജ്യം, ഒരു നികുതി എന്ന ആദർശം ഇതുവഴി ഇല്ലാതാകില്ലേയെന്നാണ് ചിലരുടെ വേവലാതി. അന്തർസംസ്ഥാന വ്യാപാരത്തിന് വിധേയമാകുന്ന ചരക്കുകളുടെമേൽ ചുമത്തുന്നത് ഐ.ജി.എസ്.ടി.-യാണ്. അതിനുമേൽ അധികനികുതി ചുമത്താൻ ഒരു സംസ്ഥാനത്തിനും അവകാശമില്ല. അതുപോലെതന്നെ സംസ്ഥാനത്തിന് അകത്തുനിന്ന് പിരിക്കുന്ന നികുതിയിൽ 50 ശതമാനം കേന്ദ്രവിഹിതമാണ്. അതായത് സി.ജി.എസ്.ടി. 50 ശതമാനം സംസ്ഥാന വിഹിതമാണ്. എസ്.ജി.എസ്.ടി.-യുടെ നിരക്ക് ചെറിയൊരു പരിധിക്കുള്ളിൽ ഉയർത്താനും താഴ്ത്താനും മാത്രമാണ് അവകാശം. ഐ.ജി.എസ്.ടി.-യും സി.ജി.എസ്.ടി.-യും രാജ്യത്തുടനീളം ഒരുപോലിരിക്കും. തന്മൂലം ജി.എസ്.ടി.-യുടെ അടിസ്ഥാന ഘടനയ്ക്ക് ഒന്നും സംഭവിക്കില്ല.

## തുല്യം വീതംവെപ്പ് വേണ്ടാ

രണ്ടാമതൊരു കാര്യം കൂടിയുണ്ട്. ജി.എസ്.ടി നികുതി, കേന്ദ്രവും സംസ്ഥാനവും തുല്യമായി വീതം വെക്കുകയാണെന്ന് നേരത്തെ സൂചിപ്പിച്ചല്ലോ. ഇതുമാറ്റണം. സംസ്ഥാനത്തിന് 60 ശതമാനവും കേന്ദ്രത്തിന് 40 ശതമാനവുമാക്കണം. ജി.എസ്.ടി.-യിൽ ലയിപ്പിച്ച കേന്ദ്ര - സംസ്ഥാന നികുതികൾ കൂട്ടുമ്പോൾ സംസ്ഥാനത്തിന്റെ നികുതി വിഹിതം 55–58 ശതമാനം വരും. ഈ ന്യായം പറഞ്ഞ് അന്നത്തെ കേന്ദ്ര ധനകാര്യ അഡ്വൈസർ സുബ്രമഹ്ണ്യൻ 60:40 എന്ന തോതാണ് തന്റെ റിപ്പോർട്ടിൽ മുന്നോട്ടുവച്ചത്.

ഇന്നിപ്പോൾ ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരം സംസ്ഥാനങ്ങൾക്കു വീതം വെക്കേണ്ടുന്ന കേന്ദ്ര നികുതിവരുമാനം കുറയ്ക്കുന്നതിന് നികുതിക്ക് പകരം സെസ്സും മറ്റും കേന്ദ്രസർക്കാർ ഏർപ്പെടുത്തിക്കൊണ്ടിരിക്കുന്ന കാലമാണ്. ഈ പശ്ചാത്തലത്തിൽ ജി.എസ്.ടി.-യിൽ സംസ്ഥാനത്തിന്റെ നികുതിവിഹിതം ഉയർത്തണം. അതുപോലെത്തന്നെ ജി.എസ്.ടി ക്കു മുമ്പ് ലഭിച്ചിരുന്ന മൊത്തം റവന്യൂ വരുമാനം ന്യായമായ വർധനയുടെ അടിസ്ഥാനത്തിൽ

ഇപ്പോഴും ലഭിക്കുമെന്ന് ഉറപ്പുവരുത്തുന്ന രീതിയിൽ ജി.എസ്.ടി നിരക്കുകൾ ഭേദഗതി ചെയ്യുകയും വേണം. ഇപ്പോഴുള്ള നിരക്കുകൾ റവന്യൂ ന്യൂട്രൽ അല്ല

ജി.എസ്.ടി.-ക്കു തൊട്ടുമുമ്പ് സംസ്ഥാനത്തിന് ലഭിച്ചിരുന്ന വാറ്റ് അടക്കം ജി.എസ്.ടി.-യിൽ ലയിപ്പിച്ച നികുതി വരുമാനങ്ങൾ എല്ലാ വർഷവും 14 ശതമാനം വീതം തുടർന്നുള്ള വർഷങ്ങളിലും വർധിക്കുമെന്ന് കേന്ദ്ര സർക്കാർ ഉറപ്പുനൽകിയതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനങ്ങളിൽ ജി.എസ്.ടി.-ക്ക് സമ്മതിച്ചത്. ഇങ്ങനെ വർധിച്ചില്ലെങ്കിൽ കുറവുവരുന്ന തുക അഞ്ച് വർഷം നഷ്ടപരിഹാരമായി നൽകാമെന്നും കേന്ദ്രം ഏറ്റു. ഇതിനുവേണ്ടി പുകയില, ആഡംബര കാർ എന്നിവയുടെമേൽ സെസ്സും ഏർപ്പെടുത്തി. ഇപ്പോൾ ഈ സെസ്സ് വരുമാനംകൊണ്ട് നഷ്ടപരിഹാരം നൽകാൻ കഴിയില്ലായെന്ന അവസ്ഥയാണ്. ജി.എസ്.ടി നടപ്പിലാക്കിയതിലെ അപാകം കാരണം വരുമാനം പതുക്കയേ വർധിച്ചുള്ളു. കോവിഡുകൂടി വന്നതോടെ തകർച്ച പൂർത്തിയായി. ഈ വർഷവും കോവിഡാണ്. അടുത്ത വർഷം നഷ്ടപരിഹാരം ഇല്ല. സംസ്ഥാനങ്ങളുടെ നികുതി വരുമാനത്തിൽ ഇതു കാരണം കുത്തനെ ഒരു ഇടിവുണ്ടാകാൻ പോവുകയാണ്.

## ഈ സാഹചര്യത്തെ എങ്ങനെ നേരിടണം?

ലളിതമായ മാർഗം സെസ്സ് അഞ്ചുവർഷം കൂടി തുടരുകയെന്നതാണ് 14 ശതമാനം വർധന ഉണ്ടായില്ലായെങ്കിൽ ആ വിടവ് സെസ്സ് വരുമാനത്തിൽ നിന്ന് നികത്തിക്കൊടുക്കണം. കേന്ദ്ര സർക്കാരിന് ഇതുകൊണ്ട് ഒരു നഷ്ടവുമില്ല. സെസിൽ നിന്നാണല്ലോ നഷ്ടപരിഹാരം. ബി.ജെ.പി ഭരിക്കുന്ന ബീമാരു സംസ്ഥാനങ്ങളിൽ വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും വേണ്ടി എത്രയോ ചെലവഴിക്കേണ്ടിയിരിക്കുന്നു. ഇതിന് റവന്യൂ വരുമാനം 14 ശതമാനം വെച്ചെങ്കിലും വളർന്നേതീരു. ഇത് നമ്മുടെ മാത്രമല്ല. അവരുടെകൂടി ആവശ്യമാണ്. നഷ്ടപരിഹാര കാലയളവ് നീട്ടുന്നതിന് സംസ്ഥാനങ്ങളുടെ ശക്തമായ യോജിച്ച നിലപാട് ഉയർത്തിക്കൊണ്ടുവരണം.

**മാതൃഭൂമി,**

**12 ജൂലൈ, 2021,**

*നയജാലകം*

# പരിസ്ഥിതി പുനരുജ്ജീവനം വെറും വാക്കാകരുത്

കെ. സഹദേവൻ

ഒരു മഴക്കാലംകൂടി കടുത്ത ദുരന്തങ്ങൾ വിതച്ചുകൊണ്ട് കടന്നു പോകുകയാണ്. മുൻപ്രളയങ്ങളിൽ വലിയ പരക്കേൽക്കാത്ത പ്രദേശങ്ങളാണ് ഇത്തവണ ദുരിതങ്ങൾക്ക് ഇരയായത്.

സംസ്ഥാനത്തിന് പരിചിതമല്ലാത്ത കാലാവസ്ഥാമാറ്റങ്ങളാണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്. തെക്കുപടിഞ്ഞാറൻ ദിശയിലേക്കുള്ള ന്യൂനമർദസഞ്ചാരം, പശ്ചിമഘട്ടത്തെയും കടന്നുപോകുന്ന ചുഴലിക്കൊടുങ്കാറ്റ്, മേഘവിസ്ഫോടനത്തോട് അടുത്തു നിൽക്കുന്ന അതിവൃഷ്ടി, വായുപ്രവാഹങ്ങളുടെ പൊടുന്നനെയുള്ള ദിശാമാറ്റം ഇവയൊക്കെ എല്ലാ പ്രവചനങ്ങളെയും അസാധ്യമാക്കുന്നുണ്ട്.

കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾക്ക് തടയിടാൻ മനുഷ്യന് സാധ്യമല്ല എന്നാൽ, അവ മനുഷ്യനും പ്രകൃതിക്കും ഏൽപ്പിക്കുന്ന പരിക്കുകളെ ലഘൂകരിക്കാനും ഒരു പരിധിവരെ മുൻകരുതലുകൾ സ്വീകരിക്കാനും നമുക്ക് സാധിക്കണം.

നിലവിലുള്ള ദുരന്തനിവാരണ നയത്തിൽ വലിയ മാറ്റങ്ങൾ ആവശ്യമാണെന്ന് തിരിച്ചറിയുകയാണ് ആദ്യം വേണ്ടത്. 2018-ലെ അതിവൃഷ്ടിയും അതേത്തുടർന്ന് പശ്ചിമഘട്ടമലനിരകളിലുണ്ടായ ആയിരക്കണക്കായ ഉരുൾപൊട്ടലുകളും നമ്മെ ഒന്നും പഠിപ്പിച്ചില്ലെന്നുവേണം കരുതാൻ. 2019-ലും 2020-ലും ദുരന്താനന്തരഘട്ടത്തിൽ മാത്രമാണ് നാം ഉണർന്നുപ്രവർത്തിച്ചത്. ദുരന്ത നിവാരണത്തിൽ ദുരന്ത് പൂർവഘട്ടത്തിനുള്ള പ്രധാന്യത്തെപറ്റി നാമിപ്പോഴും ഗൗരവമായി ചിന്തിച്ചു തുടങ്ങിയിട്ടില്ല. ദുരന്ത ലഘൂകരണം (mitigation), മുന്നൊരുക്കം (Preparedness) എന്നിവ ദുരന്ത പ്രതികരണഘട്ടം, ദുരന്താനന്തര ഘട്ടം എന്നിവയെക്കാൾ ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്.

പരിസ്ഥിതിദുർബല പ്രദേശങ്ങളെയും ഉരുൾപ്പൊട്ടൽ-വെള്ളപ്പൊക്ക-വരൾച്ച സാധ്യതാ പ്രദേശങ്ങളെയും ഉൾപ്പെടുത്തി ആ മേഖലയിലെ പരിസ്ഥിതി പുനരുജ്ജീവന നടപടികൾ ദീർഘകാലാടിസ്ഥാനത്തിൽ തയ്യാറാക്കണം. കേരളത്തിന്റെ ഉരുൾപ്പൊട്ടൽ സംവേദക മേഖലാഭൂപടം, സംസ്ഥാന ദുരന്ത നിവാരണവിഭാഗം 2010-ൽ ത്തന്നെ തയ്യാറാക്കിയിട്ടുണ്ടെങ്കിലും അതനുസരിച്ച്, ആ മേഖലയിലെ ഭൂവിനിയോഗത്തിനും ഭൂസംരക്ഷണത്തിനും ഉതകുന്ന ഒരു കാര്യവും അധികൃതർ നടപ്പാക്കിയിട്ടില്ലെന്നുകാണാം.

കേരളത്തിൽ തുടർച്ചയായി സംഭവിച്ചുകൊണ്ടിരിക്കുന്ന ഉരുൾപ്പൊട്ടലുകളുടെ 67 ശതമാനവും ഭൂവിനിയോഗവുമായി ബന്ധപ്പെട്ട് സംഭവിച്ചതാണ്. അതുപോലെത്തന്നെ തോട്ടം മേഖലകളും ഉരുൾപൊട്ടലുകളുടെ പ്രഭവകേന്ദ്രമായി മാറുന്നുണ്ട്. ഭൂവിനിയോഗരീതികളിൽ ക്വാറി, തോട്ടം, കാർഷികഭൂമി എന്നിവയെല്ലാം ഉരുൾപൊട്ടൽ സാധ്യത വർധിപ്പിക്കുമ്പോൾ ആ മേഖലകളെ സവിശേഷമായി പരിഗണിച്ച് പദ്ധതികൾ ആവിഷ്കരിക്കണം.

ചരിഞ്ഞ പ്രദേശങ്ങളിലെ വനനാശം തടഞ്ഞും സ്വാഭാവിക ജലനിർഗമന മാർഗങ്ങൾ സംരക്ഷിച്ചും ഭൂമിയുടെ കിടപ്പ് പരിഗണിക്കാതെയുള്ള നിർമാണപ്രവർത്തനങ്ങൾക്ക് തടയിട്ടും മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവയ്ക്ക് സാധ്യതയുള്ള പ്രദേശങ്ങളിലെ ഹരിതാവരണം വർധിപ്പിച്ചും അത്തരം പ്രദേശങ്ങളിൽ താങ്ങുഭിത്തികൾ നിർമിച്ചുമെല്ലാം വലിയൊരളവിൽ ദുരന്തലഘൂകരണം നടത്താവുന്നതാണ്.

കേരളത്തിലെ ജനവാസമേഖലയിൽ മാത്രമല്ല, വനപ്രദേശങ്ങളിലും വലിയതോതിലുള്ള ഉരുൾപൊട്ടലുകൾ സംഭവിക്കുന്നുണ്ട്. കഴിഞ്ഞ ദിവസം കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ, ആര്യങ്കാവ്, തെന്മല വനമേഖലയിലെവിടെയോ ഉരുൾപൊട്ടൽ സംഭവിച്ചു എന്ന സ്ഥിതീകരിക്കാത്ത വാർത്തയുണ്ട്. വനമേഖലയിലെ ഉരുൾപൊട്ടലുകൾ മണ്ണിന്റെ ജൈവശേഷി കുറഞ്ഞു വരുന്നതിന്റെ ലക്ഷണം കൂടിയായി പരിഗണിക്കണം. മണ്ണിലെ ജൈവാംശങ്ങളുടെ കാര്യത്തിൽ അഖിലേന്ത്യാ ശരാശരിയെക്കാളും ഏറെ താഴെയാണ് കേരളമെന്നത് പരിഗണിച്ചുകൊണ്ട് അതിനുള്ള പരിഹാര നടപടികൾ സ്വീകരിക്കേണ്ടത് ദുരന്തങ്ങൾ ലഘൂകരിക്കുന്നതിനും തടയുന്നതിനും അത്യാവശ്യമാണ്.

ദുരന്തത്തിനുമുമ്പുള്ള ഒരുക്കങ്ങളും ദുരന്ത ലഘൂകരണവും സാധ്യമാകണമെങ്കിൽ അടിസ്ഥാനപരമായി നമ്മുടെ വികസന നയങ്ങളിൽ മാറ്റം വരുത്തേണ്ടിവരും.

ദുരന്തങ്ങളുടെ ആവർത്തനങ്ങൾ കൂടുമ്പോഴും നമ്മുടെ മണ്ണിനും കാലാവസ്ഥയ്ക്കും ജൈവശേഷിക്കും താങ്ങാവുന്ന പദ്ധതികളല്ല സർക്കാരുകൾ പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്നത്. പൊതുവിൽ ദുർബ്ബലമായിക്കഴിഞ്ഞ കേരള പരിസ്ഥിതിയെ കൂടുതൽ തകർച്ചയിലേക്ക് നയിക്കാനുതകുന്ന കേരള സിൽവർ ലൈൻ പദ്ധതി,

കോഴിക്കോടിനെയും വയനാടിനെയും ബന്ധിപ്പിച്ചുകൊണ്ടുള്ള തുരങ്കപാത, തീരപരിസ്ഥിതിയെ കണക്കിലെടുക്കാത്ത തുറമുഖ പദ്ധതികൾ എന്നിവയൊക്കെയും ഈ പ്രകൃതിദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ പുനഃപരിശോധിക്കാൻ സർക്കാർ തയ്യാറാകേണ്ടിവരും. നിർമിത പ്രദേശങ്ങളുടെ വ്യാപനം താങ്ങാൻ കേരള പരിസ്ഥിതിക്ക് ഇനിയും സാധ്യമല്ല.

ഉരുൾപൊട്ടലുകളും മലവെള്ളപ്പാച്ചിലുകളും മലയോരമേഖലയെയും സമതലങ്ങളെയെയും ദുരിതത്തിലേക്ക് തള്ളിവിടുമ്പോൾ കടൽക്ഷോഭവും തീരശോഷണവും തീരദേശവാസികളുടെ ജീവനേയും ജീവനോപാധികളെയും നാശത്തിലേക്ക് തള്ളിവിടുന്നു. മാറിയ കാലാവസ്ഥയിൽ സാമ്പ്രദായിക വികസനബോധ്യങ്ങൾ പൊളിച്ചെഴുതാൻ ആഗോള ഭരണകൂടങ്ങൾ പോലും നിർബന്ധിതമായിക്കഴിഞ്ഞു. ഇതിൽ നിന്ന് മാറി നിൽക്കാൻ ഒരു സുഹൃത്തിനും സാധ്യമല്ലെന്ന് തിരിച്ചറിയുന്നതിലാണ് വിവേകം. പ്രകൃതിയുമായി സഹസ്രാബ്ദങ്ങളായി മുനുഷ്യൻ നടത്തിവരുന്ന യുദ്ധത്തിൽ തോൽവി മനുഷ്യനതെന്നെയായിരിക്കും എന്ന തിരിച്ചറിവിനെയാണ് ശാസ്ത്ര ബോധം എന്ന് വിശേഷിപ്പിക്കേണ്ടത്.

**12 നവംബർ 2021,**

**മാതൃഭൂമി.**

ഖഖഖഖഖഖ

*നയജാലകം*

# ഊർജ്ജപ്രതിസന്ധിയുടെ കാണാപ്പുറങ്ങൾ

ഡോ. സി. ജയരാമൻ

രാജ്യം ഇന്നൊരു ഊർജ്ജ പ്രതിസന്ധിയിലൂടെ കടന്നുപോവുകയാണെന്നുള്ള വാർത്തകൾ കേൾക്കുമ്പോൾ ഇതിനുകാരണം അപ്രതീക്ഷിതമായ ചില കാര്യങ്ങൾ ആണെന്ന തോന്നൽ പലരിലും ഉണ്ടാകാൻ ഇടയുണ്ട്. പക്ഷേ, ഈ പ്രതിസന്ധി ഒട്ടും അപ്രതീക്ഷിതമല്ല. കോവിഡ്-19 പോലെ, കണക്കുകൾ പ്രകാരം വൈദ്യുതിമിച്ചമായ ഒരു രാജ്യത്ത് എങ്ങനെയാണ് പെട്ടെന്നൊരു വൈദ്യുതി പ്രതിസന്ധി ഉണ്ടായത് എന്നത് പഠനവിഷയമാകേണ്ട ഒരു കാര്യം തന്നെയാണ്.

## ഊർജ്ജവും വികസനസങ്കൽപവും

നമ്മുടെ അന്തരീക്ഷത്തിലെ വർധിച്ച ഹരിതഗൃഹ വാതകങ്ങളുടെ ശതമാനത്തിന്റെയും ഉറവിടം ഭൂമിയിലെ മനുഷ്യന്റെ ഊർജ്ജ ഉപഭോഗമാണ്. ഇവ തടഞ്ഞുനിർത്തുന്ന അധിക സൗരോർജ്ജമാണ് ഭൂമിയിലെ ചൂടു കൂടുന്നതിനും കാലാവസ്ഥാ മാറ്റത്തിനും കാരണമാവുന്നത്. ഭൂമിയെയും അതിലെ സർവ്വചരാചരങ്ങളെയും ജീവനോടെ നിലനിർത്തുന്ന, കാലാവസ്ഥയെ നിയന്ത്രിക്കുന്ന ഒരു ചാലകശക്തിയായി ഊർജ്ജത്തെ കാണാതെപോയതാണ് വ്യവസായ വിപ്ലവത്തിനുശേഷം സംഭവിച്ച ഏറ്റവും വലിയ അപചയം.

ഊർജ്ജം എന്നാൽ, അതിന്റെ സ്രോതസ്സുകളായ കൽക്കരിയായോ, പ്രകൃതിവാതകമായോ, പെട്രോളിയം ഉത്പന്നങ്ങളായോ, അതിന്റെ രൂപങ്ങളായ നീരാവിയായോ വൈദ്യുതിയായോ ലഘൂകരിക്കപ്പെട്ടു. ഇക്കാലത്ത് അതുകൊണ്ട് തന്നെ വ്യവസായ വിപ്ലവത്തിനുശേഷം ഊർജ്ജം ഒരു വാണിജ്യ വിഭവമായി കണക്കാക്കപ്പെടാനും അവയുടെ ക്രയവിക്രയത്തിനു മുകളിലുള്ള ആധിപത്യത്തിനുവേണ്ടി രാജ്യങ്ങൾ പരസ്പരം മത്സരിക്കാനും തുടങ്ങി. തന്മൂലം അമിതമായ, അനിയന്ത്രിതമായ ഊർജ്ജ ഉപഭോഗം വികസനത്തിന്റെ അളവുകോലായി മാറി. ഇത് പ്രകൃതിയുടെ സന്തുലിതാവസ്ഥയെ തകിടം മറിക്കുന്നതിൽ ഗണ്യമായ പങ്കുവഹിച്ചു. ഇതിനുകാരണം മനുഷ്യൻ മാത്രമാണെന്നും നിലനിൽക്കുന്ന വികസന സങ്കൽപങ്ങളും രീതികളുമാണെന്ന ഒരു സമന്വയം ബഹുഭൂരിപക്ഷം ശാസ്ത്രജ്ഞരുടെ ഇടയിൽ ഉണ്ടാകാൻ പിന്നെയും സമയമെടുത്തു.

മനുഷ്യന്റെ പ്രവർത്തനങ്ങൾക്ക് ഭൂമിയുടെ ആവാസവ്യവസ്ഥയുടെ മുകളിൽ സുപ്രധാനമായ സ്വാധീനം ചെലുത്താൻ ഇടവന്ന ഈ കാലഘട്ടത്തെ നാം ആന്ത്രോപോസിൻ എന്ന് ഓമനപ്പേരിട്ടു വിളിച്ചു. ആഗോള കാലാവസ്ഥാ വ്യതിയാനത്തിന് പ്രധാന കാരണം മനുഷ്യൻ തന്നെയാണ് എന്ന് ഐ.പി.സി.സി. (ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച്)2021- ൽ ഇറക്കിയ പഠനങ്ങൾ അടിവരയിട്ടു പറയുകയും ചെയ്തു. ഊർജ്ജ പ്രതിസന്ധിയും കാലാവസ്ഥാ പ്രതിസന്ധിയും പരസ്പര ബന്ധിത മാണെന്നു ചുരുക്കം.

## വികസന മാതൃകകൾ ശരിയോ

ഈ പ്രതിസന്ധികൾക്ക് പരിഹാരം തേടുന്നതിന്റെ ഭാഗമായി നാം ചോദിക്കേണ്ട ഒരു പ്രധാന ചോദ്യം ഇന്നുകാണുന്ന രീതിയിലുള്ള വളർച്ച ഊർജ്ജ ഉപഭോഗത്തിന്റെ കാര്യത്തിൽ അഭികാമ്യമാണോ എന്നതാണ്. ഭൂമിയുടെ ഇന്നത്തെ വികസന മാതൃകയുടെ അപകടകരമായ സഞ്ചാര പാതകൾ, നൂതനമായ സാങ്കേതിക വിദ്യകൾ കൃത്യമായി കാണിച്ചുതരുന്ന ഈ കാലത്ത്, യുക്തിപരമായ തീരുമാന ങ്ങളെടുക്കാൻ മനുഷ്യ വർഗത്തിനുള്ള ഏറെ കൊട്ടിഘോഷിക്കപ്പെടുന്ന കഴിവുതന്നെ പുനർവിചിന്തനത്തിന് വിധേയമാക്കേണ്ടതുണ്ട്.

കഴിഞ്ഞ 200 കൊല്ലത്തെ മനുഷ്യരാശിയുടെ ചരിത്രമെടുത്താൽ ആദ്യകാലങ്ങളിൽ നമ്മുടെ ഊർജ്ജ സ്രോതസ്സുകൾ ഏതാണ്ട് സമജാതി കളായിരുന്നു (ഹോമോജിനസ്). പതിനെട്ടാം നൂറ്റാണ്ടുമുതൽ പത്തൊമ്പതാം നൂറ്റാണ്ടിലെ മധ്യ കാലംവരെ വിറക്, ജൈവമാലിന്യം മുതലായവയായിരുന്നു പ്രധാന ഊർജ്ജസ്രോതസ്സുകൾ. പിന്നീട് വ്യവസായ വിപ്ലവത്തിനുശേഷം കൽക്കരി, അസംസ്കൃത എണ്ണ, പ്രകൃതിവാതകം, ജലവൈദ്യുത പദ്ധതികൾ എന്നിവ ഗണ്യമായ സംഭാവനകൾ നൽകി. മുൻകാലങ്ങളെ അപേക്ഷിച്ച് ഊർജ്ജ ഉപഭോഗത്തിനും ഉത്പാദനത്തിലും മാറ്റങ്ങൾ വളരെ ദ്രുതഗതിയിലാണ് സംഭവിക്കുന്നത്. ഇന്നു നമുക്ക് വളരെ വ്യത്യസ്തമായ ഒട്ടേറെ ഊർജ്ജ സ്രോതസ്സുകളുണ്ട്. എന്നിരുന്നാലും പ്രധാന ഊർജ്ജ സ്രോതസ്സുകളിൽ പലതിന്റെയും ഉറവകൾ വറ്റിക്കൊണ്ടിരിക്കുകയാണ്. പുനരുത്പാദനം നടക്കുന്നതിന്റെ പതിന്മടങ്ങു വേഗത്തിൽ വിഭവങ്ങൾ ഉപയോഗിച്ചുതീരുന്നു. ഈ പശ്ചാത്തലത്തിൽ അസന്ദിഗ്ധമായി നമുക്ക് പറയാൻ കഴിയുന്ന ഒരു കാര്യം ഖനിജ ഇന്ധനങ്ങൾ പുതുക്കാൻ കഴിയാത്ത ഒന്നാണെന്നും അതിനു മുകളിലുള്ള ആശ്രയത്തിന് പരിധിയുണ്ട് എന്നുമാണ്. മാത്രമല്ല, ഖനിജ ഇന്ധനങ്ങളുടെ ഉപയോഗം അതിന്റെ മൂർധന്യാവസ്ഥയിൽ ടിപ്പിങ് പോയന്റ് എത്തിക്കഴിഞ്ഞിരിക്കുന്നു.

## മിനുക്കുപണികൾ പോരാ

ആഗോള കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള സമീപകാല പഠനങ്ങൾ ഇന്ത്യാ ഉപഭൂഖണ്ഡത്തെ ഇക്കാര്യത്തിൽ ഏറ്റവും അപകടകരമായ രാജ്യങ്ങളിൽ ഒന്നായി രേഖപ്പെടുത്തിയിട്ടുണ്ട്. വെള്ളപ്പൊക്കവും വരൾച്ചയും കൊടുങ്കാറ്റും കൂടുതലായി അനുഭവിക്കേണ്ടിവരും എന്ന മുന്നറിയിപ്പുകൾ അവഗണിച്ച്, സുസ്ഥിരമല്ലാത്ത ഊർജ്ജ സ്രോതസ്സുകളെ ആശ്രയിച്ചു കൊണ്ടും അനിയന്ത്രിതമായ ഊർജ്ജ ഉപഭോഗം പ്രോത്സാഹിപ്പിച്ചു കൊണ്ടും ദീർഘ വീക്ഷണമില്ലാത്ത കാര്യപരി പാടികൾ വഴി ഒരു രാജ്യം അവരുടെ വികസന അജണ്ടകൾ നടപ്പാക്കുമ്പോൾ ഇത്തരം പ്രതിസന്ധികൾ നമ്മൾ പ്രതീക്ഷിച്ചേ മതിയാവൂ.

ചില മിനുക്കുപണികൾകൊണ്ട് പരിഹരിക്കാനാവുന്നതല്ല പുതിയ പ്രതിസന്ധി എന്നത് തീർച്ചയാണ്. കൂടുതൽ ആഴത്തിലുള്ള പഠനങ്ങളും മാനസിക ബൗദ്ധിക തലത്തിലുള്ള മാറ്റങ്ങളും ഇവിടെ അനിവാര്യമാണ്. ഇതിനുള്ള തുടക്കം ഊർജ്ജമെന്നാൽ വൈദ്യുതി മാത്രമല്ലെന്നും വികസനമെന്നാൽ ഒരു ഗ്രാമത്തിന്റെ ഏതെങ്കിലും കോണിൽ വൈദ്യുതി എത്തിച്ച് സമ്പൂർണ വൈദ്യുതീകരണം ആഘോഷിക്കുക എന്നതല്ലെന്നും ഓരോ വസ്തുവിന്റെയും ഉത്പാദനമെന്നാൽ അത് വിലയേറിയ ഊർജ്ജ ഉപഭോഗത്തിന്റെ അനന്തര ഫലമാണെന്നും വലിച്ചെറിയുന്ന ഓരോ ഉത്പന്നവും ഊർജ്ജത്തിന്റെ പാഴാക്കലാണെന്നും ഒരു പൊതു വസ്തുവിന്റെ നിരുത്തരവാദപരമായ ഉപഭോഗം സാമൂഹിക ദ്രോഹമാണെന്നും ഊർജ്ജപ്രതിസന്ധി പരിഹരിക്കാൻ കൂടുതൽ ഊർജ്ജ ഉത്പാദനം മാത്രമല്ല പരിഹാരമെന്നുമുള്ള ഒട്ടേറെ തിരിച്ചറിവുകളിൽ നിന്നാണ്.

അടുത്ത കാലത്തെ ഒട്ടേറെ പഠനങ്ങൾ വഴി, ആഗ്രഹങ്ങൾക്കപ്പുറം ദുരാഗ്രഹങ്ങളുടെ പിറകെയുള്ള പ്രയാണം ഭൂമിയുടെ നിലനിൽപ്പിനെ ത്തന്നെ ബാധിക്കും എന്നു നിസംശയം തെളിയിക്കപ്പെട്ടിട്ടുണ്ട്. വികസനം എന്നത് റോഡുകളും പാലങ്ങളും വേഗത്തിലുള്ള യാത്രയും അല്ലെന്നും ഇനിയുള്ള കാലത്ത് ഇവയുടെ പ്രസക്തി കുറയുകയേ ഉള്ളുവെന്നും കോവിഡ് നമ്മെ പഠിപ്പിച്ചുകഴിഞ്ഞു. അതിനിടയിൽ വളരെ വലിയ തോതിൽ ഊർജം ആവശ്യമുള്ള, ഉപഭോഗ സംസ്കാരത്തിന്റെ വക്താക്കളും പ്രയോക്താക്കളായി മാറി പുനരുപയോഗ സാധ്യതകൾ അന്വേഷിക്കാതെ എല്ലാം വലിച്ചെറിയുന്ന സംസ്കാരമുണ്ടാക്കുന്ന പാഴ് വസ്തുക്കളാണ് ഇന്നത്തെ ഒരു പ്രധാന ഊർജ്ജ പ്രതിസന്ധി. കേന്ദ്രീകൃതമായ ഉത്പാദന - വിതരണ രംഗത്തുനിന്നുമാറി ഓരോ ഉപഭോക്താവും ഉത്പാദകനാകുന്ന വികേന്ദ്രിതമായ പുതിയ വികസന രീതികൾ ഫലപ്രദമായി നടപ്പാക്കാൻ

സാധിച്ചില്ലെന്നതാണ് ഈ രംഗത്തെ ഒരു പ്രധാന പോരായ്മ. ഈ തിരിച്ചറിവുകൾ അടിസ്ഥാനമാക്കി ഇപ്പോൾ നാം നേരിടുന്ന ഊർജ്ജപ്രതിസന്ധിക്കു ചില പരിഹാര മാർഗങ്ങൾ തേടുകയാണ് ഇവിടെ.

## കൽക്കരി ക്ഷാമം

2011-12-ൽ ഇന്ത്യയുടെ ആഭ്യന്തര വൈദ്യുതി ഉത്പാദനത്തിന്റെ 58 ശതമാനം (612,497 GWh) കൽക്കരിയെ ആശ്രയിച്ചായിരുന്നുവെങ്കിൽ 2018-19-ൽ അത് 66 ശതമാനമായി (1,021,997 GWh) വർധിക്കുകയാണുണ്ടായത്. കൽക്കരിയുടെ ഉപഭോഗത്തിലെ ഈ ഭീമമായ (67%) വർധന ലോകത്തിന്റെ പൊതുവേയുള്ള ഗതിക്ക് വിരുദ്ധമായിരുന്നു. ലോകത്താകമാനം കൽക്കരിയുടെ ഉപഭോഗം 2010-ൽ 41 ശതമാനമായിരുന്നത് 2019-ൽ 35 ശതമാനത്തിനടുത്തേക്ക് കുറയുകയാണുണ്ടായത്. 2019-20 -ൽ കോവിഡ് കാരണം ഉത്പാദനത്തിൽ നേരിയ കുറവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വൈദ്യുതി ഉത്പാദനത്തിൽ കൽക്കരിയുടെ പങ്ക് ഇന്ത്യയിൽ 72 ശതമാനമായി വർധിക്കുകയാണുണ്ടായത്.

നാം ഇന്ന് ചർച്ച ചെയ്യുന്ന വൈദ്യുതി പ്രതിസന്ധിക്ക് ഗുലാബ് ചുഴലിക്കാറ്റിനോടനുബന്ധിച്ച് ഉത്തരേന്ത്യയിൽ ലഭിച്ച ശക്തമായ മഴയും വെള്ളപ്പൊക്കവും ഒരു കാരണമായിട്ടുണ്ട്. ഏകദേശം ഒരു ദശാബ്ദം മുമ്പ് (2012 -ൽ) രാജ്യത്തെ വടക്ക്, വടക്കു - കിഴക്കു സംസ്ഥാനങ്ങളെയെല്ലാം ഇരുട്ടിലാക്കിയ ബ്ലാക്ക് ഔട്ടിന് വഴിതെളിച്ചത് കാലവർഷം വൈകിയതുമൂലമുണ്ടായ അമിതമായ ചൂടും വരൾച്ചയും തത്ഫലമായി ഉണ്ടായ ഊർജ്ജ ഉപഭോഗ വർധനയുമായിരുന്നു. കാലാവസ്ഥയിൽ ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ ചെറിയ മാറ്റങ്ങൾ പോലും നമ്മുടെ വൈദ്യുതി മേഖലയെ തകിടം മറിക്കുമെങ്കിൽ ഒരു കാര്യം ഉറപ്പ്, ഈ പ്രതിസന്ധിക്ക് പരിഹാരമായി, ഒറ്റമൂലികൾ നിർദ്ദേശിക്കാനാവില്ല - കോവിഡിന് വാക്സിൻ എന്ന പോലെ.

## കാഴ്ചപ്പാടില്ലാത്ത ഊർജനയം

നമ്മുടെ രാജ്യത്തിലെ ഊർജ നയത്തെക്കുറിച്ചുള്ള അന്വേഷണങ്ങൾ നമ്മെ എത്തിക്കുക നാഷണൽ ഇലക്ട്രിസിറ്റി പോളിസി അഥവാ NEP 2005 – ലേക്കാണ്. ഊർജമെന്നാൽ വൈദ്യുതി മാത്രമാണെന്ന തെറ്റിദ്ധാരണ പോലും തിരുത്താൻ തയ്യാറാകാത്തതിനാൽ പലരും - ഇന്റർനാഷണൽ എനർജി ഏജൻസി (IEA) പോലും എൻ.ഇ.പി-യെ നാഷണൽ എനർജി പോളിസി ആയി കരുതിവരുന്നു. നമ്മുടെ ഊർജ പ്രതിസന്ധിയുടെ പ്രധാന കാരണങ്ങളിലൊന്ന് ഊർജത്തെ അതിന്റെ സമഗ്രമായ അർഥത്തിൽ മനസ്സിലാക്കാതെ വെറുമൊരു കച്ചവട വസ്തുവായി നിർവ്വചിക്കുന്നതു കൊണ്ടു കൂടിയാണ്.

നീണ്ട പതിനാറുവർഷത്തിനുശേഷം ലോകത്തിലെ ഊർജ ഉത്പാദന - ഉപഭോഗ രംഗത്ത് വലിയ മാറ്റങ്ങൾ വന്നതിനുശേഷവും എൻ.ഇ.പി - 2021 ഡ്രാഫ്റ്റ് രൂപത്തിൽ തന്നെയാണ് ഇപ്പോഴും നിൽക്കുന്നത്. ലോകം മുഴുവൻ, ഊർജ ഉത്പാദനത്തിന് കൽക്കരി, പ്രകൃതിവാതകം, പെട്രോളിയം തുടങ്ങിയ ഖനിജ ഇന്ധനങ്ങളുടെ ഉപഭോഗം കുറയ്ക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുന്ന കാലത്താണ് ഇന്ത്യയുടെ ഇലക്ട്രിസിറ്റി പോളിസിയും വികസന പരിപാടികളും കൽക്കരി ഉപയോഗിച്ചുള്ള, ഊർജ ഉത്പാദനത്തിന്റെ വർധനയ്ക്ക് കാര്യപരിപാടികൾ തയ്യാറാക്കുകയും മറ്റ് ഊർജ്ജ ഉത്പാദന മേഖലകളിൽ - പ്രത്യേകിച്ചും പുതുക്കാനാവുന്ന സ്രോതസ്സുകൾ ഉപയോഗിച്ചുള്ള മെല്ലെപ്പോക്കു നയം സ്വീകരിക്കുകയും ചെയ്യുന്നത്.

എൻ.ഇ.പി. അസന്ദിഗ്ധമായി രേഖപ്പെടുത്തിയിട്ടുള്ള ഒരു കാര്യം കോൾ ഇന്ത്യ ലിമിറ്റഡ് (CIL) അവരുടെ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള, ഉത്പാദന വർധനയ്ക്കുള്ള പ്രതിവർഷം 10 കോടിയിൽപ്പരം രൂപവരുന്ന വികസന പ്രവർത്തനങ്ങൾ, ഒരു തരത്തിലും ബാധിക്കപ്പെടരുത് എന്നാണ്. എന്നാൽ പാരിസ് ഉടമ്പടിപ്രകാരമുള്ള ഉറപ്പുകൾ പാലിക്കാനായി 2022 ആകുമ്പോഴേക്കും പുതുക്കാനാവുന്ന ഊർജ്ജ സ്രോതസ്സുകളുടെ പങ്ക് 175 GW ആക്കാനും 2030 ആകുമ്പോഴേക്കും ഇത് 450 GW ആക്കാനും നമ്മുടെ രാജ്യം തീരുമാനിച്ചിരുന്നു. ഇതിൽ 100 GW മാത്രമാണ് 2021 ആകുമ്പോഴേക്കും പൂർത്തിയാക്കാൻ കഴിഞ്ഞത്. പരസ്പര വിരുദ്ധമായ, വ്യക്തതയില്ലാത്ത ലക്ഷ്യങ്ങളുള്ള ഒരു നയപരിപാടിയുടെ അന്തിമഫലം രാജ്യത്തെ പ്രതിസന്ധിയിലേക്ക് നയിച്ചില്ലെങ്കിലേ അത്ഭുതമുള്ളൂ.

**19 ഒക്ടോബർ, 2021,**

**മാതൃഭൂമി.**

ഔഔഔ

*നയജാലകം*

# ഊർജം ഒരു പൊതുസ്വത്താണ്

ഡോ. സി . ജയരാമൻ

ജലം, വായു, ഭൂമി, വിദ്യാഭ്യാസ കേന്ദ്രങ്ങൾ, നീതിന്യായ വ്യവസ്ഥ, റോഡുകൾ, തോടുകൾ, പട്ടാളം, പോലീസ് എന്നിങ്ങനെ ഒട്ടേറെ കാര്യങ്ങളെ പൊതുസ്വത്തായി കാണുമ്പോഴും അവയുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം വീക്ഷിക്കുമ്പോഴും ഊർജദുർവ്യയം അവഗണിക്കപ്പെടുന്നതിന് ഒരു കാരണം ഊർജത്തെ ഇനിയും ഒരു പൊതുസ്വത്തായി നാം കാണുന്നില്ല എന്നതുതന്നെയാണ്.

ഊർജം ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന വ്യവസായമേഖലയിൽ ഊർജ സംരക്ഷണത്തിനായി നൽകുന്ന നിർദ്ദേശങ്ങൾ എന്തു കൊണ്ട് നടപ്പിൽവരത്തുന്നില്ല എന്ന ഗവേഷണങ്ങൾ എവിടെയും എത്താത്തതിന് പ്രധാന കാരണം ഈ വിവരങ്ങൾ വെളിപ്പെടുത്താനുള്ള വിമുഖതയാണ്. ഊർജത്തിന്റെ കാര്യക്ഷമത കുറഞ്ഞ ഉപഭോഗം ശ്രദ്ധയിൽ വരണമെങ്കിൽ, ഈ വിമുഖത മാറാൻ വ്യക്തിപരമായ ലാഭനഷ്ടങ്ങൾക്കപ്പുറം ഒരു സാമൂഹിക പ്രതിബദ്ധതാമാനവും കൂടി ഉണ്ടാകണം. ഇത് വ്യക്തികൾക്കുമാത്രമല്ല സ്ഥാപനങ്ങൾക്കും ബാധകമാണ്. നാം നമ്മുടെ പണമിടപാടുകൾ ചില സർക്കാർ സംവിധാനങ്ങൾക്കു മുന്നിൽ സമർപ്പിക്കാൻ എങ്ങനെ ബാധ്യസ്ഥനാകുന്നുവോ അതേ രീതിയിൽ സമ്മുടെ ഊർജ ഉപഭോഗവും രേഖപ്പെടുത്താൻ നിർബന്ധിതനായാൽ കാര്യക്ഷമതകുറഞ്ഞ, അനാവശ്യമായ ഒട്ടേറെ രീതികൾ മാറ്റപ്പെടും; ഒന്നുമില്ലെങ്കിൽ ശ്രദ്ധിക്കപ്പെടും.

## പ്രതിസന്ധിയും പരിഹാരങ്ങളും

ഏതൊരു പ്രതിസന്ധിക്കും പരിഹാരങ്ങൾ തേടുമ്പോൾ വേണ്ട സുപ്രധാന ഘടകങ്ങൾ ആ പ്രതിസന്ധിക്കുകാരണമായ നയ പരിപാടികളും കാഴ്ചപ്പാടും വിശകലനം ചെയ്യുക എന്നതാണ്. പരിഹാരമാർഗങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ രൂപവത്കരിക്കേണ്ടത് അത്യാവശ്യമാണെങ്കിലും സാധ്യമായ ചില ഹ്രസ്വകാല നിർദ്ദേശങ്ങളും രൂപപ്പെടുത്തേണ്ടതുണ്ട്.

ഒരു പ്രശ്നത്തിന് പരിഹാരം തേടുമ്പോൾ നാം ആദ്യം ചെയ്യേണ്ടത് ആ പ്രശ്നത്തെ ആഴത്തിൽ മനസ്സിലാക്കുക എന്നതുതന്നെയാണ്. സമൂഹത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും എത്ര ഊർജം വേണം, അത് ഏതെല്ലാം സ്രോതസ്സുകളിൽ നിന്ന് സ്വീകരിക്കാം, ഊർജപരിണാമങ്ങൾ നമ്മുടെ ചുറ്റുപാടുകളെ എങ്ങനെ ബാധിക്കും

എന്നെല്ലാം സമഗ്രമായും ദീർഘവീക്ഷണത്തോടെയും മനസ്സിലാക്കുക എന്നതാണ് ആദ്യപടി. ഇതിനായി വിവിധ മേഖലകളിൽ ഒരു വിഭവകാര്യക്ഷമതാപഠനം (Resource Efficiency Study) നടത്തേണ്ടതുണ്ട്. ഇന്ന് കൂടുതൽ പ്രചാരത്തിലുള്ള ഊർജ ഓഡിറ്റിനേക്കാൾ (Energy Audit) ഒരുപടി മുകളിലാണ് ഈ പഠനം. എന്തെന്നാൽ ഇവിടെ ഊർജ ഉപഭോഗം, മാത്രമല്ല, മറ്റു സുപ്രധാന വിഭവങ്ങളായ ജലം, അസംസ്കൃതവസ്തുകൾ, മാലിന്യം, എന്നിവകൂടി പഠനവിഷയമാക്കപ്പെടുകയും ഓരോ വിഭവത്തിന്റെയും ഉത്പാദന, വിപണന, ഉപഭോഗ സമയത്ത് അവ പ്രകൃതിയിലുണ്ടാക്കുന്ന ആഘാതവും (Environmental Impact) പഠന വിഷയമാക്കപ്പെടും. ഇവിടെ ഓഡിറ്റർമാർ കണ്ണടച്ച് ചില നിദ്ദേശങ്ങൾ (snapshot solutions) നൽകുന്ന സാങ്കേതിക വിദഗ്ധരുടെ നിലയിൽനിന്ന് ഒരു ഉപദേശകന്റെ (കൺസൾട്ടന്റ്) നിലയിലേക്ക് ഉയരുകയെന്നത് അനിവാര്യമാണ്. തങ്ങൾ നൽകിയ നിർദ്ദേശങ്ങൾ നടപ്പിൽ വരാത്തപക്ഷം അതിന്റെ കാരണങ്ങൾ അന്വേഷിച്ച് കണ്ടു പിടിക്കുന്ന ഒരു ഗവേഷകൻ കൂടിയാകണം ഒരു വിഭവകാര്യക്ഷമതാ ഓഡിറ്റർ.

## കേരളത്തിന്റെ കാര്യം

കേരളത്തിന്റെ ഊർജ പ്രതിസന്ധിയെക്കുറിച്ച് അറിയണമെങ്കിൽ ഇവിടത്തെ ഗാർഹിക, വ്യവസായ, വാണിജ്യ, കാർഷിക മേഖലകളിൽ എത്ര ഊർജം ഉപയോഗിക്കപ്പെടുന്നുണ്ട്, ഏറ്റവും കാര്യക്ഷമതയിൽ ഈ ഊർജ ഉപഭോഗം നടന്നാൽ എത്ര ഊർജം വേണ്ടിവരും എന്നൊരു കണക്ക് ആദ്യം വേണം. ഇതിൽത്തന്നെ ആവശ്യവും അത്യാവശ്യവും അനാവശ്യവുമായ ഊർജ ഉപഭോഗങ്ങൾ എന്തെല്ലാമാണെന്ന് തരംതിരിച്ച് അവയ്ക്ക് വ്യത്യസ്ത നിരക്കിൽ പണം ഈടാക്കുകയോ അത്യാവശ്യഘട്ടങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തുകയോ വേണം.

ചില പ്രാഥമികപഠനങ്ങൾ കാണിക്കുന്നത് ഗാർഹികമേഖലയിൽ ഏറ്റവും കൂടുതൽ ഊർജം ഉപയോഗിക്കുന്നത് യാത്രകൾക്കു വേണ്ടിയാണെന്നാണ്. ഇത് ഒരു ഉദാഹരണം വഴി വ്യക്തമാക്കാം.

പാചകത്തിന് ഒരു മാസം ഒരു സിലിൻഡർ എൽ.പി.ജി. ഉപയോഗിക്കുകയും കാറ്റ്, വെളിച്ചം, റെഫ്രിജറേഷൻ, പമ്പിങ്, വാർത്താ വിനിമയം തുടങ്ങിയ ആവശ്യങ്ങൾക്ക് പ്രതിമാസം 100 യൂണിറ്റ് വൈദ്യുതി ഉപയോഗിക്കുകയും യാത്രകൾക്ക് 20 ലിറ്റർ പെട്രോൾ വേണ്ടിവരികയും ചെയ്യുന്ന ഒരു വീട്ടിൽ വൈദ്യുതി

-പാചക-യാത്രകൾക്ക് ആവശ്യമായ ഊർജത്തിന്റെ അനുപാതം 22:36:41 ആയിരിക്കും. ഇവിടെ ഈ വീട്ടിലെ ഊർജപ്രതിസന്ധി പരിഹരിക്കാൻ യാത്രയ്ക്കും പാചകത്തിനും വേണ്ട ചെലവ് കുറയ്ക്കുക എന്നതു കഴിഞ്ഞിട്ടേ വൈദ്യുതി നിയന്ത്രണം വരുന്നുള്ളൂ. ഇനി വൈദ്യുതിയുടെ കാര്യമെടുത്താൽ ഏറ്റവും കൂടുതൽ ഊർജം വേണ്ടിവരുന്നത് വെളിച്ചത്തിനോ റെഫ്രിജറേറ്ററിനോ വാട്ടർ ഹീറ്ററിനോ അല്ല, ഫാനുകൾക്കാണ് എന്നും കാണാൻ സാധിക്കും, ബഹുഭൂരിപക്ഷം വീടികളിലും. അപ്പോൾ സബ്സിഡി നൽകേണ്ടത് എൽ.ഇ.ഡി. ബൾബുകൾ മാറ്റാനല്ല, മറിച്ച് ഊർജക്ഷമതയുള്ള ഫാനുകൾക്കുവേണ്ടിയാണെന്ന് മനസ്സിലാകും.

സമഗ്രമായ പഠനം സാമാന്യമായ ധാരണയ്ക്ക് വിരുദ്ധമായ രീതിയിൽ പരിഹാരമാർഗ്ഗങ്ങളുടെ വഴി തെളിക്കുന്നതെങ്ങനെയെന്നതിന് ഒരു ഉദാഹരണമായി ഇത് ചൂണ്ടിക്കാണിച്ചു എന്നുമാത്രം.

**20 ഒക്ടോബർ, 2021,**

**മാതൃഭൂമി.**

*നയജാലകം*

# ഊർജോപഭോഗം മാറണം കാഴ്ചപ്പാടുകൾ

ഡോ. സി . ജയരാമൻ

ഊർജസംരക്ഷണത്തിന് പ്രസക്തിയേറുന്നത് അത് ഏറ്റവും എളുപ്പമായ ഒരു പരിഹാരമാർഗമാണ് എന്നതുകൊണ്ടുമാത്രമല്ല. ഉത്പാദനം കുറച്ചുകൊണ്ട്, വിഭവങ്ങളുടെ ഉപഭോഗം കുറച്ചുകൊണ്ട്, ചാക്രിക സാമ്പത്തിക ശാസ്ത്ര ചിന്തകളുടെ ചുവടുപിടിച്ചു കൊണ്ട് സുസ്ഥിര വികസനത്തിനുള്ള പാതകൾ തുറക്കുന്നു എന്നുതുകൊണ്ടു കൂടിയാണ്. ഊർജ കാര്യക്ഷമതാ വർധനയ്ക്കാണ് അടുത്തകാലത്തായി നാം കൂടുതൽ പ്രാധാന്യം കൊടുത്തിരുന്നത്. ഇത് ഊർജച്ചെലവ് കുറയ്ക്കാൻ ഇടയാക്കുകയും തത്ഫലമായി ഉപഭോഗം കൂട്ടുകയും ചെയ്യുന്ന പുതിയ ചില പ്രതിഭാസങ്ങൾക്ക് വഴിതെളിക്കുകയും ചെയ്തു (rebound effect അല്ലെങ്കിൽ Jevons Parado) ഇത് നമ്മുടെ വീടുകളിൽത്തന്നെ കാണാവുന്നതാണ്.

ഒരു മുറിയിൽ ഒരു 100 വാട്ടിന്റെ ബൾബ് ഉപയോഗിച്ചുകൊണ്ടിരുന്ന സമയത്താണ് 40 വാട്ടിന്റെ ട്യൂബ് ലൈറ്റുകൾ ഊർജകാര്യക്ഷമതാ മന്ത്രവുമായി വിപണി കൈയടക്കിയത്. അത് പിന്നെ സി.എഫ്.എൽ.-ലേക്കും എൽ.ഇ.ഡി.-യിലേക്കും പരിണമിച്ചപ്പോൾ ബൾബുകളുടെ എണ്ണം ഇരട്ടിയായി എന്ന് കാണാവുന്നതാണ്. അപ്പോഴും വൈദ്യുതി ബിൽത്തുകയിൽ വർദ്ധനയുണ്ടായില്ല. എങ്കിലും ഈ ബൾബുകൾ നിർമിക്കാനാവശ്യമായ അസംസ്കൃത വസ്തുക്കളും അവ നിർമിക്കാനാവശ്യമായ ഊർജവും വർദ്ധിക്കുകയും അവയുണ്ടാക്കിയ മലിനീകരണ പ്രശ്നങ്ങൾ കണക്കിൽപ്പെടാതെ പോവുകയും ചെയ്തു. മലിനീകരണത്തിൽ ഫ്ളൂറസന്റ് ട്യൂബുകളിലെ മെർക്കുറിയുടെ കൂടെ വൈദ്യുതിയുടെ ഗുണമേന്മയെ ബാധിക്കുന്ന പവർ ഫാക്ടർ, ഹാർമോണിക്ട് എന്നിവയുംപെടും.

കൽക്കരിയുപയോഗിച്ച് ഒരു താപനിലയത്തിൽ വൈദ്യുതി യുണ്ടാക്കിയാൽ ആ താപനിലയത്തിന്റെ കാര്യക്ഷമത 28 മുതൽ 35 ശതമാനം മാത്രമേയുള്ളൂ. എന്നതിനാൽ ഒരു യൂണിറ്റ് പ്രാഥമിക ഊർജ്ജത്തിൽ നിന്ന് നമുക്ക് ലഭിക്കുക 0.35 യൂണിറ്റ് ഊർജം മാത്രമായിരിക്കും. ഈ ഊർജം നീണ്ട പ്രസരണവിതരണ ശൃംഖലയിലൂടെ കടന്നുവന്ന് നമ്മുടെ വീട്ടിലെത്തുമ്പോൾ അതിന്റെ 20 ശതമാനത്തിനടുത്ത് വീണ്ടും നഷ്ടപ്പെടും. ബാക്കിമാത്രമേ ഉപഭോക്താവിനടുത്തെത്തുന്നുള്ളൂ എന്ന് സാരം. അതായത് ഒരു യൂണിറ്റ്

വൈദ്യുതി ഉപയോഗിക്കാതിരിക്കുന്നത് ഏകദേശം നാലുയൂണിറ്റ് പ്രാഥമിക ഊർജം ലഭിക്കുന്നതിനുതുല്യമാണ്.

കേരളത്തിലെ ഒരു കോടിയിലധികം വരുന്ന ഉപഭോക്താക്കൾ എല്ലാദിവസവും 100 വാട്ട് ഊർജം ഒരു മണിക്കൂർ ലാഭിച്ചാൽ അത് 1000 MWh വൈദ്യുതി ഉപഭോഗമോ ഏകദേശം 500 ടൺ കൽക്കരിയോ വേണ്ടെന്നുവെക്കുന്നതിനു തുല്യമാണ്. ഇത് ഒട്ടും വിഷമമുള്ള കാര്യമേയല്ല. രണ്ട് 9 വാട്ട് എൽ.ഇ.ഡി. ബൾബുകൾ അഞ്ചരമണിക്കൂർ ഓഫ് ചെയ്താലോ (കാർ പോർച്ചിലും വരാന്തയിലും ടെറസിലും വീടനു ചുറ്റുമുള്ള ഏതെങ്കിലും രണ്ടുബൾബ്) , രണ്ടു ഫാനുകൾ ഒരുമണിക്കൂർ ഓഫ് ചെയ്താലോ (ഒരു മണിക്കൂർ ഉറക്കം ഫാനില്ലാതെ), ടിവി രണ്ടുമണിക്കൂർ വേണ്ടെന്നുവെച്ചാലോ, എ.സി.-യും മിക്സിയും ആറു മുതൽ പത്തു മിനിറ്റ് പ്രവർത്തിപ്പിക്കാതിരുന്നാലോ ലാഭിക്കുന്നത് ഏകദേശം 100 Wh ഊർജമാണ്. ഇതിൽ ഒന്നെങ്കിലും ഒരു ദിവസം ചെയ്യാമല്ലോ. വെള്ളം കാര്യക്ഷമമായി ഉപയോഗിച്ചു കൊണ്ട് വാട്ടർ പമ്പിന്റെ പ്രവർത്തനം എട്ടു മുതൽ പത്തു മിനിറ്റകുറച്ചു കൊണ്ടും ഇത് സാധിക്കും. ഊർജ സംരക്ഷണം പ്രസക്തമാകുന്നത് അത് ഉത്തരവാദിത്വ പൂർണമായ ജീവിത ലക്ഷ്യങ്ങളിലേക്ക് വഴിതെളിക്കും എന്നതുകൊണ്ടു കൂടിയാണ്.

## കേരളത്തിന് ചില ഹ്രസ്വകാല പരിഹാരമാർഗങ്ങൾ

കേരള സംസ്ഥാനത്ത് ദിവസേന ആവശ്യമുള്ള 71 ദശലക്ഷം യൂണിറ്റ് വൈദ്യുതിയിൽ 34 ദശലക്ഷം യൂണിറ്റ് ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്നതും 37 ദശലക്ഷം യൂണിറ്റ് പുറമേനിന്ന് ലഭിക്കുന്നതുമാണ്. കേന്ദ്ര വൈദ്യുതിനിലയങ്ങളിൽ നിന്നുമായി സംസ്ഥാനത്തിന് ഏകദേശം 2800 മെഗാവാട്ട് വൈദ്യുതി ലഭിക്കേണ്ടതാണ്. ഇതിൽ കുറവുവന്നിട്ടുണ്ട് എന്നതാണ് കെ.എസ്.ഇ.ബി. നേരിടുന്ന ഒരു പ്രതിസന്ധി. ഇപ്പോഴത്തെ സാഹചര്യം കണക്കിലെടുത്ത് വൈകുന്നേരം ആറുമണിമുതൽ രാത്രി 11 മണിവരെയുള്ള ഈവനിങ് പീക്ക് സമയത്ത് വൈദ്യുതി ഉപഭോഗം പരമാവധി കുറയ്ക്കാൻ ഏറ്റവും എളുപ്പവും അഭികാമ്യവുമായ ഒരു മാർഗം അത്യാവശ്യസേവനങ്ങളല്ലാത്ത ഇടങ്ങളിൽ താത്കാലികമായ ലോക്ഡൗൺ ഏർപ്പെടുത്തുക എന്നതാണ്. ഇവർ സ്വന്തമായി ഊർജം ഉത്പാദിപ്പിക്കാൻ കഴിയുന്നവരാണെങ്കിൽ (സൗരോർജം വഴി) ഇളവ് കൊടുക്കാൻ തയ്യാറായാൽ പുതുക്കാനാവുന്ന സ്രോതസ്സുകളുടെ വ്യാപനം വർധിപ്പിക്കാൻ സാധിക്കും. ഇതിന് പ്രധാനതടസ്സം കെ.എസ്.ഇ.ബി. എൽ-ന്റെ ചില നയങ്ങൾ തന്നെയാണ്. കേരളത്തിലെ ഏറ്റവും വലിയ വൈദ്യുതി ധൂർത്ത് കഴിഞ്ഞ കുറേക്കാലമായി ഒരു യൂണിറ്റ് വൈദ്യുതിപോലും

ഉത്പാദിപ്പിക്കാതെ വലിയ തോതിൽ ഉപഭോക്തക്കളുടെ പണത്തിന്റെ പങ്കുകൈപ്പറ്റുന്ന എൻ.ടി.പി.സി.-യുടെ കായംകുളം താപവൈദ്യുതിനിലയമാണ്. ദീർഘവീക്ഷണമില്ലാത്ത പദ്ധതി രൂപവത്കരണത്തിന്റെ ഒരു മകുടോദാഹരണമാണീ പ്ലാന്റ്. അവർക്കു വേണ്ട ഇന്ധനമായ നാഫ്തയ്ക്ക് താത്കാലികമായ ചില സഹായങ്ങൾ/ സബ്സിഡികൾ നൽകാൻ കഴിഞ്ഞാൽ പൊതുജനത്തെ ബുദ്ധിമുട്ടിക്കാതെ താത്കാലിക പരിഹാരം കണ്ടെത്താൻ പറ്റും. പ്രവർത്തിക്കാതെ കിടക്കുന്ന കെ.എസ്.ഇ.ബി.-യുടെ ഡീസൽ പ്ലാന്റുകൾക്കും ഇത് ബാധകമാണ്. കടകൾക്കും കെട്ടിടങ്ങൾക്കും ചുറ്റും കത്തിക്കുന്ന ആഡംബരവെളിച്ചങ്ങൾ നിരോധിച്ചും പീക്സമയത്ത് ഊർജ സംരക്ഷണം നടപ്പാക്കാൻ പൊതുജനത്തോട് അഭ്യർത്ഥിച്ചും സമ്മേളനങ്ങളും ആഘോഷങ്ങളും നിയന്ത്രിച്ചും ഊർജോപഭോഗം കുറയ്ക്കാൻ കഴിയും. നിലവിലെ സാഹചര്യത്തിൽ അണക്കെട്ടുകളിൽ ഉയർന്ന ജലശേഖരമുള്ളതിനാൽ ജലവൈദ്യുത പദ്ധതികളിൽ നിന്ന് കൂടുതൽ അളവിൽ വൈദ്യുതി ഉത്പാദിപ്പിക്കാനും കഴിയും.

**കാഴ്ചപ്പാടുകൾ മാറേണ്ടിയിരിക്കുന്നു**

ഇതിൽ നിന്നെല്ലാം മനസ്സിലാക്കാൻ പറ്റുന്ന ഒരു കാര്യം വൈദ്യുതിക്ഷാമം തത്കാലത്തേക്കെങ്കിലും ഒരു സാങ്കേതിക പ്രശ്നമല്ല എന്നും തീരുമാനങ്ങൾ വേണ്ടരീതിയിൽ, സമൂഹത്തിലെ ഭൂരിപക്ഷത്തിന് പ്രയോജനമായ രീതിയിൽ കൈക്കൊള്ളാനുള്ള തയ്യാറെടുപ്പുകൾ നടത്താതുകൊണ്ടാണെന്നുമാണ്.

ഉത്പാദനം കൂട്ടുക, ഉപഭോഗം നിലനിർത്തുക എന്ന പഴകിയ സാമ്പത്തിക ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലുള്ള നയപരിപാടികളിൽ നിന്ന് മോചിതരായി, ഉപഭോഗവും ഉത്പാദനവും കുറഞ്ഞാലും നിലനിൽക്കാം എന്ന പുത്തൻ ചിന്തകളുടെ (triple bottom line - profit, people, and the planet) അടിസ്ഥാനത്തിൽ യൂട്ടിലിറ്റി കമ്പനികൾ മാറേണ്ടിയിരിക്കുന്നു.

ഊർജമെന്നത് ഒരു പ്രകൃതി വിഭവമാണെന്ന്, സാമൂഹിക സുരക്ഷാ കവചമാണെന്ന് മനസ്സിലാക്കാൻ പറ്റാത്തതുകൊണ്ടുമാത്രമാണ് വൈദ്യുതിയുത്പാദന കമ്പനികളുടെ പ്രതിനിധികൾ, ബദൽമാർഗങ്ങൾ അന്വേഷിക്കുന്ന പ്രകൃതിസ്നേഹികളെ തീവ്രവാദികളാക്കി മാറ്റുന്നത്, പെട്രോളിയം കമ്പനികൾ ഒരു ദയാ ദാക്ഷിണ്യവുമില്ലാതെ വില വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നത്, ഭരണാധികാരികൾ നിസ്സംഗതയോടെ ഇതെല്ലാം നോക്കി നിൽക്കുന്നത്.

**21 ഒക്ടോബർ 2021,**

**മാതൃഭൂമി.**

ഋഋഋഋഋ

*നയജാലകം*

# സമ്പത്ത് വിഴുങ്ങാൻ സ്വകാര്യ സ്രാവുകൾ

എ. കെ. രമേശ്

ഒരു വ്യാഴവട്ടം മുമ്പ്, 2008 സെപ്റ്റംബറിൽ ഒരു സ്വകാര്യ ഇൻഷുറൻസ് കമ്പനിയുടെ ഒരു മുഴുപ്പേജ് പരസ്യം കൊഴുപ്പിച്ച് പറഞ്ഞത്, അമേരിക്കൻ ഇന്റർനാഷണൽ ഗ്രൂപ്പിന്റെ (എ.ഐ.ജി.) കുഴപ്പമൊന്നും തങ്ങളെ ബാധിക്കില്ല എന്നായിരുന്നു.

## തോണി മറിഞ്ഞാൽ

അതുവരെ എ.ഐ.ജി. എന്ന വിദേശകമ്പനിയുടെ കൂട്ടുടമസ്ഥതയുടെ കേമത്തം പാടിനടന്ന ആ കമ്പനിയാണ് ഇങ്ങനെയൊരു തലകീഴ്മറിച്ചിൽ നടത്തിയത്. വെറുതേയായിരുന്നില്ല ആ തകിടംമറിച്ചിൽ. ദിവസങ്ങൾക്കുമുമ്പാണ്, നിക്ഷേപകരുടെ കാശെടുത്ത് വാതുവെപ്പ് നടത്തി ലാഭമുറ്റിയൂറ്റി ഒടുക്കം എ.ഐ.ജി. എന്ന ആ അമേരിക്കൻ ഇൻഷുറൻസ് ഗ്രൂപ്പ് കമ്പനി അത്യഗാധമായ ഒരു പാതാളക്കുഴിയിൽ ചെന്നുപതിച്ചത്. ഒടുക്കം 18,000 കോടി ഡോളറിന്റെ (13.5 ലക്ഷം കോടി രൂപയോളം) സഹായ ധനമാണ് അമേരിക്കൻ ഫെഡറൽ റിസർവിന് അതിനെ കരകയറ്റാനായി ചെലവഴിക്കേണ്ടിവന്നത്. എ.ഐ.ജി.യുടെ തകർച്ച വരുത്തിവെച്ച സംഭ്രാന്തിയിൽപ്പെട്ട തങ്ങളുടെ ഉപഭോക്താക്കളെ ആശ്വസിപ്പിക്കാനാണ് തോണി മറിഞ്ഞാൽ പുറംഭാഗം നല്ലത് എന്ന മട്ടിലുള്ള ഇന്ത്യയിലെ കൂട്ടുകമ്പനിയുടെ അന്നത്തെ പരസ്യം.

## ടൂ ബിഗ് ടു ജെയിൽ

പൊട്ടിപ്പൊളിയാനിരുന്ന ഇൻഷുറൻസ് കമ്പനികളെയും വൻകിട ബാങ്കുകളെയും 2008-ലെ വൻതകർച്ചയിൽ നിന്ന് രക്ഷിക്കാൻ പൊതുമുതൽ ചെലവഴിച്ചതിന് അന്ന് അമേരിക്ക പറഞ്ഞ ന്യായം ടൂ ബിഗ് ടു ഫെയിൽ (അപ്പേരിൽ ഒരു പുസ്തകമെഴുതിയിട്ടുണ്ട് ന്യൂയോർക്ക് ടൈംസിലെ ആൻഡ്രൂ റോസ് സോർക്കിൻ) എന്നായിരുന്നു. എന്നുവെച്ചാൽ ഇമ്മാതിരി വമ്പന്മാർ തകർന്നാൽ അതുവഴി മറ്റു വമ്പന്മാരും വമ്പന്മാരല്ലാത്ത സാധാരണ നിക്ഷേപക വങ്കന്മാരും ഒന്നിച്ച് നിലംപരിശാകുമെന്ന്. അതൊഴി വാക്കാനാണ് ജനങ്ങളുടെ നികുതിപ്പണമെടുത്ത് സ്വകാര്യ മുതലാളിമാരെ നിലവിട്ട് സഹായിച്ചതെന്ന്! (ടൂ ബിഗ് ടു ജെയിൽ എന്ന് അതിനൊരു തിരുത്തുകൊടുത്തത് ബാങ്കോക്രസി എന്ന വിഖ്യാത ഗ്രന്ഥം രചിച്ച എറിക് ടൂസെയ്ൻറ് ആണ്. ക്രിമിനൽ കുറ്റം ചെയ്ത ഭീമൻ

കമ്പനികളെയും അവയുടെ ഉന്നത നേതൃത്വങ്ങളെയും തുറുങ്കിലടയ്ക്കാനാവാത്ത ചങ്ങാത്തമുതലാളിത്തത്തിനെ തുറന്നു കാട്ടാനാണ് ഈ ശൈലീഭേദം).

## അക്കൂട്ടർ ആഹ്ലാദപ്പുളപ്പിൽ

ഇന്നിപ്പോൾ, ഇന്ത്യൻ പാർലമെന്റ് പാസാക്കിയ ഒരു നിയമഭേദഗതി അത്തരം ഭീമൻ കമ്പനികളെ സന്തുഷ്ടരാക്കും. പെരുത്ത് ലാഭമുണ്ടാക്കുന്ന സർക്കാർ സ്ഥാപനങ്ങളായ ജനറൽ ഇൻഷുറൻസ് കമ്പനികളെയാണ് ഒറ്റയടിക്ക് വിഴുങ്ങാൻ കിട്ടുന്നത്. 1972–ൽ പാസാക്കിയ ഒരു നിയമത്തിലൂടെ ജനറൽ ഇൻഷുറൻസ് മേഖല അടക്കിഭരിച്ചിരുന്ന 107 സ്വകാര്യ കമ്പനികളെ സംഭ്രാന്തരാക്കിക്കൊണ്ട് അവയാകെ ദേശസാത്കരിക്കുകയായിരുന്നു കോൺഗ്രസ് സർക്കാർ. കോൺഗ്രസിനേക്കാൾ ശക്തമായി നവലിബറൽ നയങ്ങൾ നടപ്പാക്കുമെന്നേറ്റ് അധികാരത്തിലെത്തിയ ബി.ജെ.പി. സർക്കാർ അതിപ്പോൾ തിരിച്ചിട്ടിരിക്കുകയാണ്.

2021 ഓഗസ്റ്റ് 11–ന്, ചർച്ചകളൊന്നുമനുവദിക്കാത്തതിൽ പ്രതിപക്ഷമാകെ പ്രതിഷേധിക്കുന്നതിനിടയിലാണ് രാജ്യസഭ നിമിഷാർധങ്ങൾക്കകം ഈ ഭേദഗതി ബിൽ ചുട്ടെടുത്തത്. അതോടെ, എ.ഐ.ജി.-യെപ്പോലെ ലാഭാർത്തി പൂണ്ട് എന്തിനും മുതിരുന്ന സ്വന്തം ഉടമസ്ഥനെ നല്ല ലാഭം കിട്ടുമെങ്കിൽ തൂക്കിലേറ്റുകപോലും ചെയ്യുന്ന ബഹുരാഷ്ട്രഭീമന്മാർക്ക് ആ മേഖല അമ്മാനമാടാൻ വിട്ടുകൊടുക്കുകയാണ്.

## ദേശസാത്കരണാനന്തര വിശേഷങ്ങൾ

1972-ലെ ദേശസാത്കരണം ജനറൽ ഇൻഷുറൻസ് മേഖലയിലുണ്ടാക്കിയ കുതിച്ചുചാട്ടം സമാനതകളില്ലാത്തതാണ്. അതുവരെ നഗര കേന്ദ്രിതവും വൻകിട സ്ഥാപനങ്ങളുടെ മാത്രം പരിരക്ഷ ലക്ഷ്യം വെച്ചുള്ളതുമായ ഇൻഷുറൻസ് വ്യവസായം, പൊതുമേഖലയിലായതോടെ, ഗ്രാമങ്ങളിലെ അതിസാധാരണക്കാരായ ദുർബ്ബലജനവിഭാഗങ്ങളുടെ ജീവിതങ്ങളെ നേരിട്ട് സ്പർശിക്കാൻ തുടങ്ങി. 12 രൂപമാത്രം പ്രീമിയമുള്ള ജനതാ പേഴ്സണൽ ആക്സിഡൻറ് ഇൻഷുറൻസും പൗൾട്രി ഇൻഷുറൻസും ഗ്രാമീണ അപകട ഇൻഷുറൻസും യൂണിവേഴ്സൽ ഹെൽത്ത് ഇൻഷുറൻസും പമ്പ്സെറ്റ് ഇൻഷുറൻസുമൊക്കെ അത്തരമൊരു വിഭാഗത്തിനായി രൂപകല്പന ചെയ്ത് വിജയിപ്പിക്കാൻ ജനറൽ ഇൻഷുറൻസ് വ്യവസായത്തിന് കഴിഞ്ഞു.

ലോകമാകെ പൊതുമേഖല ഉപേക്ഷിക്കണമെന്ന്, നവ ലിബറൽ ആശയത്തിനടിപ്പെട്ട അന്താരാഷ്ട്ര സ്ഥാപനങ്ങൾ ആവർത്തിച്ചമർത്തിപ്പറയുന്ന 90-കളുടെ തുടക്കത്തിൽ ആ ഒഴുക്കിനൊത്ത് നീന്താനാണ് അന്നത്തെ ഭരണകക്ഷി തീരുമാനിച്ചത്. നെഹ്രുവിയൻ നയങ്ങളോട് വിടപറഞ്ഞ ഇന്ത്യൻ നാഷണൽ കോൺഗ്രസ് അതിന്റെ

വിദേശനയത്തിലെന്നപോലെ സാമ്പത്തിക നയത്തിലും അമേരിക്കൻ തീട്ടൂരങ്ങൾക്കൊത്ത് വെള്ളം ചേർക്കുകയായിരുന്നു. സ്വാഭാവികമായും 91-ലെ നരസിംഹറാവു സർക്കാർ പൊതുമേഖലയ്ക്കെതിരേയുള്ള പ്രചാരണം കൂടി ഏറ്റെടുത്തു. മൽഹോത്രക്കമ്മിറ്റിയെക്കൊണ്ട് അതിനു കണക്കായി ശുപാർശകൾ എഴുതി വാങ്ങിച്ച ആ സർക്കാരിന്റെ തുടർച്ചയായെത്തിയ വാജ്പേയ് സർക്കാർ തങ്ങളുടെ ദേശസാത്കരണവിരുദ്ധ നിലപാട് ഒന്നുകൂടി കടുപ്പിക്കുകയായിരുന്നു.

തങ്ങളുടെ നയമാണ് കോൺഗ്രസ് അപഹരിച്ചിരിക്കുന്നത് എന്നായിരുന്നല്ലോ ബി.ജെ.പി. പ്രചാരണം. 1999-ൽ രണ്ടുകൂട്ടർക്കും ചേർന്ന് ഐ.ആർ.ഡി.എ. ബിൽ പാസാക്കിയെടുക്കാൻ ഒരു വിഷമവും ഉണ്ടായില്ല. ദേശസാത്കരണത്തിന്റെ സദ്ഫലങ്ങൾ കുറേശ്ശെക്കുറേശ്ശെയായി ഇല്ലായ്മ ചെയ്യുകയായിരുന്നു.

## വാക്കുതെറ്റുന്നു, തെറ്റ് പറയുന്നു

ബജറ്റവതരണവേളയിൽ ധനമന്ത്രി പ്രഖ്യാപിച്ചത് രണ്ടു ബാങ്കുകളും ഒരു ജനറൽ ഇൻഷുറൻസ് കമ്പനിയും സ്വകാര്യവത്കരിക്കുമെന്നാണ്. ഒന്നല്ല നാലാണ് ഒറ്റയടിക്ക് തൂക്കിവിൽക്കുന്നത്. ആ വാക്കുമാറ്റമാണ് ബി.ജെ.പി.-യുടെ സഖ്യകക്ഷികളെത്തന്നെ ബില്ലിനെതിരാക്കിയത്. ഒരസത്യ പ്രസ്താവനകൂടി പാർലമെന്റിൽ ധനമന്ത്രി നടത്തുകയുണ്ടായി. വിദേശ കമ്പനികൾ വന്നതോടെ ഈ മേഖലയിലുണ്ടായ മത്സരം കാരണം പ്രീമിയം നിരക്ക് കുറഞ്ഞുവന്നു എന്നാണത്. എന്നാൽ വസ്തുത എന്താണ്? 1990-ൽ പൊതുമേഖല മാത്രം നിലവിലുണ്ടായിരുന്ന കാലത്ത്, ഒരു സ്കൂട്ടറിന് ഈടാക്കിയ പ്രീമിയം 40 രൂപയായിരുന്നു. സ്വകാര്യമേഖല കടന്നുവന്ന 2000-ൽ അത് 160 ആയി. 2010-ൽ 359 ആയേടത്തുനിന്ന് 2020 എത്തിയപ്പോൾ അത് 752 ആയി കുതിച്ചുയരുകയായിരുന്നു എന്നത് വാഹന ഉടമകളുടെ നേരനുഭവം. ചെറിയ കാറിന് 1990-ലെ പ്രീമിയം 120 രൂപയായിരുന്നു. അതാണ് 2020-ൽ 3221 രൂപയായി വർധിച്ചത്. സ്വകാര്യ കമ്പനികളുടെ വരവ് സാധാരണ ഉപഭോക്താവിന്റെ കീശയെയാണ് കുത്തിച്ചോർത്തിയത്. എന്നാൽ, വൻകിടക്കാർക്കുള്ള ഇൻഷുറൻസിൽ ഒട്ടേറെ വഴിവിട്ട സൗകര്യങ്ങൾ ചെയ്തുകൊടുത്ത് അവയെ ആകർഷിക്കുകയായിരുന്നു സ്വകാര്യമേഖല. അധാർമികവും നിയമവിരുദ്ധവുമായ രീതിയിൽ വഴിവിട്ടമട്ടിലുള്ള മത്സരത്തിനാണ്, തികഞ്ഞ അരാജകത്വത്തിനാണ്, ജനറൽ ഇൻഷുറൻസിലെ സ്വകാര്യപ്രവേശനം വഴിവെച്ചത്.

വൻകിട സ്ഥാപനങ്ങളുടെ ഫയർ ഇൻഷുറൻസിന്റെ പ്രീമിയം നിശ്ചയിക്കുമ്പോൾ, അടിസ്ഥാന പ്രീമിയത്തിന്റെ 100 ശതമാനവും കിഴിവു കൊടുത്ത കേസുകളുണ്ട്. വെള്ളപ്പൊക്കം, കൊടുങ്കാറ്റ്, ഭൂകമ്പം തുടങ്ങിയവയ്ക്കുള്ള അധിക ഇൻഷുറൻസ് തുക മാത്രം ഈടാക്കിക്കൊണ്ടാണ് വൻകിടക്കാരുടെ വലിയ ഇൻഷുറൻസ് പോളിസികൾ പല കമ്പനികളും നൽകിപ്പോരുന്നത്. അതിനിടയിൽ അപ്രത്യക്ഷമാവുന്നത് അതിദുർബ്ബലർക്കായി രൂപകൽപന ചെയ്ത കുടിൽ ഇൻഷുറൻസും തേനീച്ച ഇൻഷുറൻസുമൊക്കെയാണ്. സ്വകാര്യ മേഖലയുടെ കഴുത്തറുപ്പൻ മത്സരത്തിൽ ഓടിയെത്തുന്ന തത്രപ്പാടിൽ ഇത്തരം ലഘുപദ്ധതികൾ ആവിയായിപ്പോവുകയാണ്.

## നഷ്ടം ആർക്ക്?

സ്വകാര്യമേഖലയ്ക്ക് ജനറൽ ഇൻഷുറൻസ് മേഖല പതിച്ചു കൊടുക്കുന്നതോടെ, വർഷാവർഷം ആ പൊതുമേഖലാ സ്ഥാപനങ്ങൾ സർക്കാരിന് നൽകിപ്പോന്ന ലാഭവിഹിതം ഇനി സ്വകാര്യകമ്പനികൾ കീശയിലാക്കും. പൊതുമേഖലാ ഇൻഷുറൻസ് കമ്പനികൾ ദേശപുരോഗതിക്കായി വിവിധ വികസനപദ്ധതികൾക്ക് നീക്കിവെക്കുന്ന അനേകലക്ഷം കോടി രൂപ ഇനി കിട്ടാതാവും.

ഇൻഷുറൻസ് കമ്പനികൾ പഴയതുപോലെ നഗരകേന്ദ്രീകൃതമാവും. ഗ്രാമീണർക്ക് ഈ മേഖല അപ്രാപ്യമാവും. സാമൂഹിക സുരക്ഷാ ഇൻഷുറൻസ് പദ്ധതികൾ അവഗണിക്കപ്പെടും. ക്ലെയിമുകൾ തീർപ്പുകല്പിക്കുന്നത് 50 വർഷം മുമ്പത്തെപ്പോലെ പക്ഷപാതപരമാവും. സുതാര്യത നഷ്ടപ്പെടും. ലാഭമാത്ര പ്രചോദിതമായി പെരുമാറുന്ന സ്വകാര്യ മേഖല ചെറുകിട ഇൻഷുറൻസുകൾ കൈയൊഴിയും. സാധാരണക്കാരുടെ ഇൻഷുറൻസ് പ്രീമിയം കുതിച്ചുകയറും, വാഹനാപകട ഇൻഷുറൻസിന് പരിധി നിശ്ചയിച്ചേക്കും. കടുത്ത കഴുത്തറപ്പൻ മത്സരം ഈ മേഖലയിൽ കടുത്ത അരാജകത്വത്തിനാണ് ഇടവരുത്തുക. എല്ലാത്തിനുമുപരിയായി, അമേരിക്കൻ സാമ്പത്തികത്തകർച്ചക്കാലത്തും അതിനുശേഷവും കണ്ടതുപോലുള്ള വമ്പൻ തിരിമറികളും ഊഹകച്ചവടങ്ങളും നടക്കും. ഉപഭോക്താക്കൾ അടയ്ക്കുന്ന വൻ തുകയുടെ പ്രീമിയം അപ്പടി ആവി യായിപ്പോവും. അതുവഴി കോടിക്കണക്കായ പോളിസി ഉടമകൾ കണ്ണീർ കുടിക്കേണ്ടിവരും. അപ്പോഴും തങ്ങളുടെ കൈ ഒട്ടും പൊള്ളാതെ, 2008 പ്രതിസന്ധികാലത്തെ വമ്പൻ ധനകാര്യ സ്ഥാപനങ്ങളുടെ ഉടമസ്ഥർ ചെയ്തതു പോലെ, ഈ സ്വകാര്യക്കമ്പനി തലവന്മാർ ജനങ്ങളുടെ സമ്പത്ത് സ്വന്തം കീശയിലാക്കും.

അതുകൊണ്ടുതന്നെ ഈ ബിൽ ദേശതാത്പര്യത്തിനെതിരാണ്. ഇൻഷുറൻസ് ജീവനക്കാർക്ക് മാത്രമായി പൊരുതിത്തോൽപ്പിക്കാനാവാത്ത ഈ ജനവിരുദ്ധ ബില്ലിനെതിരേ അതിവിപുലമായ ജനകീയ ഐക്യം വളർന്നുവരുകതന്നെ ചെയ്യും എന്നാണ് ബില്ലവതരണ വേളയിലെ പാർലമെൻറ് ദൃശ്യങ്ങൾ ബോധ്യപ്പെടുത്തുന്നത്. ഭരണകക്ഷി ഒറ്റപ്പെടുക തന്നെയാണ്. അതിന് വഴിയൊരുക്കി എന്നതാവും ഈ ബില്ലിന്റെ സവിശേഷത.

*(എ. കെ. രമേശ്, ബെഫി മുൻ അഖിലേന്ത്യാ പ്രസിഡന്റാണ്)*

**13 ആഗസ്റ്റ് 2021,**

**മാതൃഭൂമി.**

ഒരൊരൊര

നയജാലകം

# CRIMINALISING WELFARE ISSUES

Shraddha Chaudhary

Before the legislature adopts coercive legal measures, a welfare response should be considered

The Supreme Court recently issued notice on a writ petition on the condition that the petition's prayer seeking a direction to "restrain beggars and vagabonds/homeless from begging on traffic junctions, markets and public places to avoid the spread of COVID-19 pandemic in all the States and Union Territories across India" be modified to focus on the rehabilitation of those forced to beg for a living. In doing this,the court rightly observed that being compelled to begwas a socio-economic issue that could not be remedied by directions of the kind originally sought. It required, instead, a welfare response from the state. This order points to the largely ignored nexus between coercive measures and welfare issues, which can be a useful guide to making and implementing criminal law in three ways.

## WHAT SHOULD BE CRIMINALISED?

First, when decisions about criminalisation are being taken by the legislature, an important point of consideration should be whether the issue sought to be addressed might be better suited to a welfare response. Salient, examples of welfare issues against which the coercive force of criminal law has inappropriately been deployed serve to illustrate the point. In holding the criminalisation of beggary under the Bombay Prevention of Begging Act, 1959 (as extended to the NCT of Delhi) unconstitutional, the High Court of Delhi, in *Harsh Mander & Anr. v. Union of India* (2018), had noted that the criminalisation of beggary served *only* to invisibilise beggars without doing anything to address the structural deprivations that drove people to beg.

Similarly, the criminalisation of triple talaq by the Muslim Women (Protection of Rights on Marriage) Act, 2019, purportedly to 'protect' Muslim women, does nothing to address the structural gender inequality, social stigma, poor employment options, and lack of state support which actually cause the deprivations associated with divorce (and not just with triple talaq).

Second, socio-economic marginalisation and poverty may frequently make people susceptible to exploitation, whether through poorly paid/unpaid labour, trafficking and sex work, or indeed, begging. A criminal response to those who seek to take advantage of such vulnerability (but never the vulnerable themselves) might be appropriate, but it would amount to little more than lip service to the predicament of the exploited without accompanying welfare measures. In other words, it is important to ensure that pimps, brothel owners, and traffickers are held criminally liable for sexually exploiting a person. Equally important is to create alternative, well-paying and dignified employment, to make such employment accessible by imparting requisite education and skills, and to have social security nets to ensure that no person feels that sex work is their 'least worst' option. This is essential not only to prevent exploitative practices, but also to rehabilitate those who have been rescued (and/or those who would like an exit option) from such practices. To 'rescue' a sex worker is meaningless unless they have a legitimate way out of such work, an option that is materially (not morally) better for them.

Focusing on the welfare aspect of exploitative practices also sheds light on structural forms of impoverishment, and on who is most likely to be exploited as a result. It is, thus, largely those marginalised and discriminated against based on gender, caste, class and even age who occupy the ranks of beggars, sex workers, bonded labourers, and child labourers. Such a focus also exposes the culpability of the state and society in creating or enabling the vulnerabilities of those prone to exploitation. This recognition is reflected in the apt remarks of the High Court in *Suhail Rashid Bhat v. State of jammu & Kashmir and Others* (2019), "Begging is also in fact evidence of the failure of the Government as well as the society at large to protect its citizens from debilitating effects of extreme poverty and to ensure to them basics of food,

clothing, shelter, health, education, essential concomitants of the right to life ensured under Article 21 of the Constitution of India."

## CRIMINAL LAW FOR WHOM?

Finally, when evaluating the function or necessity of a criminalisation response to something that is essentially or even partly a welfare issue, it is crucial to question whose interests the law does, in fact, serve. Does it help the vulnerable and/ or the exploited, or is it a tool of persecution? Does it cater to the morality and sensibilities of the powerful? Does it hide the failures of the state? Or is it a quick fix that allows the government to abdicate and divert attention away from its welfare responsibilities? Only by following these interests can we, as citizens, hope to hold the state accountable in its use of the power to criminalise conduct.

*(Shraddha Chaudhary is Lecturer, Jindal Global Law School, Sonepat and a Ph.D Candidate (Law) at the University of Cambridge)*

**3 August, 2021,**

**The Hindu.**

# Make the mental well-being of teachers a priority

Kishore Darak & Tasneem Raja

> It is very important first step in addressing the mental health and well-being of children scarred by the pandemic

It is now clear that COVID-19 caught us all by surprise. The school education sector in India too struggled during the novel coronavirus pandemic. While online learning for children has had its fair share of challenges, including Iearning loss, fatigue from online /learning to mental stress, there is another group that faced severe adversity - a group that has not been adequately considered in the general discourse - our teachers, who too struggled with meaningful pedagogies embedded in digital platforms. The pandemic- induced conditions posed several challenges which largely remained unnoticed.

## THE TWO SIDES

India has an estimated nine million teachers, but they are not a homogeneous group in India. There are extremes: those working in schools under the Union government with better qualifications, working conditions, salaries and systemic protection to those in /low-fee private schools with abysmally low salaries, poor working conditions and no systemic protection. Those in medium range, urban private schools faced a new type of 'bullying' by being under constant 'watch' of parents who pointed out even the tiniest mistakes, including variety in pronunciation in online classes. In addition to this,

under COVID-19 duty, their deployment in undertaking door-to-door COVID-19 survey, distributing immunity booster tablets, policing inter- and intra-district check-posts, managing queues outside fair price shops, keeping records in COVID-19 care facilities and, at times, disciplining queues outside liquor shops led them to a sense of 'loss of identity'.

This peculiar situation, juxta-posed with media reports suggesting that 'teachers drew salary without any work' led to much mental turmoil, a lowering of the self-image and self-respect. Teachers were also under constant pressure to submit records of efforts made to keep learning 'alive'.

These efforts could neither be fully verified nor could their effectiveness be gauged. One of the main pain-points for teachers during the pandemic was a total cut-off from contact with children during the initial months and during and after the second wave.

## NOT JUST A PROFESSION

For many teachers, teaching is not just a profession but also the most rewarding work as interacting with young children and adolescents brings with it great pleasure and joy. Mental stress due to being cut-off from children fuelled by societal perception of the salary of teachers being a great burden led to some innovative responses from teachers to mitigate their own stress and pressure. For example, at Akole (Ahmednagar, Maharashtra), teachers started a COVID-19 care facility which is operational till date, with more than 650 patients cured and returning home. Such work, according to Bhausaheb Chaskar, a Zilla Parishad teacher and Convener of Active Teachers' Forum Maharashtra, is helping teachers rebuild their image under assault by vested interests and is also bringing a lot of so-lace, mental peace and meaningfulness to the community of teachers.

But, it is now increasingly clear that our children face a crisis in terms of their mental health and well-being. The silent pandemic of mental ill-health in adolescents and young people was brought to the fore globally by the pandemic. Teachers, as primary caregivers to children, influence the emotional environment of a classroom as well as the emotional and behavioural well-being of those in their care. The teacher's ability to navigate this responsibility is significantly shaped by their own mental health and well-being

**NEED FOR DESTIG MATISATION**

